# Chapter - 1
# മധ്യകാല ഇന്ത്യ : അധികാരകേന്ദ്രങ്ങൾ

**ആക്ടിവിറ്റി-1**
1.ഡൽയിലെ ചരിത്ര സ്മാരകങ്ങളുടെ വീഡിയോ നിരീക്ഷണം-ചർച്ച
2.-ഡൽഹയുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾ വിവരിക്കുന്ന വീഡിയോ നീരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
ഡൽഹിലെ ഭൂമിശാസ്ത്ര സവിശേഷതകൾ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
ഡൽഹിയുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾ-
**സാമഗ്രികൾ**
ഡൽഹിയിലെ ചരിത്ര സ്മാരകങ്ങളുടെ വീഡിയോ ഡൽഹിയുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾ വിവരിക്കുന്ന വീഡിയോ

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>**പ്രവർത്തന ഘട്ടം 1**</u><br>ഡൽഹിയിലെ ചരിത്ര സ്മാരകങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി Resorceൽ കൊടുത്തിരിക്കുന്ന വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br>യമുനാനദിയുടെ ഉതിഭവവും ഒഴുകുന്ന പ്രദേശങ്ങളും കാണിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.<br><u>**ചർച്ചാ -സൂചകങ്ങൾ**</u><br>ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി ഏത്?<br>യമുനാ നദിയുടെ ഉത്ഭവ സ്ഥാനം എവിടെ?<br>യമുനാ നദിയുടെ തീരത്തുള്ള പ്രധാന പട്ടണം ഏത്?<br>ഡൽഹിയിലെ പ്രധാന സ്മാരകങ്ങൾ ഏതെല്ലാം?<br><u>**ക്രോഡീകരണം**</u><br>ഗംഗാ നദി<br>ഉത്തരാഖണ്ഡിലെ യമുനോത്രി<br>ഡൽഹി<br>കുത്തബ്മിനാർ,മെഹ്റൂളിയിലെ ഇരുമ്പു സ്തഭം,ജുമാ മസ്ജിദ്,ചെങ്കോട്ട,ഇന്ത്യ ഗേറ്റ്<br><u>**പ്രവർത്തന ഘട്ടം 2**</u><br>യമുനനദി ആരവല്ലി പർവ്വതനിരകൾ ഉൾപ്പെടുന്ന ഉത്തരേന്ത്യയുടെ അനിമേറ്റഡ് വീഡിയോ പ്രദർശിപ്പിക്കുന്നു.<br>ഡൽഹിയുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾ വിവരിക്കുന്ന വീഡിയോ നീരീക്ഷണം.ഇതിനായി Resorce1 കൊടുത്തിരിക്കുന്ന വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br>തുടർന്ന് ചർച്ച.<br><br><u>**ചർച്ചാ സൂചകങ്ങൾ**</u><br>എവിടെയാണ് ഡൽഹി സ്ഥിതിച്ചെയ്യുന്നത്?<br>സിന്ധു-ഗംഗാ സമതലം എങ്ങനെയാണ് ഡൽഹിയെ സ്വാധീനിക്കുന്നത്?<br>ആരവല്ലി പർവ്വതം എങ്ങനെയെല്ലാം ഡൽഹിയെ സ്വാധീനിക്കുന്നു.?<br>യമുനാ നദി എങ്ങനെയെല്ലാം ഡൽഹിയെ സ്വാധീനിക്കുന്നു.?<br><u>**ക്രോഡീകരണം**</u><br>സിന്ധു ഗംഗാ സമതലം<br>സിന്ധു ഗംഗാ സമതലത്തില പ്രദേശത്തെ ഫലഭൂയിഷ്ഠത കാർഷിക പുരോഗതിക്ക് സഹായകമായി | |

| | |
|---|---|
| ആരവല്ലി പർവ്വതനിരകൾ ശത്രുക്കളുടെ ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ ഡൽഹിയെ സഹായിച്ചു. ഇവിടുത്തെ പാറക്കൂട്ടങ്ങളിൽ നിന്ന് കോട്ടകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ കല്ലുകൾ ശേഖരിക്കുവാൻ കഴിഞ്ഞു.<br>യമുനാ നദി ജല ഗതാഗതത്തെ സഹായിച്ചു.<br>ഡൽഹിക്കാവശ്യമായ ജലം ഉറപ്പുവരുത്തി | |

**ആക്ടിവിറ്റി-2**

1.ഡൽഹിയിലെ ആദ്യകാല ഭരണാധികാരികളുടെചിത്ര ആൽബ നിരീക്ഷണം-ചർച്ച
2.സൽത്തനത്ത് ഭരണാധികാരികളുടെ നറേറ്റീവ് വീഡിയോ -ഫ്ലോളോ അവതരണംചാർട്ട് അവതരണം-പട്ടികപ്പെടുത്തൽ
3.ഇൽത്ത്മിഷിന്റ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 10 ലെ ഭൂപടം 1.2) നിരീക്ഷണം-ചർച്ച.
4.അലവുദ്ദീൻ ഖൽജിയുടെ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 11 ലെ ഭൂപടം 1.3) നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
5.മുഹമ്മദ് ബിൻ തുഗ്ലക്ക് കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 11 ലെ ഭൂപടം 1.4) നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
6.പാനിപ്പറ്റ് യുദ്ധത്തിന്റെ വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
7.മുഗൾ ഭരണാധികാരികളുടെ ഫ്ലോളോ ചാർട്ട് നിരീക്ഷിച്ച് പദസൂര്യൻ തയ്യാറാക്കൽ
8.പാഠഭാഗത്തിലെ(പേജ് 13) വായനാകറിപ്പ് -മൻസബ്ദാരി സമ്പ്രദായം-സ്ലൈഡ് നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
9.അക്ബറുടെ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 13 ലെ ഭൂപടം 1.5) നിരീക്ഷണം-പട്ടികപ്പെടുത്തൽ
10.ഔറംഗസേബിന്റെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 14 ലെ ഭൂപടം 1.6) നിരീക്ഷണം- പട്ടികപ്പെടുത്തൽ

**പ്രവർത്തനത്തിന്റെ പേര്**

സൽത്താനത്ത് ഭരണം

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

സൽത്തനത്ത് രാജവംശം-സൽത്തനത്ത് ഭരണത്തിന്റെ വ്യാപനം

**സാമഗ്രികൾ**

ചിത്ര ആൽബം വീഡിയോ മധ്യകാല ഇന്ത്യയുടെ ഡിജിറ്റൽൽ ഭൂപടം

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>ഡൽയിലെ ആദ്യകാല ഭരണാധികാരികളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി Resorce0 കൊടുത്തിരിക്കുന്ന ചിത്ര ആൽബം ഉപയോഗിക്കാവുന്നതാണ്. തുടർന്ന് അധ്യാപിക താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.<br>ഡൽഹിയുടെ ആദ്യകാലത്തെ പേര് എന്തായിരുന്നു.?<br>ഡൽഹി അധികാര കേന്ദ്രമാക്കിയ ആദ്യ രാജവംശം ഏതായിരുന്നു?<br>തൊമര രാജവംശത്തിനുശേഷം ഡൽഹിയിൽ അധികാരമേറ്റ രാജവംശം ഏതായിരുന്നു?<br>ചൗഹാൻ രാജവംശത്തിലെ അവസാന ഭരണാധികാരി അരായിരുന്നു?<br>ഡൽഹി പിടിച്ചെടുത്ത് അധികാരം സ്ഥാപിച്ച ഘോറിലെ ഭരണാധികാരി ആരായിരുന്നു?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>ദില്ലിക<br>തൊമര രാജവംശം<br>ചൗഹാൻ രാജവംശം<br>പൃഥ്വിരാജ് ചൗഹാൻ<br>ഘോറിലെ മുഹമ്മദ്<br>**<u>ക്രോഡീകരണം</u>** | |

ഘോറിലെ മുഹമ്മദിനു ശേഷം അദ്ദേഹത്തിന്റെ സേനാനായകനായിരുന്ന കുത്ബുദ്ദീൻ ഐബക്ക് സി.ഇ.1206 ൽ ഡൽഹി കേന്ദ്രമാക്കി ഭരണം ആരംഭിച്ചു.അദ്ദേഹത്തിന്റെ രാജവംശം മംലൂക്ക് വംശം(അടിമ വംശം) എന്നറിയപ്പെടുന്നു.മംലൂക്ക് വംശത്തെ തുടർന്ന് വെറെ നാലു രാജവംശങ്ങൾ സി.ഇ 1526 വരെ ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തി.സി.ഇ1206 മുതൽ സി.ഇ 1526 വരെ ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയവർ സുൽത്താൻമാർ എന്നും ഈ കാലം സൽത്തനത്ത് കാലം എന്നും അറിയപ്പെടുന്നു.

**പ്രവർത്തന ഘട്ടം 2**

സൽത്തനത്ത് ഭരണാധികാരികളുടെ നറേറ്റവ് വീഡിയോ -ഫ്ലോളോ അവതരണം.ചാർട്ട് അവതരണം-പട്ടികപ്പെടുത്തൽ

| **സൽത്തനത്ത് രാജവംശങ്ങൾ** | **പ്രധാന ഭരണാധികാരികൾ** |
|---|---|
| മംലൂക്ക് വംശം | കുത്ബുദ്ദീൻ ഐബക്ക്,ഇൽത്ത്മിഷ്,ബാൽബൻ |
| ................. | ............. |
| ............... | ............................. |
| ......................... | ................ |
| ............... | .............. |

**പ്രവർത്തന ഘട്ടം 3**

ഇൽത്ത്മിഷിന്റ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 10 ലെ ഭൂപടം 1.2) നിരീക്ഷണം-ചർച്ച.
തുടർന്ന് അധ്യാപിക താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.
ഇൽത്ത്മിഷിന്റെ അധീനതയിലുണ്ടായിരുന്ന ഭൂ പ്രദേശങ്ങൾ ഏതെല്ലാം?
ഇതി ൽ ഇന്നത്തെ ഇന്ത്യയുടെ ഭാഗങ്ങൾ അല്ലാത്ത ഭൂപ്രദേശങ്ങൾ ഏവ?
കുട്ടികൾ പ്രതികരിക്കുന്നു.
മുൾട്ടാൻ,ലാഹോർ,ബംഗാൾ
മുൾട്ടാൻ,ലഹോർ
തുടർന്ന് തങ്ക,ജിതൽ എന്നീ നാണയങ്ങളുടെ ഇമേജ് അധ്യാപിക എെ.സി.റ്റി ഉപയോഗപ്പെടുത്തി പ്രദർശിപ്പിക്കുന്നു.ഈ നാണയങ്ങളായിരുന്നു ഇൽത്തുമിഷ് തന്റെ അധീനതയിലുണ്ടായിരുന്ന ഭൂ പ്രദേശങ്ങളിൽ നടപ്പിലാക്കിയത് എന്ന രീതിയിൽ ക്രോഡീകരിക്കുന്നു.

വിലയിരുത്തൽ

രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തിയത് വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം

**പ്രവർത്തന ഘട്ടം 4**

അലവുദ്ദീൻ ഖൽജിയുടെ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 11 ലെ ഭൂപടം 1.3) നിരീക്ഷണം-ചർച്ച
തുടർന്ന് അധ്യാപിക താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.
ഭൂപടത്തിൽ ഗുജറാത്തിന്റെ സ്ഥാനം എവിടെയാണ്?
ഗുജറാത്തിന്റെ ഭൂമിശാസ്ത്ര പ്രത്യകതകൾ എന്തെല്ലാം?
കുട്ടികൾ പ്രതികരിക്കുന്നു.
ഇന്ത്യയുടെ പടിഞ്ഞറു ഭാഗത്ത് അറബി കടലിനോട് ചേർന്ന് നീണ്ട സമുദ്ര തീരവും ധാരാളംതുറമുഖങ്ങളും ഗുജറാത്തിന്റെ പ്രത്യേകതകൾ ആണ്.
മേൽ പറഞ്ഞരിക്കുന്ന പ്രത്യേകതകളാണ് ഗുജറാത്ത് കീഴടക്കാൻ അലവുദ്ദീൻ ഖൽജിയെ പ്രേരിപ്പച്ചതെന്നും ഇതിലൂടെ തെക്കേ ഇന്ത്യയിലും പടിഞ്ഞറെ ഇന്ത്യയിലും തന്റെ ആധിപത്യം ഉറപ്പിക്കാൻ അലവുദ്ദീൻ ഖൽജിക്ക് കഴിഞ്ഞുവെന്നും എന്ന രീതിയിൽ ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

അലവുദ്ദീൻ ഖൽജിഗുജറാത്ത് കീഴടക്കിയതിലൂടെ ഇറാക്കിൽ നിന്ന് മികച്ചയിനം കുതിരകളെ ഇവിടുത്തെ തുറമുഖങ്ങൾ വഴി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു.ഇത് അദ്ദഹത്തിന്റെ സൈന്യത്തെ ശക്തിപ്പെടുത്തി. ഈ സൈന്യത്തിന്റ സഹായത്തോടെ തെക്കേ ഇന്ത്യയിലും പടിഞ്ഞാറെ

| | |
|---|---|
| ഇന്ത്യയിലും തന്റെ ആധിപത്യം ഉറപ്പിക്കാൻ അലാവുദ്ദീൻ ഖൽജിക്ക് കഴിഞ്ഞു.<br>**പ്രവർത്തന ഘട്ടം 5**<br>മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലത്തെ ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം(ടെക്സ്റ്റ് ബുക്ക് പേജ് 11 ലെ ഭൂപടം 1.4) നിരീക്ഷണം-ചർച്ച തുടർന്ന് അധ്യാപിക താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.<br>ഭൂപടത്തിൽ ദൗലത്താബാദിന്റെ സ്ഥാനം എവിടെയാണ്?<br>**ഇന്ത്യയുടെ മധ്യഭാഗത്ത്** എന്ന് കുട്ടികൾ പ്രതികരിക്കുന്നു.<br>എന്തുകൊണ്ടായിരിക്കാം മുഹമ്മദ്ബിൻതുഗ്ലക്കിനെ തലസ്ഥാനം ദൗലത്താബാദിലേക്ക് മാറ്റാൻ പ്രേരിപ്പിച്ചത്?<br>ഈ ചോദ്യം ഉന്നയിച്ചുകൊണ്ട് അധ്യാപിക ചർച്ച നയിക്കുന്നു.<br>**ക്രോഡീകരണം**<br>തലസ്ഥാനം ദൗലത്താബാദിലേക്ക് മാറ്റുന്നതു വഴി എല്ലാ പ്രദേശങ്ങളേയും നിയന്ത്രിക്കാൻ കഴിയുമെന്ന് മുഹമ്മദ് ബിൻ തുഗ്ലക്ക് കരുതി.<br>എന്നാൽ തലസ്ഥാന മാറ്റം ഫലപ്രദമല്ലെന്ന് മനസ്സിലാക്കിയതിനെ തുടർന്ന് ഈ തീരുമാനം പിൻവലിച്ചു. | |

**ആക്ടിവിറ്റി-3**
1.ചോളന്മാരുടെ കാലത്തെ ഇന്ത്യയുടെഡിജിറ്റൽ ഭൂപടം സ്ലൈഡ് നിരീക്ഷണം-ചർച്ച കുറിപ്പ് തയ്യാറാക്കൽ
2.പാഠഭാഗത്തിലെ (പേജ് 15) അബ്ദുൾ റസാക്കിന്റെ യാത്രാ വിവരണം സ്ലൈഡായി അവതരിപ്പിക്കുന്നു.-ചർച്ച
3.റെയ്ച്ചൂർ കോട്ടയുടെവീഡിയോ നിരീക്ഷണം-ഗൂഗിൾ മാപ്പ് നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
4.പാഠഭാഗത്തിലെ ഭൂപടം 1.6 (പേജ് 16) സ്ലൈഡ് നിരീക്ഷണംചർച്ച-കുറിപ്പ് തയ്യാറാക്കൽ
5.രാഷ്ട്രയശക്തിയാവാൻ മറാത്തകളെ സഹായിച്ച ഘടകങ്ങൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
ദക്ഷിണ പശ്ചിമേന്ത്യൻ രാജവംശങ്ങൾ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
ചോള-വിജയനഗര-ബാഹ്മിനി-മറാത്ത രാജ്യങ്ങൾ
**സാമഗ്രികൾ**
സ്ലൈഡുകൾ വീഡിയോ മധ്യകാല ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം
**വിലയിരുത്തൽ**
വിജയനഗരാജ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
റെയ്ച്ചൂറിന്റെ ഭൂമിശാസ്ത്ര പ്രത്യകതകൾ എന്തെല്ലാം?
മറാത്ത രാജ്യത്തിന്റെ വളർച്ചയെ സ്വാധീനിച്ച ഘടകങ്ങൾ ഏതെല്ലാം?

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ചോള ഭരണകാലത്തെ നിർമ്മിതികളെ കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുന്നു.ഇതിനായി ചോളഭരണകാലത്തെ ഭരാണാധികാരികളുടെയും സ്മാരകങ്ങളുടെയും ചിത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്.<br>തുടർന്ന് അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു.<br>ചിത്രത്തിലെ സ്മാരകങ്ങൾ ഏതെല്ലാം?<br>പ്രധാന ചോള ഭരണാധികാരികൾ ആരെല്ലാമായിരുന്നു?<br>കുട്ടികളുടെ പ്രതികരണത്തിനു ശേഷം പാഠഭാഗത്തിലെ ഭൂപടം ഐ.സി.റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രദർശിപ്പിക്കുന്നു<br>ഭൂപട നിരീക്ഷണത്തിനുശേഷം ചാർട്ട് തയ്യാറാക്കുന്നു.<br>**സൂചകം** | |

| | |
|---|---|
| ഇന്ത്യക്ക് പുറത്ത് ചോളൻമാരുടെ സ്വാധീനം വ്യാപിച്ച രാജ്യങ്ങൾ കണ്ടെത്തുക?<br>എന്തുകൊണ്ടായിരിക്കാം ഈ രാജ്യങ്ങളിലേക്ക് ചോളൻമാരുടെ സ്വാധീനം വ്യാപിച്ചത്?<br>**<u>ക്രോഡീകരണം</u>**<br>ശ്രീലങ്ക,മലേഷ്യ,ഇന്തോനേഷ്യൻ ദ്വീപുകൾ<br>ഇന്ത്യയുടെ തെക്ക് കിഴക്കൻ തീര പ്രദേശങ്ങളോടു ചേർന്ന പ്രദേശങ്ങളിലായിരുന്നു ചോള സാമ്രാജ്യം ശക്തി പ്രാപിച്ചത്. അതുകൊണ്ട് അവർക്ക് ശക്തമായ ഒരുനാവിക സേന ഉണ്ടായിരുന്നു. ഈ നാവികസേനയെ ഉപയോഗപ്പെടുത്തി മറ്റ് രാജ്യങ്ങളിലേക്ക് ചോളൻമാരുടെ സ്വാധീനം വ്യാപിപിച്ചു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>പാഠഭാഗത്തിലെ (പേജ് 15) അബ്ദുർ റസാക്കിന്റെ യാത്രാ വിവരണം സ്ലൈഡായി അവതരിപ്പിക്കുന്നു.-ചർച്ച<br>**<u>സൂചകം</u>**<br>എന്തെല്ലാം കാര്യങ്ങളാണ് യാത്രാ വിവരണത്തിൽ പറഞ്ഞിരിക്കുന്നത്.?<br>**<u>ക്രോഡീകരണം</u>**<br>വിജയനഗരനാജ്യത്തിൽ ധാരാളം തുറമുഖങ്ങൾ ഉണ്ടായിരുന്നു. അതിവിശാലമായ ഭൂപ്രദേശമായിരുന്നു വിജയനഗരരാജ്യം<br>വിജയനഗര രാജ്യത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ഫലഭൂയിഷ്ഠവും പതിവായി കൃഷിയറക്കുന്നതുമായിരുന്നു.<br>വിജയനഗര രാജ്യത്തിന് ശക്തമായ സൈന്യം ഉണ്ടായികുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 3</u>**<br>റെയ്ചൂറിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകളെ കുറിച്ച് ക്ലാസ്സിൽ ചർച്ച-ഇതിനായി റെയ്ചൂർ കോട്ടയുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. തുടർന്ന് കൃഷ്ണ തുംഗഭദ്ര നദികളുടെ സ്ഥാനം ഗൂഗിൾ മാപ്പിന്റെ സഹയത്തോടു കൂടി നിരീക്ഷിക്കുന്നു.-ചർച്ച<br>**<u>സൂചകങ്ങൾ</u>**<br>റെയ്ചൂറിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകൾ<br>റെയ്ചൂർ പ്രദേശം ഇന്ന് ഏത് സംസ്ഥാനത്തിന്റെ ഭാഗമാണ്?<br>**<u>ക്രോഡീകരണം</u>**<br>കൃഷ്ണ തുംഗഭദ്ര നദികൾക്കിടയിലുള്ള ഭൂപ്രദേശമാണ് റയ്ചൂർ<br>ഈ പ്രദേശം വളരെയധികം ഫലഭൂയിഷ്ഠിയുള്ളതായിരുന്നു<br>ദക്ഷിണേന്ത്യയുടെ നെല്ലറ എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്.<br>റെയ്ചൂർ പ്രദേശം ഇന്ന് കർണാടക സംസ്ഥാനത്തിലാണ് സ്ഥിതി ചെയ്യുന്നത്<br>ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കാൻ വിജയ നഗര ഭരണാധികാരികളും ബാഹ്മിനി രാജാക്കന്മാരും തമ്മിൽ നിരന്തരം യുദ്ധങ്ങൾ നടത്തിയിരുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം<br>**<u>പ്രവർത്തന ഘട്ടം 4</u>** | |

| | |
|---|---|
| പാഠഭാഗത്തിലെ ഭൂപടം 1.6 (പേജ് 16) സ്ലൈഡായി അവതരിപ്പിക്കുന്നു.-ചർച്ച<br>**<u>സൂചകം</u>**<br>മറാത്ത രാജ്യത്തിന്റെ ഭൂമിശാസ്ത്ര സവിശേഷതകൾ<br>**<u>ക്രോഡീകരണം</u>**<br>ഇന്ത്യയുടെ പശ്ചിമ തീരത്ത് ശക്തി പ്രാപിച്ച പ്രബലശക്തി വിന്ധ്യ-സത്പുര പർവ്വതങ്ങളും നർമ്മദ-താപ്തി നദികളും മറാത്ത പ്രദേശത്തെ സമീപപ്രദേശങ്ങളിൽ നിന്നും വേർതിരിച്ചു ഇത് മറാത്ത പ്രദേശത്തിന് പ്രകൃതിദത്തമായ സംരക്ഷണം നൽകി.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 5</u>**<br>മറാത്ത ഭരണാധികാരിയായിരുന്ന ശിവജിയുടെ ചിത്രം നിരീക്ഷിക്കുന്നു.<br>ചിത്രത്തിലെ വ്യക്തിയെ തിരിച്ചറിയുന്നുണ്ടോ?ആരാണ് ഈ വ്യക്തി?<br>കുട്ടികളുടെ പ്രതികരണത്തിനുശേഷം ചർച്ച-<br>**<u>സൂചകം</u>**<br>പ്രബല രാഷ്ട്രയശക്തിയാവാൻ മറാത്തകളെ സഹായിച്ച ഘടകങ്ങൾ<br>മറാത്തി ഭാഷയും സാഹിത്യവും<br>ശക്തമായ നാവിക സേനയും കരസേനയും<br>മറാത്തകളുടെ ആസ്ഥാനം പൂനെ ആയിരുന്നു.<br>**<u>ക്രോഡീകരണം</u>**<br>ഭൂമിശാസ്ത്ര സവിശേഷതകൾ മറാത്തവരുടെ വളർച്ചയെ സ്വാധീനിച്ചു.<br>മറാത്തി ഭാഷയും സാഹിത്യവും ജനങ്ങളിൽ ഐക്യബോധം വളർത്തി.<br>നർമ്മദ താപ്തി നദികളും, വിന്ധ്യസത് പുര പർവ്വതങ്ങളും മറാത്ത പ്രദേശത്തെ മറ്റ് ഭാഗങ്ങളിൽ നിന്നും വേർതിരിച്ചു.<br><br>**തുടർപ്രവർത്തനങ്ങൾ**<br>തമിഴ് സിനിമകളുടെ പ്രധാന റിലീസ് കേന്ദ്രങ്ങളിലൊന്നാണ് തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ. കാരണം കണ്ടെത്തൂ. | |

**Chapter - 2**
**മധ്യകാല ഇന്ത്യ : സമൂഹം വിഭവം വിനിമയം**

**ആക്ടിവിറ്റി-1**
1.ചരിത്ര മ്യൂസിയത്തിന്റെ വീഡിയോ നിരീക്ഷണം -ചർച്ച
2.ബാബറുടെ യാത്ര വിവരണസ്ലൈഡ് നിരീക്ഷണം -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
യാത്രാവിവരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയൽ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
ഇന്ത്യയുടും പുറം ലോകവുമായുള്ള ബന്ധങ്ങൾ
**സാമഗ്രികൾ**
ചരിത്ര മ്യൂസിയത്തിന്റെ വീഡിയോ,ബാബറുടെ യാത്ര വിവരണസ്ലൈഡ്

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ചരിത്ര മ്യൂസിയത്തിന്റെ വീഡിയോ നിരീക്ഷണം -ചർച്ച<br>**ചർച്ചാ സൂചകം**<br>എന്തെല്ലാമാണ് മ്യൂസിയത്തിൽ ഉള്ളത്?<br>എന്തുകൊണ്ടാണ് അവ സംരക്ഷിക്കപ്പെടുന്നത്?<br>**ക്രോഡീകരണം**<br>കഴിഞ്ഞകാലങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന വസ്തുക്കളോ അവയുടെ ശേഷിപ്പുകളോ ആണ് അവിടെ സൂക്ഷിക്കുന്നത്.(പുസ്തകങ്ങൾ,പഴയകാല നാണയങ്ങൾ,താളിയോലകൾ,ശിലാലിഖിതങ്ങൾ,സഞ്ചാരക്കുറിപ്പുകൾ)<br>കഴിഞ്ഞകാലത്തെ മനുഷ്യരുടെ ജീവിതത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്നതുകൊണ്ട്.<br>**പ്രവർത്തന ഘട്ടം 2**<br>തുടർന്ന് ചരിത്രസ്രോതസ് എന്ന നിലയിൽ യാത്രാവിവരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി ബാബർ നാമയിൽ നിന്നുള്ള ഭാഗം സ്ക്രീൻഷോട്ടായി അവതരിപ്പിക്കുന്നു.-ചർച്ച<br>**ചർച്ചാ സൂചകം**<br>എന്തിനെ കുറിച്ചാണ് യാത്രാവിവരണത്തിൽ പ്രതിപാദിക്കുന്നത്?<br>സഞ്ചാരികളെ മധ്യകാല ഇന്ത്യയിലേക്ക് ആകർഷിക്കാനിടയാക്കിയ ഘടകങ്ങൾ എന്തെല്ലാം?<br>**ക്രോഡീകരണം**<br>ഇന്ത്യയിലെ ഭൂമിശാസ്ത്ര വൈവിധ്യങ്ങളും ജീവജാലങ്ങളിലെ വൈവിധ്യങ്ങളും<br>ഇന്ത്യയിലെ വൈവിധ്യങ്ങളും വിഭവങ്ങളുമാണ് സഞ്ചാരികളെ മധ്യകാല ഇന്ത്യയിലേക്ക് ആകർഷിക്കാനിടയാക്കിയ ഘടകങ്ങൾ .<br>തുടർന്ന് അധ്യാപികയുടെ ഇടപെടലിലൂടെ, സഞ്ചാരക്കുറിപ്പു പോലെയുള്ള ചരിത്ര സ്രോതസ്സുകൾ അക്കാലത്തെ സാമൂഹിക സാമ്പത്തികാവസ്ഥ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു എന്ന ധാരണ കുട്ടികളിൽ ഉറപ്പിക്കുന്നു. | |

**ആക്ടിവിറ്റി-2**
1.യാത്രാവിവരണങ്ങളുടെ സ്ലൈഡ് നിരീക്ഷണം-അൽ-ബറൂനി -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.പാഠഭാഗ കുറിപ്പ് നിരീക്ഷണം-ചർച്ച
3.ചിത്ര ആൽബം നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
4.യാത്രാവിവരണങ്ങളുടെ സ്ലൈഡ് നിരീക്ഷണം-ടവർണിയർ -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
മധ്യകാല ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക ജീവിതം വിശദീകരിക്കൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഇന്ത്യ-ജനജീവിതം- സഞ്ചാരികളുടെ ദൃഷ്ടിയിലൂടെ
അൽബറൂണി,ബർണിയർ,ഇബ്നുബത്തൂത്ത,നിക്കോള കോണ്ടി,റാൽഫ് ഫിച്ച്,ടവർണിയർ

**സാമഗ്രികൾ**

യാത്രാ വിവരണങ്ങളുടെ സ്ലൈഡ്, ചിത്ര ആൽബം ,പാഠഭാഗത്തിന്റെ സ്ലൈഡ്.

**വിലയിരുത്തൽ**

മധ്യകാല ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക ജീവിതം-കുറിപ്പ്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| <u>**പ്രവർത്തന ഘട്ടം 1**</u><br>പാഠപുസ്തകത്തിലെ അൽ-ബറൂനിയുടെ യാത്രാവിവരണം സ്ലൈഡായി അവതരിപ്പിക്കുന്നു. ചർച്ച.<br><u>**ചർച്ചാ സൂചകം**</u><br>ഏതെല്ലാം തൊഴിലുകളെ കുറിച്ചാണ് യാത്രാവിവരണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്?<br>അൽ-ബറൂനിയുടെ യാത്രാവിവരണത്തിൽ പ്രതിപാദിച്ചിരിക്കുന്ന നികുതികൾ ഏതെല്ലാം?<br><u>**ക്രോഡീകരണം**</u><br>ധാന്യങ്ങൾ കൃഷിച്ചെയ്യൽ,കന്നുകാലി മേയ്ക്കൽ<br>ഭൂമിക്കരം,മേച്ചിൽക്കരം,കച്ചവടത്തിനുമേലുള്ള നികുതി<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.<br><u>**പ്രവർത്തന ഘട്ടം 2**</u><br>മധ്യകാല ഇന്ത്യയിലെ കൃഷിയെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.ഇതിനായി മധ്യകാല ഇന്ത്യയിലെ കൃഷിയെക്കുറിച്ച് വിവരിക്കുന്ന പാഠഭാഗം സ്ക്രീൻ ഷോട്ടായി അവതരിപ്പിക്കുന്നു.<br><u>**ചർച്ചാ സൂചകങ്ങൾ**</u><br>മധ്യകാല ഇന്ത്യലെ ജനങ്ങളുടെ പ്രധാന തൊഴിൽ എന്തായിരുന്നു.?<br>* അക്കാലത്തെ പ്രധാന വിളകൾ എന്തെല്ലാം ആയിരുന്നു.?<br>* കാർഷിക പുരോഗതിക്കായി ഭരണാധികാരികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം?<br>* കാർഷിക പുരോഗതിയെ സഹായിച്ച മറ്റ് ഘടകങ്ങൾ എന്തെല്ലാം?(അധ്യാപികയുടെ ഇടപെടൽ ആകാം)<br>* എന്താണ് ഇഖ്ത?<br>* എന്താണ് ജാഗിർദാരി?<br><u>**ക്രോഡീകരണം**</u><br>* കൃഷിയായിരുന്നു ജനങ്ങളുടെ പ്രധാന തൊഴിൽ<br>* പരുത്തി,ധാന്യങ്ങൾ,പയറു വർഗങ്ങൾ,നീലം,കരിമ്പ് തുടങ്ങിയവയായിരുന്നു അക്കാലത്തെ പ്രധാന വിളകൾ<br>* (എ)കൃഷിക്കനുയോജ്യമായതും എന്നാൽ കൃഷിയിറക്കാത്തതുമായിട്ടുള്ള ഭൂമിയിൽ ആദ്യമായി കൃഷി ചെയ്യുന്നവർക്ക് അതിന്റെ ഉടമസ്ഥാവകാശം കൊടുത്തു.<br>(ബി)ജലസേചന സൗകര്യങ്ങൾ ഒരുക്കി.<br>(സി)വിത്തുകൾ വിതരണം ചെയ്തു.<br>(ഡി)നികുതിയിളവുകൾ നൽകി.<br>* (എ)അധ്വാനശീലരായ ജനങ്ങളുടെ കഠിനാധ്വാനം<br>(ബി) കൂടുതൽ വിളവ് ,കൂടുതൽ സമ്പത്ത് നൽകുമെന്നതിനാൽ കൃഷി വിശാലമായ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിച്ചു.<br>* സുൽത്താൻ ഭരണകാലത്ത് ഉദ്യോഗസ്ഥർക്ക് വേതനമായി ഭൂമി പതിച്ചുകൊടുത്തിരിന്ന സമ്പ്രദായമാണ് ഇഖ്ത.<br>* മുഗൾ ഭരണകാലത്ത് ഉദ്യോഗസ്ഥർക്ക് വേതനമായി ഭൂമി പതിച്ചുകൊടുത്തിരിന്ന സമ്പ്രദായമാണ് ജാഗിർദാരി. | |

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 3**

ഗ്രാമങ്ങളിൽ നിലനിന്നിരുന്ന കൈത്തൊഴിലുകളെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.ഇതിനായി അക്കാലത്ത് ഉപയോഗിച്ചിരുന്ന കാർഷിക ഉപകരണങ്ങളുടെ ചിത്ര ആൽബം പ്രദർശിപ്പിക്കുന്നു.

**ചർച്ചാ സൂചകങ്ങൾ**

* ചിത്രത്തിൽകാണുന്ന കാർഷികോപകരണങ്ങൾ ഏതെല്ലാം?
* ഈ ഉപകരണങ്ങൾ എന്തിനെല്ലാം ഉപയോഗിക്കുന്നു?
* ഈ ഉപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തൊഴിലുകളെയിരിക്കാം ഗ്രാമ പ്രദേശങ്ങളിൽ നിലനിന്നിരുന്നത്?

**ക്രോഡീകരണം**

* ജലചക്രം,കലപ്പ,പിക്കാസ്,പലതരം തൂമ്പാകൾ
* (എ)ജലസേചനത്തിന്
(ബി)നിലം ഉഴുന്നതിന്
(സി)നിലം ഒരുക്കുന്നതിന്
* (എ) മരപ്പണി
(ബി)കാർഷികോപകരണങ്ങളുടെ നിർമ്മാണം
(സി) ജലസേചന ഉപകരണങ്ങളുടെ നിർമ്മാണം
* (ഡി) പാത്രങ്ങളുടെ നിർമ്മാണം

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 4**

മധ്യകാല ഇന്ത്യയിലെ സമൂഹികജീവിതത്തെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.ഇതിനായി പാഠഭാഗത്തിലെ ടവർണിയറുടെ യാത്രാവിവരണം സ്ലൈഡായി അവതരിപ്പിക്കുന്നു.

**ചർച്ചാ സൂചകങ്ങൾ**

* എന്തിനെ കുറിച്ചാണ് യാത്രാവിവരണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്?(ഇന്ന് നമ്മുടെ സമൂഹത്തിൽ ഇത്തരത്തിലുള്ള അസമത്വങ്ങൾ നിലന്ൽക്കുന്നുണ്ടോ? എന്ന ചോദ്യത്തിലൂടെ ചർച്ച മുന്നോട്ട് നയിക്കാവുന്നതാണ്)
* എന്തെല്ലാം സാമൂഹിക സാമ്പത്തിക അസമത്വങ്ങളാണ് അക്കാലത്ത് ഉണ്ടായിരുന്നത്.?(ആശയരൂപീകരണത്തിനായി പാഠഭാഗത്തിലെ സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ വിവരിക്കുന്ന ഭാഗം സ്ക്രീൻഷോട്ടായി പ്രദർശിപ്പിക്കുന്നു)

**ക്രോഡീകരണം**

* മധ്യകാല ഇന്ത്യയിലെ സാമൂഹിക ജീവിതം
* (എ) ജാതി,ഉദ്യോഗം,സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ സാമൂഹിക പദവികൾ നിശ്ചയിച്ചിരുന്നു.
(ബി)രാജാക്കൻമാർ,പ്രഭുക്കൻമാർ,ഉദ്യോഗസ്ഥർ എന്നിവർ ഉയർന്ന സാമൂഹിക പദവി അനുഭവിച്ചു.
(സി)കൈത്തൊഴിലുകാരും കൃഷിക്കാരും സമൂഹത്തിലെ താഴെ തട്ടിലുള്ളവരായിരുന്നു.
(ഡി)ഓരോ ജാതിയിൽപ്പെട്ടവർക്കും അവരുടേയായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു.
(ഇ) സതി, ശൈശവ വിവാഹം തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്നു.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

## ആക്ടിവിറ്റി-3

1.ഡിജിറ്റൽ ചിത്രനിരീക്ഷണം-പാഠഭാഗ വിശദീകരണം-കൃഷിയും നെയ്ത്തു വ്യവസായവും-ചർച്ച കുറിപ്പ തയ്യാറാക്കൽ

2. യാത്രാ വിവരണങ്ങളുടെ സ്ലൈഡ്നിരീക്ഷണം-നിക്കോളാ കോണ്ടി-വിദേശ വ്യാപാര ബന്ധം- -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
3.യാത്രാ വിവരണങ്ങളുടെ സ്ലൈഡ്നിരീക്ഷണം-ഇബ്നു ബത്തൂത്ത,റൽഫ് ഫിച്ച് -നഗരങ്ങൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
4.ഡിജിറ്റൽ ഭൂപടനിരീക്ഷണം-വ്യപാര കേന്ദ്രങ്ങൾ കണ്ടെത്തൽ-ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യൽ
5.യാത്രാ വിവരണങ്ങളുടെ സ്ലൈഡ്നിരീക്ഷണം-ബർണിയർ-തൊഴിൽ കൂട്ടങ്ങൾചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

മധ്യകാല ഇന്ത്യയിലെ വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ വിശദീകരിക്കൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

തൊഴിൽക്കൂട്ടങ്ങൾ
നെയ്ത്ത്,കച്ചവടം
നഗരങ്ങളുടെ ഉദയം

**സാമഗ്രികൾ**

ഡിജിറ്റൽ ചിത്രങ്ങൾ,യാത്രാ വിവരണങ്ങളുടെ സ്ലൈഡ്,മധ്യകാല ഇന്ത്യയുടെ ഡിജിറ്റൽ ഭൂപടം

**വിലയിരുത്തൽ**

നഗരങ്ങളുടെ വളർച്ചയെ സഹായിച്ച വിവിധതരം സാമ്പത്തിക പ്രവർത്തനങ്ങൾ-കുറിപ്പ്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>മധ്യകാല ഇന്ത്യയിലെ കൃഷി നെയ്ത്തു വ്യവസായത്തെ സഹായിച്ചതിനെ സംബന്ധിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.ഇതിനായി ചർക്ക,തറി എന്നിവയുടെയുടെ ഡിജറ്റൽചിത്രം പ്രദർശിപ്പിക്കുന്നു.<br><br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>* ചിത്രത്തിൽ കാണുന്ന ഉപകരണങ്ങൾ ഏതെല്ലാം?<br>* ഇവയുടെ ഉപയോഗം എന്ത്?<br>* നെയ്ത്തിന് ആവശ്യമായ വസ്തുക്കൾ ഏവ?<br>* കൃഷിയും നെയ്ത്തുമായുള്ള ബന്ധം എന്ത്?<br>* കൃഷിയുടെ  വളർച്ചക്ക് ആവശ്യമായ ഘടകങ്ങൾ ഏവ?<br>* കൃഷി മെച്ചപ്പെട്ടതു മൂലമുള്ള ഗുണങ്ങൾ എന്തെല്ലാം?(ആശയ രൂപീകരണത്തിനായി പാഠഭാഗത്തിലെ നെയ്ത്തിനെ കുറിച്ച് വിശദീകരിക്കന്ന ഭാഗം സ്ക്രീൻ ഷോട്ടായി പ്രദർശിപ്പിക്കുന്നു.)<br>**<u>ക്രോഡീകരണം</u>**<br>* ചർക്ക,തറി<br>* തുണി നെയ്യുന്നതിന് ഉപയോഗിക്കുന്നു.<br>* പരുത്തി,നീലം,പട്ടുനൂൽ<br>* നെയ്ത്തിനുവേണ്ട അസംസ്കൃതവസ്തുവായ പരുത്തി കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്.<br>* ഭരണാധികാരികൾ നൽകിയ സഹായവും ജനങ്ങളുടെ കഠിനാധ്വാനവും കൃഷിയുടെ വളർച്ചയ്ക്ക് സഹായകരമായി.<br>* പരുത്തി പട്ടണങ്ങളിലെ നെയ്ത്തിനുവേണ്ട അസംസ്കൃതവസ്തുവായി. വസ്ത്രങ്ങൾ നെയ്യുന്ന കൈത്തൊഴിലുകാർക്ക് തൊഴിൽ ലഭിച്ചു. വ്യത്യസ്ത നിറത്തിലും ഗുണത്തിലുമുള്ള വസ്ത്രങ്ങൾ അവർ ഉണ്ടാക്കി.ഇത്തരം ഉൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചു.ഇതിനായി പുതിയ ഉപകരണങ്ങൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിച്ചു.കച്ചവടത്തിലെ ഒരു പ്രധാന ഇനാമായി ഇന്ത്യൻ തുണിത്തരങ്ങൾ.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 2</u>** | |

മധ്യകാലഘട്ടത്തിലെ നഗരങ്ങളെക്കുറിച്ചും വാണിജ്യത്തെക്കുറിച്ചും ക്ലാസ്സിൽ ചർച്ച നടത്തുന്നു. ഇതിനായി നിക്കോളാ കോണ്ടിയുടെ യാത്രാ വിവരണക്കുറിപ്പ് സ്ലൈഡായി അവതരിപ്പിക്കുന്നു.

**ചർച്ചാ സൂചകങ്ങൾ**

*എന്തിനെക്കുറിച്ചാണ് യാത്രാവിവരണത്തിൽ പ്രതിപാദിച്ചരിക്കുന്നത്?
*വിജയനഗരത്തിലെ നഗരങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?
*എങ്ങനെയുള്ള വസ്തുക്കളായിരുന്നു അങ്ങാടികളിൽ വില്പനയ്ക്കായി വെച്ചിരുന്നത്?
*ആരെല്ലാമായിരുന്നു ഇന്ത്യയുമായി വ്യാപാരം നടത്തിയിരുന്ന പുറം രാജ്യക്കാർ?

**ക്രോഡീകരണം**

* വിജയനഗര സാമ്രാജ്യത്തിലെ നഗരങ്ങളെക്കുറിച്ച്
*(എ) വിജയനഗരം കീഴ്ക്കാംതൂക്കായ മലലിരകൾക്കരികിലാണ് സ്ഥിതി ചെയ്യുന്നത്.
(ബി)നഗരത്തിൽ ആകർഷകരമായ ഉദ്യാനങ്ങളും ഉപവനങ്ങളും ഉണ്ട്.
(സി)നഗരത്തിലെ അങ്ങാടികളെല്ലാം വിലപിടിച്ച വസ്തുക്കളെക്കൊണ്ട് നിറഞ്ഞവയാണ്.
*സുഗന്ധവ്യഞ്ജനങ്ങൾ,തുണിത്തരങ്ങൾ,തുകൽ, രത്നങ്ങൾ, ചന്ദനം,ലോഹങ്ങൾ,മുത്ത്,ആനക്കൊമ്പ്
*ചൈനാക്കർ,അറബികൾ,പോർച്ചുഗീസുകാർ,ഡച്ചുകാർ,ഇംഗ്ലീഷുകാർ,ഫ്രഞ്ചുകാർ
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.

**പ്രവർത്തന ഘട്ടം 3**

മധ്യകാലഘട്ടത്തിലെ നഗരങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു. ഇതിനായി പാഠഭാഗത്ത നൽകിയിരിക്കുന്ന ഇബ്നു ബത്തൂത്ത,റൽഫ് ഫിച്ച് എന്നിവരുടെ യാത്രാ വിവരണക്കുറിപ്പ് സ്ലൈഡായി അവതരിപ്പിക്കുന്നു.

**ചർച്ചാ സൂചകങ്ങൾ**

* മധ്യകാലത്തെ പ്രധാന നഗരങ്ങൾ ഏതെല്ലാമായിരുന്നു.?
*അവ എവിടം കേന്ദ്രീകരിച്ചായിരുന്നു വളർന്നു വന്നത്?
*അവയുടെ ജനസംഖ്യ,വലുപ്പം എങ്ങനെ?
*നഗരങ്ങളിലെ താമസക്കാർ ആരെല്ലാം?

**ക്രോഡീകരണം**

* ഡൽഹി,ദൗലത്താബാദ്,ആഗ്ര,ഫത്തേപുർ സിക്രി,അഹമ്മദാബാദ്
* ഉല്പാദന കേന്ദങ്ങളേയും,ചന്തകളേയും കേന്ദ്രീകരിച്ചായിരുന്നു വളർന്നു വന്നത്.
* വലിയ ജനസംഖ്യയുള്ളതും വളരെ വലുതുമാണ് അവിടുത്തെ നഗരങ്ങൾ
*
കൈത്തൊഴിലുകാർ,വ്യാപാരികൾ,ഉദ്യോഗസ്ഥർ,പരിചാരകർ,അടിമകൾ
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.

**പ്രവർത്തന ഘട്ടം 4**

മധ്യകാല ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളുടെ ഡിജിറ്റൽ ഭൂപട നിരീക്ഷണം-ചർച്ച-പ്രധാന വാണിജ്യകേന്ദ്രങ്ങൾ കണ്ടെത്തൽ.-ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങളുമായി ബന്ധിപ്പിക്കൽ

| **വാണിജ്യ കേന്ദ്രം** | **സംസ്ഥാനം** |
|---|---|
| ഡൽഹി | ഡൽഹി |
| ആഗ്ര | ഉത്തർ പ്രദേശ് |
| അഹമ്മദാബാദ് | .......... |
| സൂറത്ത് | .......... |
| മുർഷിദാബാദ് | .......... |
| കൽക്കത്ത | .......... |
| പൈത്താൻ | .......... |
| ഹംപി | .......... |

| | |
|---|---|
| കോഴിക്കോട് | ........... |
| കൊച്ചി | ........... |
| കൊല്ലം | ........... |
| കാഞ്ചിപുരം | ........... |
| മഹാബലിപുരം | ........... |
| ഉറയൂർ | ........... |
| തഞ്ചാവൂർ | ........... |
| മധുര | ........... |
| ധാക്ക | *ഇന്ന് ബംഗ്ലാദേശ് എന്ന രാജ്യത്തിന്റെ തലസ്ഥാനമാണ് ധാക്ക |

തുടർന്ന് ദക്ഷിണേന്ത്യയിലെ വാണിജ്യകേന്ദ്രങ്ങളുടെ പുരോഗതിയെ സഹായിച്ച പൊതു സവിശേഷത-ചർച്ച

**<u>ചർച്ചാ സൂചകം</u>**

*ഇന്ത്യയുടെയും വിദേശരാജ്യങ്ങളുടെ സ്ഥാനം
*യാത്രാമാർഗങ്ങൾ
*ചരക്കു കടത്താനുള്ള മാർഗങ്ങൾ

**<u>ക്രോഡീകരണം</u>**

*കടലിനോട് ചേർന്നു കിടക്കുന്ന ഭൂപ്രദേശങ്ങൾ
*ജലമാർഗമുള്ള യാത്രകൾ
* ദക്ഷിണേന്ത്യയിലെ വ്യാപാരകേന്ദ്രങ്ങൾ കടലിനോട് ചേർന്നുകിടക്കുന്നതിനാൽ ധാരാളം തുറമുഖങ്ങൾ അവിടെയുണ്ട്.ഈ തുറമുഖങ്ങൾ വഴി ചരക്കുകൾ വളരെ വേഗത്തിൽ കയറ്റി ഇറക്കുന്നതിന് സാധിച്ചു.ഇത് ദക്ഷിണേന്ത്യയിലെ വാണിജ്യകേന്ദ്രങ്ങളുടെ പുരോഗതിയെ സഹായിച്ചു.

**<u>പ്രവർത്തന ഘട്ടം 5</u>**

മധ്യകാലഘട്ടത്തിലെ തൊഴിലുകളെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.ഇതിനായി പാഠഭാഗത്തിലെ ബർണിയറുടെ യാത്രാവിവരണക്കുറിപ്പ് സ്ലൈഡായി അവതരിപ്പക്കുന്നു.

**<u>ചർച്ചാ സൂചകങ്ങൾ</u>**

*എന്തെല്ലാമായിരുന്നു മധ്യകാലഘട്ടത്തിലെ പ്രധാന തൊഴിലുകൾ?
* എന്താണ് കാർഖാനകൾ?

**<u>ക്രോഡീകരണം</u>**

*ചിത്രത്തുന്നൽ
സ്വർണപ്പണി
ചായം പൂശൽ
ചെരിപ്പു നിർമ്മാണം
*മുഗൾ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും കൊട്ടാരങ്ങളിലേക്കുള്ള വസ്തുക്കൾ നിർമ്മിച്ചു വിതരണം ചെയ്തിരുന്ന കേന്ദ്രങ്ങളായിരുന്നു കാർഖാനകൾ.
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.

**ആക്ടിവിറ്റി-4**

1.യാത്രാ വിവരണങ്ങളുടെ സ്ലൈഡ്നിരീക്ഷണം-അമീർ ഖുസ്രു-മധ്യകാല ഇന്ത്യയിലെ വിജ്ഞാന കേന്ദ്രങ്ങൾ-- -ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

മധ്യകാലത്ത് വിജ്ഞാനരംഗത്തുണ്ടായ പുരോഗതി വിശദീകരിക്കൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

വിജ്ഞാന വ്യാപനം

**സാമഗ്രികൾ**

അമീർ ഖുസ്രുവിന്റെ യാത്രാ വിവരണങ്ങളുടെ സ്ലൈഡ്

**വിലയിരുത്തൽ**

മധ്യകാലത്ത് വിജ്ഞാനരംഗത്തുണ്ടായ പുരോഗതി -കുറിപ്പ്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>മധ്യകാലഘട്ടത്തിലെ വിജ്ഞാനരമഗത്തുണ്ടായ പുരോഗതിയെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.ഇതിനായി പാഠഭാഗത്തിലെ അമീർ ഖുസ്രുവിന്റെ യാത്രാവിവരണക്കുറിപ്പ് സ്ലൈഡായി അവതരിപ്പക്കുന്നു.<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>*വിജ്ഞാനരംഗത്ത് ഇന്ത്യ ലോകത്തിന് നൽകിയ സംഭാവനകൾ എന്തെല്ലാം?<br>*മധ്യകാലഘട്ടത്തിലെ പ്രധാന വിജ്ഞാനകേന്ദ്രങ്ങൾ ഏതെല്ലാം?<br>*വിജ്ഞാനരഗഗത്തുണ്ടായ പുരോഗതി എന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>*ചതുരംഗം,പഞ്ചതന്ത്രംകഥകൾ,സംഖ്യശാസ്ത്രം<br>*ബനാറസ്,ആഗ്ര,ലഹോർ,കാഞ്ചി,മഥുര,ഡൽഹി<br>*(എ)ജ്യോതിശാസ്ത്രം,ഗണിതശാസ്ത്രം എന്നീ വിജ്ഞാനശാഖകൾ അക്കാലത്ത് പുരോഗതി നേടി.<br>(ബി)ഭാസ്ക്കരാചാര്യർ രചിച്ച ലീലാവതി ശ്രദ്ധേയമായ ഗണിതശാസ്ത്ര ഗ്രന്ഥം ആയിരിന്നു.<br>(സി)നിരവധി ഗ്രന്ഥങ്ങൾ പോർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്യപ്പെട്ടു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു. | |

# Chapter - 3
# കേരളം : മണ്ണും മഴയും മനുഷ്യനും

**ആക്ടിവിറ്റി-1**
കമ്പോളത്തിന്റെ വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
പ്രവർത്തനത്തിന്റെ പേര്
ഭക്ഷ്യ വസ്തുക്കൾക്കു വേണ്ടിയുള്ള കേരളത്തിന്റെ അമിതാശ്രയത്വം
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
ഭക്ഷ്യവയ്തുക്കൾക്കായുള്ള കേരളത്തിന്റെ അമിത ആശ്രയത്വം
വിലയിരുത്തൽ
ഭക്ഷ്യവയ്തുക്കൾക്കായുള്ള കേരളത്തിന്റെ അമിത ആശ്രയത്വം-കുറിപ്പ്
**സാമഗ്രികൾ**
കമ്പോളത്തിന്റെ വീഡിയോ

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>ഭക്ഷ്യവസ്തുക്കൾക്കായുള്ള കേരളത്തിന്റെ അമിത ആശ്രയത്വം-ചർച്ച.ഇതിനായി കേരളത്തിലെ ഒരു കമ്പോളത്തിന്റെ വീഡിയോ നിരീക്ഷണം.<br><u>ചർച്ചാ സൂചകങ്ങൾ</u><br>* എന്താണ് വീഡിയോയിലൂടെ നിങ്ങൾ കണ്ടെത്?<br>* എന്തെല്ലാം സാധനങ്ങൾ ആണ് അവിടെ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്നത്?<br>* ഇവ എങ്ങനെയാണ് നാം ഉണ്ടാക്കുന്നത്?<br>* ഇവ എവിടെനിന്നെല്ലാമാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്?<br>* എന്തുക്കൊണ്ടാണ് ഈ സാധനങ്ങക്ക് വേണ്ടി നമ്മുക്ക് അന്യസംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടി വരുന്നത്?<br><u>ക്രോഡീകരണം</u><br>* കമ്പോളം<br>* പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ,പൂക്കൾ(പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ,പൂക്കൾ എന്നിവയുടെ പേരുകൾ ലിസ്റ്റ് ചെയ്യാവുന്നതാണ്)<br>*കൃഷിയിൽ നിന്നാണ് ഈസാധനങ്ങൾ ഉണ്ടാക്കുന്നത്.<br>*തമിഴ് നാട്,കർണാടക,ഒഡിഷ,സീമാന്ധ്ര,മഹാരാഷ്ട്ര,പശ്ചിമ ബംഗാൾ തുടങ്ങയവ<br>*വിവിധ കാരണങ്ങളാൽ നമ്മുടെ കാർഷികോല്പാദനം നമ്മുടെ ആവശ്യങ്ങൾക്ക് തികയുന്നില്ല.അതുകൊണ്ടാണ് വിവിധ ഭക്ഷ്യവസ്തക്കൾക്കും പൂക്കൾക്കും പലവ്യഞ്ജനങ്ങൾക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടി വരുന്നത്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറക്കുന്നു.<br>**തുടർപ്രവർത്തനങ്ങൾ**<br>നിങ്ങളുടെ വീട്ടിൽ കൃഷിച്ചെയ്യാവുന്ന ഭക്ഷ്യ വസ്തുക്കളുടെ പട്ടിക തയ്യാറാക്കി അവയുടെ കൃഷി രീതി ക്ലാസ്സിൽ ചർച്ച ചെയ്യുക. | |

**ആക്ടിവിറ്റി-2**
1.കൃഷിക്ക് അനുകൂലമായിട്ടുള്ള ഘടകങ്ങൾ വീഡിയോ നിരീക്ഷണം-ചർച്ച-പട്ടികപ്പെടുത്തൽ
2.ഡിജിറ്റൽ ഭൂപട നിരീക്ഷണം-കൃഷിക്ക് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ-കേരളം,തമിഴ് നാട് താരതമ്യം ചെയ്യൽ-താരതമ്യക്കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**
കൃഷിക്കനുകൂലമായ ഘടകങ്ങൾ വിശദീകരിക്കൽ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
കേരളത്തിലെ കൃഷിക്കലുകൂലമായ ഭൂമിശാസ്ത്രഘടകങ്ങൾ
**വിലയിരുത്തൽ**
കൃഷിക്കനുകൂലമായ ഭൂമിശാസ്ത്രഘടകങ്ങൾ-താരതമ്യക്കുറിപ്പ്
**സാമഗ്രികൾ**
കൃഷിക്ക് അനുകൂലമായിട്ടുള്ള ഘടകങ്ങൾ വീഡിയോ , ഡിജിറ്റൽ ഭൂപടം-കേരളം,തമിഴ് നാട്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കൃഷിക്ക് അനുകൂലമായിട്ടുള്ള ഘടകങ്ങളുടെ വീഡിയോ നിരീക്ഷണം-ചർച്ച-<br>ചർച്ചാസൂചകം<br>*കൃഷിക്ക് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ<br>ക്രോഡീകരണം<br>*വളക്കൂറുള്ള മണ്ണ്<br>*അനുയോജ്യമായ കാലവസ്ഥ<br>*ജലലഭ്യത<br>*മനുഷ്യാധ്വാനം<br>ക്രോഡികരിച്ച വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.<br>**പ്രവർത്തന ഘട്ടം 2**<br>കേരളത്തിലേയും തമിഴ് നാട്ടിലേയും കാർഷിക സാഹചര്യങ്ങൾ കൃഷിക്കാവശ്യമായ അടിസ്ഥാനഘടകങ്ങളെ മുൻനിർത്തി താരതമ്യം ചെയ്യൽ-കുറിപ്പ് തയ്യാറാക്കൽ.ഇതിനായി പാഠഭാഗത്തിലെ കേരളത്തിലേയും തമിഴ് നാട്ടിലേയും കാർഷിക സാഹചര്യങ്ങൾ താരതമ്യം ചെയ്യുന്ന ഭൂപടങ്ങൾ സ്ക്രീൻഷോട്ടായി അവതരിപ്പിക്കുന്നു.<br>**സൂചകങ്ങൾ**<br>*മണ്ണിനങ്ങൾ<br>*ജലലഭ്യത<br>**ക്രോഡീകരണം**<br>*കേരളത്തിലും തമിഴ് നാട്ടിലും ഏതാണ്ട് ഒരേതരത്തിലുള്ള മണ്ണിനങ്ങളാണ് കാണപ്പെടുന്നത്. എന്നാൽ കൃഷിക്ക് ഏറ്റവും അനുയോജ്യമായ എക്കൽമണ്ണ് കേരളത്തിലാണുള്ളത്.<br>*മഴയുടെ ലഭ്യതയിലാവട്ടെ കേരളം തമിഴ് നാടിനേക്കാൾ ഏറെ മുന്നിലാണ്.കേരളത്തിൽ വാർഷിക വർഷപാതം 300സെ.മി ആയിരിക്കുമ്പോൾ തമിഴ് നാട്ടിലത് 95.9 സെ.മി ആകുന്നു.<br>*കേരളത്തിലെ നദികളുടെ എണ്ണം 44 ആണ്. എന്നാൽ തമിഴ് നാട്ടിലെ നദികളുടെ എണ്ണം 14 ആണ്.<br>*കേരളത്തിൽ ധാരാളം മഴ ലഭിക്കുന്നതിനാൽ പല സ്ഥലങ്ങളിലും ജലസേചന സൗകര്യങ്ങളുടെ ആവശ്യമില്ല. എന്നാൽ തമിഴ് നാട്ടിൽ മഴ കുറവായതിനാൽ ജലസേചന സൗകര്യം വ്യാപകമായി ഏർപ്പെടുത്തേണ്ടതുണ്ട്. | |

**ആക്ടിവിറ്റി-3**
1.കേരളത്തിന്റെ ഡിജിറ്റൽ ഭൂപടനിരീക്ഷണം-ഭൂപ്രകൃതി-പട്ടികപ്പെടുത്തൽ
2.ചിത്ര ആൽബം നിരീക്ഷണം-മലനാട്-കാലാവസ്ഥ,മണ്ണിനം,വിള വൈവിധ്യങ്ങൾ-കുറിപ്പ് തയ്യാറാക്കൽ
3.ചിത്ര ആൽബം നിരീക്ഷണം-ഇടനാട്-കാലാവസ്ഥ,മണ്ണിനം,വിള വൈവിധ്യങ്ങൾ-കുറിപ്പ് തയ്യാറാക്കൽ

4.ചിത്ര ആൽബം നിരീക്ഷണം-തീരപ്രദേശം-കാലാവസ്ഥ,മണ്ണിനം,വിള വൈവിധ്യങ്ങൾ-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

കാർഷിക വൈവിധ്യത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

കേരളത്തിലെ കാർഷികവൈവാധ്യത്തിൽ ഭൂപ്രകൃതിയുടെ സ്വാധീനം

**സാമഗ്രികൾ**

കേരളത്തിന്റെ ഡിജിറ്റൽ ഭൂപടം, ചിത്ര ആൽബം

**വിലയിരുത്തൽ**

കേരളത്തിലെ കാർഷികവൈവിധ്യത്തിൽ ഭൂപ്രകൃതിയുടെ സ്വാധീനം-

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>കേരളത്തിലെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങൾ പട്ടികപ്പെടുത്തൽ.ഇതിനായി കേരളത്തിന്റെ ഡിജിറ്റൽ ഭൂപടം എെ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തി അവതരിപ്പിക്കുന്നു.(ഉയര വ്യത്യാസം ഉൾപ്പെടെ)<br>*മലനാട്<br>*ഇടനാട്<br>*തീരപ്രദേശം<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>മലനാട്ടിലെ കാലാവസ്ഥ,മണ്ണിനങ്ങൾ ,വിളവൈവിധ്യങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി മലനാട്ടിൽ കൃഷി ചെയ്യുന്ന വിവിധ വിളകളുടെ ചിത്ര ആൽബം നിരീക്ഷിക്കുന്നു.(U.P. School resource മലനാട് viedio.)<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>1.മലനാട്ടിലെ പ്രധാന കാർഷികവിളകൾ ഏതെല്ലാം?<br>2.മലനാട്ടിലെ വിളവൈവിധ്യങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം?<br>3.മലനാട്ടിലെ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള ഘടകങ്ങൾ എന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>1. കാപ്പി, തേയില, ഏലം, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാനില<br>2(എ)പശ്ചിമഘട്ടത്തിന്റെ ഭാഗമായ ഈ ഭൂപ്രദേശത്തുടനീളം തണുപ്പുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്.വേനൽക്കാലത്ത് തീരപ്രദേശത്തും,ഇടനാട്ടിലും അനുഭവപ്പെടുന്ന താപനിലയെ അപേക്ഷിച്ച് കുറവാണ് മലനാട്ടിലെ താപനില.ഇവിടെ അനുഭവപ്പെടുന്ന താപനില30 ഡിഗ്രി സെൽഷ്യസിൽ താഴെയാണ്.ആർദ്രതയിലും ഈ കുറവ് പ്രകടമാണ്. ധാരാളമായി മഴ ലഭിക്കുന്നുവെന്നതും ഇവിടുത്തെ പ്രത്യേകതയാണ്.സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം,അകലം എന്നിവയാണ് മലനാട്ടിലെ കാലാവസ്ഥ സവിശേഷതകൾക്കുള്ള കാരണങ്ങൾ.<br>(ബി)മലനാട്ടിലെ പ്രധാന മണ്ണിനങ്ങളായ ചെമ്മണ്ണ്,വനമണ്ണ് എന്നിവയ്ക്ക് നീർവാർച്ച വളരെ കൂടുതലാണ്.<br>3.(എ)സമീപകാലത്തകാലാവസ്ഥതിലുണ്ടായിട്ടുള്ള പ്രകടമായ മാറ്റങ്ങൾ-കാലം തെറ്റിയ മഴ,താപനിലയിലെ വ്യത്യാസങ്ങൾ<br>(ബി)കൃഷി ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കന്ന പ്രവണത.<br>**<u>പ്രവർത്തന ഘട്ടം 3</u>**<br>ഇടനാട്ടിലെ കാലാവസ്ഥ,മണ്ണിനങ്ങൾ ,വിളവൈവിധ്യങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി ഇടനാട്ടിൽ കൃഷി ചെയ്യുന്ന വിവിധ വിളകളുടെ ചിത്ര ആൽബം നിരീക്ഷിക്കുന്നു. (U.P School resource ഇടനാട് Video) | |

| | |
|---|---|
| **<u>ചർച്ചാ സൂചകങ്ങൾ</u>**<br>1.ഇടനാട്ടിലെ പ്രധാന കാർഷികവിളകൾ ഏതെല്ലാം?<br>2.ഇടനാട്ടിലെ വിളവൈവിധ്യങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം?<br>3.ഇടനാട്ടിലെ വിളവൈവിധ്യം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ത്?<br>**<u>ക്രോഡീകരണം</u>**<br>1.ഭക്ഷ്യ ധാന്യങ്ങൾ,പച്ചക്കറികൾ,കിഴങ്ങ് വർഗങ്ങൾ,റബ്ബർ,കുരുമുളക്,കാപ്പി,ഏത്തവാഴ<br>2.ധാരാളമായി ലഭിക്കുന്ന മഴ ,ചെറിയ കുന്നിൻ പ്രദേശങ്ങളിലെ ലറ്ററൈറ്റ് മണ്ണിന്റെയും നദീതടങ്ങളിലെ എക്കൽ മണ്ണിന്റെയും സാമാന്യം കനത്ത ആവരണം എന്നിവയാണ് ഇടനാട്ടിലെ വിളവൈവിധ്യങ്ങൾക്കുള്ള കാരണങ്ങൾ.<br>3.ഇടനാട്ടിലെ വിളവൈവിധ്യം അതിവേഗം വാണിജ്യ വിളയായ റബ്ബർ കൃഷിക്ക് വഴിമാറുന്നു.ഇത് ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനത്തിൽ വൻ ഇടിവ് ഉണ്ടാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 4</u>**<br>തീരപ്രദേശത്തെ കാലാവസ്ഥ,മണ്ണിനങ്ങൾ ,വിളവൈവിധ്യങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി തീരപ്രദേത്ത് കൃഷി ചെയ്യുന്ന വിവിധ വിളകളുടെ ചിത്ര ആൽബം നിരീക്ഷിക്കുന്നു. (U.P.School resource തീരപ്രദേശം video)<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>1.തീരപ്രദേശത്തെ പ്രധാന കാർഷികവിളകൾ ഏതെല്ലാം?<br>2.തീരപ്രദേശത്തെ വിളവൈവിധ്യങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം?<br>3.തീരപ്രദേശത്തെ വിളവൈവിധ്യം നേരിടുന്ന പ്രധാന വെല്ലുവിളികളെന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>1.നെല്ല്,തെങ്ങ്<br>2.താഴ്ന്ന ഇടങ്ങളിലെ എക്കൽ മണ്ണിന്റെ നിക്ഷേപം നെൽകൃഷിക്കും,തീരപ്രദേശങ്ങളിലെ ഉപ്പുരസമുള്ള എക്കൽ മണ്ണ് തെങ്ങ് കൃഷിക്കും അനുകൂലമാണ്.<br>3.(എ)കൃഷിയിടങ്ങൾ ജനവാസ കേന്ദ്രങ്ങളായി മാറി. ഇത് കൃഷി ഭൂമിയുടെ അളവിൽ കാര്യമായ കുറവുണ്ടാക്കുന്നു.<br>(ബി)വിത്ത്,വളം എന്നിവയുടെ വില വർദ്ധനവ് കൃഷി ആദായകുരമല്ലാതാക്കി.ഇതുമൂലം കർഷകർ മറ്റ് തൊഴിലിലേക്ക് മാറാൻ നിർബന്ധിതരായി. | |

**ആക്ടിവിറ്റി-4**

ഭൂവിസ്തൃതിയിലുണ്ടായ വ്യത്യാസം-സ്ലൈഡ് നിരീക്ഷണം- പട്ടിക അപഗ്രഥിക്കൽ-നിഗമന രൂപീകരണം-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

കേരളത്തിലെ ഭൂവിനിയോഗ മാറ്റങ്ങളും കൃഷിയും

**സാമഗ്രികൾ**

ഭൂവിസ്തൃതിയിലുണ്ടായ വ്യത്യാസം-സ്ലൈഡ്

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>കേരളത്തിലെ കാർഷിക വിളകളുടെ ഭൂവിസ്തൃതിയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച | |

| | |
|---|---|
| ചെയ്യുന്നു.ഇതിനായി പാഠഭാഗത്തിലെ(പേജ് 38) പട്ടിക സ്ലൈഡായി അവതരിപ്പിക്കുന്നു..<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>* ഏതൊക്കെ വിളകളുടെ ഭൂവിസ്തൃതിയിലാണ് കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്?<br>* ഏതു വിളയുടെ ഭൂവിസ്തൃതിയാണ് ഏറ്റവും കുറഞ്ഞിട്ടുള്ളത്?<br>*ഏതൊക്കെ വിളകളുടെ ഭൂവിസ്തൃതിയാണ് കൂടിയിട്ടുള്ളത്?<br>*കൃഷി ഭൂമി കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>* നെല്ല്,മരച്ചീനി<br>*നെല്ല്<br>*റബ്ബർ,തെങ്ങ്<br>*(എ) പൊതു ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ<br>(ബി)കുളങ്ങളും വയലുകളും മണ്ണിട്ട് നികർത്തി മറ്റ് ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നു.<br>(സി)കുന്നിടിക്കലും കുന്നിൻ ചരിവുകളിലെ അശാസ്ത്രീയമായ കൃഷിരീതികളും<br>(ഡി)ഉല്പാദന ചിലവിലുണ്ടായ വർദ്ധനവ് കൃഷി ലാഭകരമല്ലാതാക്കി<br>(ഇ)മറ്റ് തൊഴിലുകൾ ചെയ്യുന്നതിനോടുള്ള അമിതാവേശം<br>(എഫ്) കൃഷിയോടുള്ള താല്പര്യമില്ലായ്മ | |

**ആക്ടിവിറ്റി-5**

1.ചിത്ര ആൽബം നിരീക്ഷണം-പുതിയ തൊഴിൽ സംസ്ക്കാരം-മലയാളികളുടെ ജീവിതശൈലിയിൽഉണ്ടായിട്ടുള്ള മാറ്റങ്ങൾ-കുറിപ്പ് തയ്യാറാക്കൽ
2.കൊളാഷ് സ്ലൈഡ് നിരീക്ഷണം-കാർഷിക സംസ്ക്കാരം വീണ്ടെടുക്കൽ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

കാർഷിക സംസ്ക്കാരം വീണ്ടെടുക്കൽ-ബദലുകൾ ചർച്ച ചെയ്യൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മലയാളികളുടെ ജീവിതശൈലിയിലുണ്ടായ മാറ്റങ്ങൾ.
നിത്യ ജീവിതത്തിൽ കൃഷി ഒരു പ്രധാന പ്രവർത്തനമായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത.

**സാമഗ്രികൾ**

ചിത്ര ആൽബം, കൊളാഷ് സ്ലൈഡ്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>മലയാളികളുടെ ജീവിതശൈലിയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി പുതിയ തൊഴിൽ സംസ്ക്കാരം വിശദീകരിക്കുന്ന ചിത്ര ആൽബം നിരീക്ഷിക്കുന്നു.<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>* പുതിയ തൊഴിൽ സംസ്ക്കാരം മലയാളികളുടെ ജീവിതശൈലിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>* കൃഷിയോടുള്ള താല്പര്യം കുറഞ്ഞു.<br>* കൃഷി മെല്ലെ ഉപേക്ഷിക്കപ്പെട്ടു<br>* ജീവിത രീതിയിലും ആരോഗ്യ സുരക്ഷയിലും അനവധി മാറ്റങ്ങൾ ഉണ്ടായി<br>* ജീവിതശൈലി രോഗങ്ങൾക്ക് അടിമകളായി<br>* മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇല്ലാതായി.<br>* പ്രകൃതി സൗഹൃദപരമല്ലാത്ത വികസനം | |

| | |
|---|---|
| * ഉപഭോഗസംസ്ക്കാരം വളർന്നു<br>* അശാസ്ത്രീയമായ ഭൂവിനിയോഗം<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>കാർഷിക സംസ്ക്കാരം വീണ്ടെടുക്കലുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ ചർച്ച.ഇതിനായി കൊളാഷ് സ്ലൈഡ് നിരീക്ഷിക്കുന്നു.<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>* കാർഷിക സംസ്ക്കാരം വീണ്ടെടുക്കൽ-ബദലുകൾ<br>**<u>ക്രോഡീകരണം</u>**<br>* (എ)മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക.ഇതിലൂടെ ജൈവമാലിന്യങ്ങളെ കൃഷിക്ക് ഉപയുക്തമാക്കുക.<br>(ബി)വീട്ടിലെ മാലിന്യങ്ങളെ അഴുകിപ്പൊടിയുന്നവ,അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് നിക്ഷേപിക്കുകയും അഴുകിപ്പൊടിയുന്നവ ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കുകയും ചെയ്യുക.<br>(സി)മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കക.<br>(ഡി)പ്രകൃതി സൗഹൃദപരമായ കൃഷി പ്രോത്സാഹിപ്പിക്കക<br>(ഇ)സർക്കാരിന്റെ പ്രോത്സാഹനങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുക.<br><br>**തുടർപ്രവർത്തനങ്ങൾ**<br>വിദ്യാലയത്തിലെ മാലിന്യസംസ്ക്കരണം ഉച്ചഭക്ഷണം ശുചിത്വം ജലസംരക്ഷണപ്രവർത്തനങ്ങൾ സ്കൂൾപച്ചക്കറിത്തോട്ടം എന്നിവ കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ. | |

# 4 - ഉല്പാദനപ്രക്രിയയിലൂടെ

**ആക്ടിവിറ്റി**

1.ചിത്ര ആൽബം നിരീക്ഷണം-സാധനങ്ങളേയുംസേവനങ്ങളേയും തരംതിരിക്കൽ

**പ്രവർത്തനത്തിന്റെ പേര്**

സാധനങ്ങൾ സേവനങ്ങൾ എന്നിവയുടെ തരംതിരിക്കൽ

**സാമഗ്രികൾ**

ഡിജിറ്റൽ ചിത്ര ആൽബം

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

സാധനങ്ങൾ,സേവനങ്ങൾ

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| പ്രവർത്തന ഘട്ടം 1<br>നമ്മൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി നാം നിത്യേന ഉപയോഗിക്കുന്ന ചില വസ്തുക്കളുടെ ചിത്ര ആൽബം നിരീക്ഷിക്കുന്നു.<br>ചർച്ചാ സൂചകങ്ങൾ<br>* നിങ്ങൾ നിത്യേന ഉപയോഗിക്കുന്ന സാധനങ്ങൾ പട്ടികപ്പെടുത്തുക?<br>* എന്താണ് സാധനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?<br>ക്രോഡീകരണം<br>* പേന,പെൻസിൽ,പുസ്തകം മുതലായവ(അധ്യാപികയുടെ സഹായത്താൽ പട്ടിക വിപുലീകരിക്കേണ്ടതാണ്)<br>* മനുഷ്യന്റെ ആവശ്യ പൂർത്തികരണത്തിന് ഉപയോഗിക്കാവുന്നതും കാണുവാനും സ്പർശിക്കുവാനും കഴിയുന്നത്മായ വസ്തുക്കളാണ് സാധനങ്ങൾ.<br>പ്രവർത്തന ഘട്ടം 2<br>തുടർന്ന് നാം ഉപയോഗിക്കുന്ന പാഠപുസ്തകം നമ്മുടെ കൈകളിൽ എത്തുന്നതുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ ചർച്ച നടത്തുന്നു.<br>(മുള പുസ്തകമാകുന്നതിന്റെ വിവിധഘട്ടങ്ങൾ പോലെ സേവനപ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങൾ കാണിക്കുന്നു Slideകൾ uploard ചെയ്യണം.)<br>ചർച്ചാ സൂചകങ്ങൾ<br>* ആരുടെയെല്ലാം പ്രവർത്തനഫലമായിട്ടാണ് പാഠപുസ്തകങ്ങൾ നമ്മുടെ കൈവശം എത്തിച്ചേരുന്നത്?<br>* ഇവരുടെ പ്രവർത്തനങ്ങൾ സാധനങ്ങളെപ്പോലെ സ്പർശിക്കുവാൻ കഴിയുന്നവയാണോ?<br>* എന്താണ് സേവനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?<br>ക്രോഡീകരണം<br>* (എ)തൊഴിലാളികൾ,ഗതാഗത സൗകര്യമൊരുക്കുന്നവർ<br>(ബി)ഗതാഗത സൗകര്യമൊരുക്കുന്നവർ<br>(സി)പുസ്തക വിതരണക്കാർ<br>(ഡി)ധനകാര്യ സ്ഥാപനങ്ങൾ<br>* ഇവരുടെ പ്രവർത്തനങ്ങൾ സാധനങ്ങളെപ്പോലെ കാണാൻ സാധിക്കുന്നില്ല. എന്നാൽ അനുഭവിച്ചറിയാവുന്നവയാണ്.<br>* മനുഷ്യന്റെ ആവശ്യപൂർത്തീകരണത്തിന് സഹായിക്കുന്നതും സാധനങ്ങളെപ്പോലെ തൊട്ടറിയാൻ കഴിയാത്തതും എന്നാൽ അനുഭവിച്ചറിയാവുന്നതുമാണ് സേവനങ്ങൾ | |

**ആക്ടിവിറ്റി-2**

1.സ്ലൈഡ് നിരീക്ഷണം-നെല്ല് ഉല്പാദനഘട്ടങ്ങൾ--ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.ചിത്ര നിരീക്ഷണം-ഉല്പാദന ഘടകങ്ങൾ-ചർച്ച പട്ടികപ്പെടുത്തൽ
3.ചിത്ര ആൽബം നിരീക്ഷണം-ഭൂമിയുടെ സവിശേഷതകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
4.ചിത്ര നിരീക്ഷണം-തൊഴിലിന്റെ സവിശേഷതകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

5.പാഠഭാഗം(പേജ് 53 ലെ മൂലധനത്തെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗം) സ്ക്രീൻ ഷോട്ട് അവതരണം-മൂലധനത്തിന്റെ സവിശേഷതകൾ-ചർച്ച- കുറിപ്പ് തയ്യാറാക്കൽ
6.ഫ്ലോളോ ചർട്ട് നിരീക്ഷണം-സംഘാടനത്തിന്റെ സവിശേഷതകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഉല്പാദനഘടകങ്ങൾ വിശദീകരിക്കൽ

**സാമഗ്രികൾ**

നെല്ല് ഉല്പാദനത്തിന്റെ വിവിധഘട്ടങ്ങളുടെ സ്ലൈഡ്, ചിത്ര ആൽബം ,ഫ്ലോളോ ചാർട്ട്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

* ഉല്പാദനം/ഉല്പന്നം
*ഉല്പാദനഘടകങ്ങൾ
-ഭൂമി
-തൊഴിൽ
-മൂലധനം
-സംഘാടനം

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>നെല്ല് ഉല്പാദനഘട്ടങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി<br>നെല്ല് ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങൾ കാണിക്കുന്ന സ്ലൈഡ് നിരീക്ഷിക്കുന്നു.<br><u>ചർച്ചാ സൂചകങ്ങൾ</u><br>* നെല്ല് ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങൾ പട്ടികപ്പെടുത്തുക?<br>* എന്താണ് ഉല്പാദനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?<br>*എന്താണ് ഉല്പന്നം?<br><u>ക്രോഡീകരണം</u><br>* (എ)നിലം ഒരുക്കൽ<br>(ബി)വിത്ത് വിതയ്ക്കൽ/ഞാർ നടീൽ<br>(സി)കള പറിക്കൽ<br>(ഡി)വളം വിതറൽ<br>(ഇ)കൊയ്ത്ത്<br>(എഫ്) കറ്റ മെതിക്കൽ<br>(ജി)നെല്ല് ശേഖരിക്കൽ<br>* മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉല്പാദനം.<br>*ഉല്പാദനത്തിന്റെ ഫലമായി ലഭിക്കുന്നതാണ് ഉല്പന്നം.<br><u>പ്രവർത്തന ഘട്ടം 2</u><br>നെല്ലു് ഉല്പാദന പ്രക്രിയയിൽ പങ്കാളിത്തമുള്ള വിവിധ ഘടകങ്ങൾ പട്ടികപ്പെടുത്തൽ<br>* തൊഴിലാളികൾ<br>*പ്രകൃതി വിഭവങ്ങൾ(ഭൂമി,ജലം..<br>*മനുഷ്യ നിർമ്മിത വസ്തുക്കൾ(വളം,വിത്ത്,യന്ത്രങ്ങൾ.....)<br><u>**വിലയിരുത്തൽ**</u><br>കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള രേഖപ്പടുത്തലുകൾ വായിക്കുന്നു.<br><u>പ്രവർത്തന ഘട്ടം 3</u><br>(ചെരിപ്പ് ഉല്പാദനത്തിന്റെ ചിത്ര നിരീക്ഷണം)-ഉല്പാദന ഘടകങ്ങൾ-ചർച്ച പട്ടികപ്പെടുത്തൽ<br><u>ചർച്ചാ സൂചകങ്ങൾ</u><br>* ഉല്പാദന യൂണിറ്റ് എതാണ്?<br>* ഈ ഉല്പന്നം നിർമ്മിക്കുന്നതിന് എന്തൊക്കെ വേണം?<br>* ഉല്പാദന ഘടകങ്ങളെ എങ്ങനെയെല്ലാം വേർതിരിക്കാം?<br><u>ക്രോഡീകരണം</u><br>* ചെരിപ്പ് ഉല്പാദനം | |

| | |
|---|---|
| * (എ))കെട്ടിടങ്ങൾ<br>(ബി)യന്ത്രങ്ങൾ<br>(സി)തൊഴിലാളികൾ<br>(ഡി)വൈദ്യുതി<br>(ഇ)സംഘാടകൻ<br>(എഫ്) ധനകാര്യ സ്ഥാപനങ്ങൾ<br>*(എ) ഭൂമി(കെട്ടിടങ്ങൾ)<br>(ബി)തൊഴിൽ(തൊഴിലാളികൾ)<br>(സി)മൂലധനം(യന്ത്രങ്ങൾ,വൈദ്യുതി)<br>(ഡി)സംഘാടനം(സംഘാടകൻ)<br>**<u>പ്രവർത്തന ഘട്ടം 4</u>**<br>ഉല്പാദനഘടകമെന്ന നിലയിൽ ഭൂമിയുടെ സവിശേഷതകൾ ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി വിവിധ പ്രകൃതി വിഭവങ്ങളുടെ (മണ്ണ്,ജലം,വനങ്ങൾ,വായു,കൽക്കരി,ധാതു വിഭവങ്ങൾ) ചിത്രം നിരീക്ഷിക്കുന്നു.)<br>(പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കന്ന വിവരങ്ങൾ കൂടി ഈ ഭാഗം വിനിമയം ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്.)<br>പേജ്. നമ്പർ - 50<br><u>ചർച്ചാ സൂചകങ്ങൾ</u><br>* ഉല്പാദന ഘടകമായ ഭൂമി എന്നതിൽ പ്രകൃതി വിഭവങ്ങളെ എങ്ങനെയെല്ലാം തരംതിരിക്കാം?<br>* ഭൂമിയിൽ ഉൾപ്പെടുന്ന കരഭാഗത്തിന്റെ വിസ്ത്രിതി വർദ്ധിപ്പിക്കാനാകുമോ?<br>* ഭൂമിയിൽ ഉൾപ്പെടുന്ന കരഭാഗത്തിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കാനാകുമോ?<br>* ഭൂമിയിൽ ഉൾപ്പെടുന്ന ഉല്പാദനഘടകത്തെ മറ്റൊരു സ്ഥലത്തേക്ക് ചലിപ്പിക്കാലാകുമോ?<br>* ഉല്പാദനഘടകമെന്ന നിലയിൽ ഭൂമിയുടെ പ്രതിഫലം എന്ത്?<br><u>ക്രോഡീകരണം</u><br>(എ)ഭൗമോപരിതലത്തിൽ കാണുന്നവ<br>(മണ്ണ്,ജലം,മരങ്ങൾ,മലകൾ,വനങ്ങൾ)<br>(ബി)ഭൗമാന്തരീക്ഷത്തിൽ കാണുന്നവ (വായു,വിവിധ വാതകങ്ങൾ )<br>(സി)ഭൗമാന്തർഭാഗത്ത് കാണുന്നവ (കൽക്കരി,പെട്രോളിയം)<br>ഉല്പാദന ഘടകമായ ഭൂമി എന്നതിൽ എല്ലാത്തരം പ്രകൃതി വിഭവങ്ങളും ഉൾപ്പെടുന്നു.<br>* ഭൂമിയിൽ ഉൾപ്പെടുന്ന കരഭാഗത്തിന്റെ വിസ്ത്രിതി വർദ്ധിപ്പിക്കാൻ സാധിക്കില്ല.<br>* ഭൂമിയിൽ ഉൾപ്പെടുന്ന കരഭാഗത്തിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കാം.<br>* ഭൂമിയിൽ ഉൾപ്പെടുന്ന ഉല്പാദനഘടകത്തെ മറ്റൊരു സ്ഥലത്തേക്ക് ചലിപ്പിക്കാൻ സാധിക്കില്ല.<br>* ഉല്പാദനഘടകമെന്ന നിലയിൽ ഭൂമിയുടെ പ്രതിഫമാണ് പാട്ടം.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 5</u>**<br>ഉല്പാദനഘടകമെന്ന നിലയിൽ തൊഴിലിന്റെ സവിശേഷതകൾ- ചർച്ച.(ഇതിനായി പാഠഭാഗത്തിലെ ചിത്രം4.4 സ്ലൈഡായി അവതരിപ്പിക്കുന്നു.) Slide upload ചെയ്യണം.<br>(പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കന്ന വിവരങ്ങൾ കൂടി ഈ ഭാഗം വിനിമയം ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്.)page No. 52<br><u>ചർച്ചാ സൂചകങ്ങൾ</u><br>* എന്താണ് തൊഴിൽ?<br>* തൊഴിൽ ചെയ്യുന്ന വ്യക്തി ഉപയോഗിക്കുന്ന ശേഷിക്ക് പറയുന്ന പേരെന്ത്?<br>* അധ്വാന ശേഷി നാളത്തേക്കുവേണ്ടി കരുതിവെയ്ക്കാനാകുമോ?<br>* അധ്വാന ശേഷി വർദ്ധിപ്പിക്കാനാകുമോ? | |

| | |
|---|---|
| * അധ്വാന ശേഷിയുടെ പ്രതിഫലം എന്ത്?<br>ക്രോഡീകരണം<br>* സാധനങ്ങളുടെയും സേവനങ്ങളുടെയും ഉല്പാദനത്തിനായി വ്യക്തി ഉപയോഗിക്കുന്ന കായികവും മാനസികവും ബുദ്ധിപരവുമായ അധ്വാനശേഷിയാണ് തൊഴിൽ.<br>* അധ്വാന ശേഷി<br>* ഇന്ന് ഉപയോഗിക്കേണ്ട അധ്വാന ശേഷി ഇന്ന് ഉപയോഗിച്ചില്ല എങ്കിൽ അത് നഷ്ടമാകും. അതിനാൽ തൊഴിലാളികളുടെ അധ്വാന ശേഷി നാളത്തേക്കുവേണ്ടി കരുതിവോയ്ക്കാനാവില്ല.<br>* അധ്വാന ശേഷി വിദ്യഭ്യാസത്തിലൂടെയോ പരിശീലലത്തിലൂടെയോ മെച്ചപ്പെടുത്താൻ കഴിയും.<br>* അധ്വാന ശേഷിയുടെ പ്രതിഫലം കൂലിയാണ്.കൂലി സാധനമായോ പണമായോ ലഭിക്കുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**പ്രവർത്തന ഘട്ടം 6**<br>പാഠഭാഗം(പേജ് 53 ലെ മൂലധനത്തെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗം) സ്ക്രീൻ ഷോട്ട് അവതരണം-മൂലധനത്തിന്റെ സവിശേഷതകൾ-ചർച്ച- കുറിപ്പ് തയ്യാറാക്കൽ<br>ചർച്ചാ സൂചകങ്ങൾ<br>* എന്താണ് മൂലധനം?<br>* മൂലധനത്തിൽ എന്തെല്ലാം ഉൾപ്പടുന്നു?<br>* മൂലധനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?<br>* മൂലധനത്തിന് ലഭിക്കുന്ന പ്രതിഫലം എന്ത്?<br>ക്രോഡീകരണം<br>* ഉല്പാദനത്തിന് ഉപയോഗിക്കന്നതും കാണാനും സ്പർശിക്കാനും കഴിയുന്നതുമായ മനുഷ്യനിർമ്മിത വസ്തുക്കൾ മൂലധനം എന്നറിയപ്പെടുന്നു<br>* യന്ത്രങ്ങൾ,വാഹനങ്ങൾ,കമ്പ്യൂട്ടറുകൾ<br>*(എ) മൂലധനം മറ്റെല്ലാം ഉല്പാദനഘടകങ്ങളേയും സഹായിക്കുന്നു.<br>(ബി) മൂലധനം തൊഴിലാളികളുടെ ഉല്പന്ന നിർമ്മാണത്തിനുള്ള ശേഷി വർദ്ധിപ്പിക്കുന്നു.<br>(സി) മൂലധനം ചലനാത്മകമാണ്.<br>* പലിശയാണ് മൂലധനത്തിന് ലഭിക്കുന്ന പ്രതിഫലം<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു..<br>**പ്രവർത്തന ഘട്ടം 7**<br>ഫ്ലോളോ ചർട്ട് നിരീക്ഷണം-സംഘാടനത്തിന്റെ സവിശേഷതകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ<br>(പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കന്ന വിവരങ്ങൾ കൂടി ഈ ഭാഗം വിനിമയം ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്.)<br>ചർച്ചാ സൂചകങ്ങൾ<br>* ഉല്പന്ന നിർമ്മാണത്തിൽ സംഘാടകന്റെ ഉത്തരവാദിത്വം എന്ത്?<br>* ഏതൊക്കെ ഘടകങ്ങളെയാണ് സംഘാടകൻ കൂട്ടിയോജിപ്പിക്കന്നത്?<br>* സംഘാടകന്റെ കഴിവ് എങ്ങനെ വർദ്ധിപ്പിക്കാം?<br>* സംഘാടകന് ലഭിക്കുന്ന പ്രതിഫലം എന്ത്?<br>ക്രോഡീകരണം<br>* മറ്റ് ഉല്പാദന ഘടകങ്ങളെ കൂട്ടിയോജിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുകയാണ് സംഘാടകന്റെ ഉത്തരവാദിത്വം<br>* ഭൂമി,തൊഴിൽ, മൂലധനം എന്നീ ഘടകങ്ങളെ സംഘാടകൻ കൂട്ടിയോജിപ്പിക്കുന്നു.<br>* പരിശീലനത്തിലൂടെ സംഘാടകന്റെ മികവ് വർദ്ധിപ്പിക്കാം.<br>* ലാഭമാണ് സംഘാടകന് ലഭിക്കുന്ന പ്രതിഫലം<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു | |

**ആക്ടിവിറ്റി-3**
പാഠഭാഗത്തിലെ ചിത്രത്തിന്റെ (ചിത്രം 4.7)സ്ലൈഡ് വിശകലനം-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രികഗതി വിശകലനം ചെയ്യൽ
**സാമഗ്രികൾ**
പാഠഭാഗത്തിലെ ചിത്രത്തിന്റെ (ചിത്രം 4.7)സ്ലൈഡ്
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
ഉല്പാദന യൂണിറ്റ്
ഗാർഹിക യൂണിറ്റ്

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| <u>**പ്രവർത്തന ഘട്ടം 1**</u><br>പാഠഭാഗത്തിലെ ചിത്രത്തിന്റെ (ചിത്രം 4.7)സ്ലൈഡ് വിശകലനം-<br><u>സൂചകങ്ങൾ</u><br>* ഉല്പാദന പ്രക്രിയ നടക്കുന്ന യൂണിറ്റ് ഏത്?<br>* ഉല്പാദനഫലമായി ഉണ്ടാകുന്ന ഉല്പന്നങ്ങൾ ഉപഭോഗം ചെയ്യുന്ന യൂണിറ്റ് ഏത്?<br>* സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക ഗതി എങ്ങനെ?<br><u>ക്രോഡീകരണം</u><br>* ഉല്പാദന യൂണിറ്റ്<br>* ഗാർഹിക യൂണിറ്റ്<br>* ഉല്പാദന യൂണിറ്റുകൾക്ക് ഉല്പാദന ഘടകങ്ങളായ ഭൂമി,തൊഴിൽ,മൂലധനം, സംഘാടനം എന്നിവ ഗാർഹിക യൂണിറ്റ് പ്രധാനം ചെയ്യുന്നു.ഉല്പാദന ഘടകങ്ങൽക്കുള്ള പ്രതിഫലമായി പാട്ടം,കൂലി,പലിശ,ലാഭം എന്നിവ ഉല്പാദനയൂണിറ്റ് ഗാർഹിക യൂണിറ്റിന് നൽകുന്നു.ഉല്പാദന യൂണിറ്റ് ഗാർഹിക യൂണിറ്റുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും നൽകുന്നു.ഇതിനു പ്രതിഫലമായി ഗാർഹിക യൂണിറ്റ് ഉല്പാദന യൂണിറ്റുകൾക്ക് വില പണനായി നൽകുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു | |

# Chapter – 5 ഭൂമി : കഥയും കാര്യവും

**ആക്ടിവിറ്റി-1**

ഭൂമിയുടെ ആകൃതി, സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം ചർച്ച -കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഭൂമിയുടെ ആകൃതി, സവിശേഷതകൾ എന്നിവ വിശദീകരിക്കൽ

പ്രവർത്തന ഘട്ടങ്ങൾ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഭൂമിയുടെ ആകൃതി --ജിയോയ്ഡ്

**സാമഗ്രികൾ**

ഭൂമിയുടെ ആകൃതി, സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ

**വിലയിരുത്തൽ**

ഭൂമിയുടെ ആകൃതി സവിശേഷത - കുറിപ്പ് .

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>(ഭൂമിയുടെ ആകൃതി, സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം) ചർച്ച<br>(പാഠഭഗത്തിലെ ഭൂമിയുടെ ആകൃതി എന്ന ഭാഗം വായനയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്)<br><u>ചർച്ചാസൂചകം</u><br>* ഭൂമിയുടെ ആകൃതി,സവിശേഷതകൾ- ശാസ്ത്രകാരൻമാരുടെ കാഴ്ചപ്പാടുകൾ<br><br><u>ക്രോഡീകരണം</u><br>* ബി.സി.ഏഴാ നൂറ്റണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്വചിന്തകനായ തെയിൽസ് ആണ് ഭൂമിയ്ക്ക ഗോളാകൃതിയാണെന്ന ആശയം ആദ്യമായി മുന്നോട്ടു വച്ചത്.എന്നാൽ ഈ ഗോളം ജലത്തിൽ പൊങ്ങിക്കിടക്കുന്നുവെന്നാണ് അദ്ദഹം വിശ്വസിച്ചിരുന്നത്.<br>* ഗ്രീക്ക് തത്വചിന്തകരായ പൈഥഗോറസും അരിസ്റ്റോട്ടിലും ഭൂമിക്ക് ഗോളാകൃതിയാണെന്ന് സ്ഥാപിച്ചു.കോപ്പർ നിക്കസ് ഈ ആശയത്തെ ശക്തമായി പിന്താങ്ങി.<br>* ഭാരതിയ ജ്യോതിശാസ്ത്രജ്ഞനായ ആര്യഭടൻ ഭൂമിക്ക് ഗോളാകൃതിയാണെന്നും സാങ്കല്പിക അച്ചുതണ്ടിൽ സ്വയം കറങ്ങുന്നുവെന്നും ഉറച്ചു വിശ്വസിച്ചു.<br>* വർഷങ്ങൾക്കുശേഷമുള്ള മാഗല്ലൻ എന്ന നാവികന്റെ ലോകം ചുറ്റയുള്ള കപ്പൽ യാത്ര ഭമി ഉരുണ്ടതാണെന്ന് തെളിയിച്ചു.<br>* സർ ഐസക് ന്യൂട്ടൻ ഭൂമിക്ക് കൃത്യമായ ഗോളാകൃതിയിലല്ലണ് കണ്ടെത്തി. ധ്രുവപ്രദേശങ്ങൾ അല്പം പരന്നതും മധ്യഭാഗം ചെറുതായി വീർത്തതുമായ ഗോളാകൃതിയാണ് ഭൂമിക്കുള്ളതെന്ന് അദ്ദേഹം സ്ഥാപിച്ചു.<br>* ധ്രുവപ്രദേശങ്ങൾ അല്പം പരന്നതും മധ്യഭാഗം ചെറുതായി വീർത്തതുമായ ഗോളാകൃതിയെ | |

| | |
|---|---|
| ജിയോയിഡ്(Geoid) എന്നു വിളിക്കുന്നു.<br>* ജിയോയിഡ് എന്ന പദത്തിനർത്ഥം ഭൂനമിയുടെ ആകൃതി(Earth shape) എന്നാണ്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-2**

ആനിമേറ്റഡ് വീഡിയോ നിരീക്ഷണം-ഭൂമിയുടെ വലിപ്പം -ലഘു ഗണിതത്തിലൂടെ നിഗമനങ്ങൾ രൂപീകരിക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഭൂമിയുടെ വലിപ്പത്തെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കൽ പ്രവർത്തന ഘട്ടങ്ങൾ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഭൂമിയുടെ വലിപ്പം

**സാമഗ്രികൾ**

ആനിമേറ്റഡ് വീഡിയോ

**വിലയിരുത്തൽ**

ഭൂമിയുടെ വലിപ്പം-കുറിപ്പ്

| **പ്രവർത്തന ഘട്ടങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>ഭൂമിയുടെ വലിപ്പത്തെ സംബന്ധിക്കുന്ന ആനിമേറ്റഡ് വീഡിയോ നിരീക്ഷണം-ചർച്ച- നിഗമനങ്ങൾ രൂപീകരിക്കൽ<br>**<u>ചർച്ച സൂചകം</u>**<br>* ഭൂമിയുടെ ചുറ്റളവ്<br>**<u>ക്രോഡീകരണം</u>**<br>* ഭൂമി ഒരു ഗോളമാണ് എന്ന് ഇറാതോസ്തനീസ് വിശ്വസിച്ചിരുന്നു. കൂടാതെ ഒരു വൃത്തത്തിൽ 360 ഡിഗ്രി ഉണ്ടെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് അളന്നുകിട്ടിയ കോണായ 7.2 കൊണ്ട് അദ്ദേഹം 360-നെ ഹരിച്ചു. എന്തായിരുന്നു ഫലം? 7.2 എന്നത് ഒരു പൂർണ വൃത്തത്തിന്റെ 50-ൽ 1 ഭാഗം ആയിരുന്നു. അതുകൊണ്ട് സൈയിനെ മുതൽ അലക്സാൻഡ്രിയ വരെയുള്ള ദൂരമായ 5,000 സ്റ്റേഡിയ(ഏകദേശം 800 കിലോമീറ്റർ),ഭൂമിയുടെ ചുറ്റളവിന്റെ 50-ൽ 1 ആയിരിക്കണം എന്ന് അദ്ദേഹം നിഗമനത്തിലെത്തി. 50-നെ 5,000 കൊണ്ട് ഗുണിച്ച് ഭൂമിയുടെ ചുറ്റളവ് 2,50,000 സ്റ്റേഡിയ (40000കിലോ മീറ്റർ) ആണെന്ന് അദ്ദേഹം കണക്കുകൂട്ടി.<br>സ്റ്റേഡിയ എന്നത് ഒരു ഗ്രീക്ക് ദൈർഘ്യ അളവ് ആയിരുന്നു. പ്രാദേശികമായി ചെറിയ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരു സ്റ്റേഡിയ ഏകദേശം 160 മീറ്ററിനും 185 മീറ്ററിനും ഇടയിൽ വരുമായിരുന്നെന്നു വിശ്വസിക്കപ്പെടുന്നു.<br>$\frac{7.2^0}{360^0} = \frac{800}{\text{ഭൂമിയുടെ ചുറ്റളവ്}}$<br>അതുകൊണ്ട് | |

| | |
|---|---|
| $\frac{1}{50} = \frac{800}{\text{ഭൂമിയുടെ ചുറ്റളവ്}}$<br>ഭൂമിയുടെ ചുറ്റളവ് = 800 X 50 = 40,000 കിലോ മീറ്റർ | |

**ആക്ടിവിറ്റി-3**
1.അക്ഷാംശ രേഖകളുടെ സവിശേഷതകൾ വീഡിയാ നിരീക്ഷണം- ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.പ്രധാന അക്ഷാശരേഖകളുടെ വീഡിയാ നിരീക്ഷണം-പട്ടികപ്പെടുത്തൽ
3.രേഖാശ രേഖകളുടെ സവിശേഷതകൾ വീഡിയാ നിരീക്ഷണം- ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**
അക്ഷാംശ രേഖാംശ രേഖകളുടെ സവിശേഷതകൾ കണ്ടെത്തൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
അക്ഷാംശരേഖാംശരേഖകൾ.

**സാമഗ്രികൾ**
അക്ഷാംശരേഖാംശരേഖകളുടെ ഗ്ലോബ് മാതൃക, അക്ഷാംശരേഖാംരേഖകൾ-വീഡിയോ

**വിലയിരുത്തൽ**
അക്ഷാംശരേഖാംശരേഖകളുടെ സവിശേഷതകൾ-കുറിപ്പ്

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>അക്ഷാംശരേഖകളുടെ വീഡിയോ, ഗ്ലോബ് മാതൃക നിരീക്ഷണം-ചർച്ച<br><u>ചർച്ചാസൂചകങ്ങൾ</u><br>* എന്താണ് അക്ഷാംശങ്ങൾ?<br>*ഭൂമധ്യരേഖ<br>* ധ്രുവങ്ങൾ<br>*പ്രധാന അക്ഷാംശ രേഖകൾ<br><u>ക്രോഡീകരണം</u><br>* ഭൂമിയുടെ കേന്ദ്രത്തിൽ നിന്നുള്ള കോണിയ അകലങ്ങളാണ് അക്ഷാംശങ്ങൾ.<br>* (എ)ഭൂമധ്യരേഖ ഭൂമിയെ രണ്ട് അർദ്ധ ഗോളങ്ങളായി വിഭജിക്കുന്നു.<br>(ബി)ഭൂമധ്യരേഖയ്ക്ക് വടക്ക് സ്ഥിതി ചെയ്യുന്ന അർദ്ധഗോളത്തെ ഉത്താരാർദ്ധ ഗോളം എന്നു പറയുന്നു.<br>(സി)ഭൂമധ്യ രേഖയ്ക്ക് തെക്ക് സ്ഥിതി ചെയ്യുന്ന അർദ്ധഗോളത്തെ ദക്ഷിണാർദ്ധ ഗോളം എന്നു പറയുന്നു.<br>(ഡി)ഏറ്റവും വലിയ അക്ഷാംശരേഖയാണ് ഭൂമധ്യരേഖ<br>* 90 ഡിഗ്രി അക്ഷാംശങ്ങൾ ബിന്ദുക്കളാണ്.ഇതാണ് ധ്രവങ്ങൾ<br>*ഭൂമധ്യരേഖ(പൂജ്യം ഡിഗ്രി),ഉത്തരായനരേഖ(23.5ഡിഗ്രി വടക്ക്),ദക്ഷിണായനരേഖ(23.5ഡിഗ്രി തെക്ക് ),ആർട്ടിക് വൃത്തം(66.5ഡിഗ്രി വടക്ക്),അന്റാർട്ടിക് വൃത്തം(66.5ഡിഗ്രി | |

| | |
|---|---|
| തെക്ക് ),ഉത്തര ധ്രുവം(90ഡിഗ്രി വടക്ക് ),ദക്ഷിണ ധ്രുവം(90ഡിഗ്രി തെക്ക് )<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**പ്രവർത്തന ഘട്ടം 2**<br>പ്രധാന അക്ഷാശരേഖകളുടെ ഗ്ലോബ് മാതൃക വീഡിയോ നിരീക്ഷണം-അക്ഷാംശരേഖകളും ഡിഗ്രി അളവുകളും പട്ടികപ്പെടുത്തൽ | |

| അക്ഷാംശങ്ങൾ | ഡിഗ്രി അളവ് |
|---|---|
| ഭൂമധ്യരേഖ | ം ഡിഗ്രി |
| .......................... | .......................... |
| .......................... | .......................... |
| .......................... | .......................... |
| .......................... | .......................... |
| .......................... | .......................... |
| .......................... | .......................... |

| | |
|---|---|
| **പ്രവർത്തന ഘട്ടം 3**<br>രേഖാശരേഖകളുടെ ഗ്ലോബ് മാതൃക വീഡിയോ നിരീക്ഷണം -ചർച്ച<br>* രേഖാംശം<br>*മാനക രേഖാംശം<br>*അന്താരാഷ്ട്ര ദിനാങ്കരേഖ<br>**ക്രോഡീകരണം**<br>*(എ)മാനകരേഖാംശത്തിനിരുവശവും ഭൂമിയുടെ കേന്ദ്രത്തിൽ നിന്നുള്ള കോണിയ അകലമാണ് രേഖാംശം.<br>(ബി)രേഖാംശരേഖകൾ അക്ഷാംശങ്ങൾക്ക് ലംബമായി കടന്നു പോകുന്നു.<br>(സി)രേഖാംശരേഖകൾധ്രുവങ്ങളിൽ കൂടിച്ചേരുന്നു.<br>*പൂജ്യം ഡിഗ്രി രേഖാംശം മാനകരേഖാംശരേഖ എന്ന് അറിയപ്പെടുന്നു.<br>*മാനകരേഖാംശരേഖയ്ക്ക് എതിർ വശത്തുള്ള രേഖാശരേഖയാണ് 180 ഡിഗ്രി രേഖാംശരേഖ(അന്താരാഷ്ട്ര ദിനാങ്ക രേഖ)<br>*0ഡിഗ്രി ,180ഡിഗ്രി എന്നീ രേഖാംശങ്ങൾ ഭൂമിയെ കിഴക്ക് അർദ്ധഗോളം പടിഞ്ഞാറ് അർദ്ധഗോളം എന്നിങ്ങനെ വിഭജിക്കുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-4**

ലോകത്തിന്റെ ഡിജിറ്റൽ ഭുപടം ഉപയോഗിച്ച് ഇന്ത്യ, അമേരിക്ക,ചൈന എന്നീ രാജ്യങ്ങളുടെ സ്ഥാനം അക്ഷാംശരേഖാംശരേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു പട്ടിക പൂർത്തിയാക്കുന്നു.

**പ്രവർത്തനത്തിന്റെ പേര്**

വിവിധ സ്ഥലങ്ങളുടെ സ്ഥാനം പട്ടികപ്പെടുത്തൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഭൂമിയിലെ സ്ഥലങ്ങളുടെ സ്ഥാനനിർണ്ണയം

**സാമഗ്രികൾ**

ലോക ഡിജിറ്റൽ ഭൂപടം,

**വിലയിരുത്തൽ**

വിവിധ സ്ഥലങ്ങളുടെ സ്ഥാന നിർണയം നടത്തിയ പട്ടിക

<table>
<tr><th>പ്രവർത്തന ഘട്ടങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
<u>പ്രവർത്തന ഘട്ടം 1</u><br>
ക്ലാസിൽ ലോക ഡിജിറ്റൽഭൂപടം പ്രദർശിപ്പിക്കുന്നു.ഇന്ത്യയുടെ സ്ഥാനം ഏതൊക്കെ അക്ഷാംശരേഖാംശരേഖകളുടെ ഇടയിലാണെന്ന് കണ്ടെത്തുന്നു ക്ലാസിൽ അവതരിപ്പിക്കുന്നു. വിവിധ രാജ്യങ്ങളുടെ സ്ഥാനം ഏതൊക്കെ അക്ഷാംശരേഖാംശരേഖകളുടെ ഇടയിലാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.<br>
പാഠപുസ്തകത്തിലെ പട്ടിക പൂർത്തികരിക്കാൻ ആവശ്യപ്പെടുന്നു.
<table>
<tr><th>രാജ്യം</th><th>അക്ഷാംശരേഖകൾ</th><th>രേഖാംശരേഖകൾ</th></tr>
<tr><td>ഇന്ത്യ</td><td>8 ഡിഗ്രി വടക്കിനും38 ഡിഗ്രി വടക്കിനും ഇടയിലായി</td><td>68 ഡിഗ്രി കിഴക്കിനും 98 ഡിഗ്രി കിഴക്കിനും ഇടയിലായി</td></tr>
<tr><td>നേപ്പാൾ</td><td>............................</td><td>.............................</td></tr>
<tr><td>യു.എസ്.എ</td><td>............................</td><td>............................</td></tr>
<tr><td>ചൈന</td><td>............................</td><td>............................</td></tr>
</table>
</td><td></td></tr>
</table>

**ആക്ടിവിറ്റി-5**

ദിനരാത്രങ്ങൾ കാണിക്കുന്ന വിഡീയോ പ്രദർശനം പാഠപുസ്തക വിവരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചർച്ച-സൂചകം-ദിനരാത്രങ്ങളുടെ കാരണങ്ങൾ ഒാരോ ചലനത്തിനും വേണ്ട സമയം.

**പ്രവർത്തനത്തിന്റെ പേര്**

ഭൂമിയുടെ ഭൂമണഫലങ്ങൾ വിശദീകരിക്കൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഭൂമണം-ഫലങ്ങൾ

**സാമഗ്രികൾ**

വീഡിയോ-രാത്രിയും പകലും ഉണ്ടാകുന്നു, വീഡിയോ-ദിനരാത്രങ്ങൾ

**വിലയിരുത്തൽ**

ഭ്രമണ ഫലങ്ങൾ-കുറിപ്പ്

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>ദിനരാത്രങ്ങൾ കാണിക്കുന്ന വീഡിയോ പ്രദർശനം, പാഠപുസ്തക വിവരണം, എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചർച്ച.<br><u>സൂചകം</u><br>* ഭ്രമണ ഫലങ്ങൾ<br><u>ക്രോഡീകരണം</u><br>* ഭൂമി സ്വന്തം അച്ചുതണ്ടിൽ സ്വയം തിരിയുന്നതിനെ ഭ്രമണം എന്നു പറയുന്നു.<br>* ഭ്രമണം മൂലം സൂര്യന് അഭിമുഖമായി വരുന്ന ഭാഗം പ്രകാശിതമാകുന്നതിനാൽ പകൽ അനുഭവപ്പെടുന്നു.എന്നാൽ മറുഭാഗത്ത് സൂര്യപ്രകാശം എത്താത്തതിനാൽ രാത്രിയായിരിക്കും.<br>*ഭൂമിയിൽ രാവും പകലും മാറി മാറി അനുഭവപ്പെടുന്നത് ഭ്രമണം മൂലമാണ്.<br>* സമയ വ്യത്യാസത്തിന്റെ അടിസ്ഥാനവും ഭ്രൂമണമാണ്.<br>* ഭൂമിക്ക് ഒരു ഭ്രമണം പൂർത്തിയാക്കൽ 24 മണിക്കൂർ സമയം വേണം .ഇതിനെ ഒരു ദിവസമായി കണക്കാക്കുന്നു.<br>* ഭൂമി പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഭ്രമണം ചെയ്യുന്നു. ഇതിനാൽ സൂര്യൻ കിഴക്കു നിന്ന് പടിഞ്ഞാറോട്ട് നീങ്ങുന്നതായി നമുക്ക് തോന്നുന്നു.<br>* ആദ്യം പ്രകാശം എത്തുന്നത് കിഴക്കു ഭാഗത്തായതിനാൽ സൂര്യൻ കിഴക്ക് ഉദിക്കുന്നതായും പടിഞ്ഞാറ് അസ്തമിക്കുന്നതായും അനുഭവപ്പെടുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-6**

ഭൂമിയുടെ പരിക്രമണം കാണിക്കുന്ന വിഡീയോ,പാഠഭാഗത്തിന്റെ സ്ലൈഡ് നിരീക്ഷണം-,ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഭൂമിയുടെ പരിക്രമണ ഫലങ്ങൾ വിശദീകരിക്കൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

പരിക്രമണം,ഫലങ്ങൾ,കാലാവസ്ഥ മാറ്റങ്ങൾ സൂര്യന്റെ സ്ഥാനമാറ്റം.

**സാമഗ്രികൾ**

Working model revalution ഭൂമിയുടെ പരിക്രമണത്തിന്റെ വിഡിയോ, പാഠഭാഗത്തിലെ സ്ളൈഡ്- മാറുന്ന കാലങ്ങൾ

**വിലയിരുത്തൽ**

പരിക്രമണ ഫലങ്ങൾ-കുറിപ്പ്

| പ്രവർത്തന ഘട്ടങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ഭൂമിയുടെ പരിക്രമണം കാണിക്കുന്ന വീഡിയോ,പാഠഭാഗത്തിന്റെ സ്ലൈഡ് നിരീക്ഷണം.-ഭൂമിയുടെ പരിക്രമണ ഫലങ്ങൾ-ചർച്ച<br>**ചർച്ചാസൂചകം**<br>* എന്താണ് പരിക്രമണം?<br>* ഒരു പരിക്രമണം പൂർത്തീകരിക്കുവാൻ ഭൂമിക്ക് എത്ര ദിവസങ്ങൾ വേണം?<br>* പരിക്രമണത്തിന്റെ ഫലങ്ങൾ എന്തെല്ലാം?<br>**ക്രോഡീകരണം**<br>* ഭൂമി അതിന്റെ അച്ചുതണ്ടിനെ ആധാരമാക്കി സ്വയം കറങ്ങുന്നതിനോടൊപ്പം സൂര്യനെ വലം വയ്ക്കുകയും ചെയ്യുന്നു ഈ വലം വെയ്ക്കലിനെ പരിക്രമണം എന്നു പറയുന്നു<br>*.ഒരു പരിക്രമണം പൂർത്തീകരിക്കുവാൻ ഭൂമിക്ക് $365^{1/4}$ ദിവസം വേണം. ഇതാണ് ഒരു വർഷം എന്നറിയപ്പെടുന്നത്.<br>* (എ)പരിക്രമണത്തിന്റെ ഫലമായി ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിന് മാറ്റമുണ്ടാകുന്നു.<br>(ബി) സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റം ഒരേ പ്രദേശത്ത് വ്യത്യസ്ത താപസാഹചര്യങ്ങൾക്കും അതിലൂടെ ഋതുക്കൾ) ഉണ്ടാകുന്നതിനും കാരണമാകുന്നു.<br>(സി) അന്തരീക്ഷസ്ഥിതിയിലെ മാറ്റങ്ങളും സസ്യജന്തുജാലങ്ങളിലെ കാലിക മാറ്റങ്ങളും(സസ്യങ്ങളുടെ ഇലപൊഴിക്കൽ- പുഷ്പിക്കൽ-കായ്ക്കൽ)ഋതുക്കൾക്ക് അനുസൃതാണ്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

# 6 - വൈവിധ്യങ്ങളുടെ ലോകം

**ആക്ടിവിറ്റി-1**

വിവിധ കാലവസ്ഥ മേഖലകളിലെ സസ്യജാലങ്ങളുടെ വീഡിയോ വിശകലനം,കാലവസ്ഥ മേഖലകൾ രേഖപ്പെടുത്തിയ ഡിജിറ്റൽ ലോകഭൂപട നിരീക്ഷണം,ചർച്ച എന്നിവയിലൂടെ ലോകത്തിലെ വിവിധകാലവസ്ഥ മേഖലകൾ പട്ടികപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തനത്തിന്റെ പേര്**

വിവിധ കാലാവസ്ഥ മേഖലകളെ തിരിച്ചറിയൽ

**സാമഗ്രികൾ**

ലോക ഭൂപടം(വിവിധ കാലാവസ്ഥ മേഖലകൾ),അറ്റ്ലസ്സ് ,വിവിധ കാലവസ്ഥ മേഖലകളിലെ സസ്യജാലങ്ങളുടെ വീഡിയോ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

കാലാവസ്ഥ,സസ്യജന്തു ജാലങ്ങൾ തുടങ്ങയവയിൽ ഏറെക്കുറെ സമാനത പുലർത്തുന്ന ഭൂരൂപങ്ങളാണ് കാലാവസ്ഥ മേഖലകൾ.

**വിലയിരുത്തൽ**

കാലാവസ്ഥ മേഖലകൾ എന്ന ആശയത്തിന്റെ കുറിപ്പ്, വിവിധ കാലാവസ്ഥ മേഖലകളുടെയും വൻകരകളുടെയും പൂർത്തികരിച്ച പട്ടിക.

**തുടർപ്രവർത്തനങ്ങൾ**

നിങ്ങൾ പരിചയപ്പെട്ട കാലാവസ്ഥ മേഖലകളെ വ്യത്യസ്ത നിറങ്ങളുപയോഗിച്ച് ലോക ഭൂപടത്തിൽ രേഖപ്പെടുത്തുക.

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
പ്രവർത്തന ഘട്ടങ്ങൾ<br>
<u>പ്രവർത്തന ഘട്ടം 1</u><br>
വിവിധ കാലാവസ്ഥ മേഖലകളിലെ സസ്യ ജാലങ്ങളുടെ വീഡിയോ വിശകലനം.ചർച്ച.<br>
<u>ചർച്ചാ സൂചകങ്ങൾ:-</u><br>
* സസ്യജാല വൈവിധ്യം<br>
* കാലാവസ്ഥ വൈവിധ്യം<br>
<u>ക്രോഡീകരണം:-</u><br>
* സസ്യ ജാലങ്ങളിൽ കണ്ട വൈവിധ്യങ്ങൾക്ക് കാരണം കാലാവസ്ഥ സവിശേഷതകളാണ്.<br>
* സസ്യ ജാലങ്ങളിലെന്നപോലെ ജന്തു ജാലങ്ങളിലും ജനജീവിതത്തിലും ഇത്തരത്തിൽ വൈവിധ്യങ്ങളുണ്ട്.<br>
* കാലാവസ്ഥ,സസ്യജന്തു ജാലങ്ങൾ തുടങ്ങിയവയിൽ ഏറെക്കുറെ സമാനത പുലർത്തുന്ന ഭൂരൂപങ്ങളാണ് കാലാവസ്ഥ മേഖലകൾ.<br>
* ലോകത്ത് വിവിധ കാലാവസ്ഥ മേഖലകളുണ്ട്.<br>
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>
<u>പ്രവർത്തന ഘട്ടം 2</u><br>
വിവിധ കാലാവസ്ഥ മേഖലകൾ രേഖപ്പെടുത്തിയ ഡിജിറ്റൽ ലോക ഭൂപടം ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നു(വിവിധ കാലാവസ്ഥ മേഖലകൾ രേഖപ്പെടുത്തിയ ഡിജിറ്റൽഭൂപട നിരീക്ഷണം ). വിവിധ കാലാവസ്ഥ മേഖലകളെ പട്ടികപ്പെടുത്തുന്നു<br>
ലോകത്തിലെ വിവിധകാലാവസ്ഥ മേഖലകൾ - പട്ടികപ്പെടുത്തൽ.
<table>
<tr><td>ലോകത്തിലെ വിവിധകാലാവസ്ഥ മേഖലകൾ</td></tr>
<tr><td>മധ്യരേഖ കാലാവസ്ഥമേഖല</td></tr>
<tr><td>മൺസൂൺ കാലാവസ്ഥമേഖല</td></tr>
<tr><td>..........................................</td></tr>
<tr><td>........................................</td></tr>
<tr><td>......................................</td></tr>
<tr><td>......................................</td></tr>
<tr><td>....................................</td></tr>
<tr><td>..................................</td></tr>
<tr><td>.....................................</td></tr>
<tr><td>.....................................</td></tr>
</table>
കാലാവസ്ഥ മേഖലകൾ എന്ന ആശയം ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു
</td><td></td></tr>
</table>

| | |
|---|---|

**ആക്റ്റിവിറ്റി-2**
വിവിധ കാലവസ്ഥ മേഖലകളിലെ സസ്യജന്തു ജാലങ്ങളുടെ വീഡിയോനിരീക്ഷണം, അറ്റ് ലസ്സ്നിരീക്ഷണം, ലോക ഭൂപട ( കാലാവസ്ഥ മേഖലകൾ)നിരീക്ഷണം, ചർച്ച കുറപ്പ്(വിവിധ കാലവസ്ഥ മേഖലകളുടെ സവിശേഷതകൾ)വിശകലനം, ഡിജിറ്റൽ ഭൂപടം(വിവിധ കാലാവസ്ഥ മേഖലകൾ) എന്നിവയിലൂടെ വിവിധ കാലവസ്ഥ മേഖലകളുടെ സവിശേഷതകൾ (അക്ഷാംശിയ സ്ഥാനം,കാലാവസ്ഥ,സസ്യ ജന്തു ജാലങ്ങൾ)സംബന്ധിച്ച തരതമ്യ പട്ടിക തയ്യാറാക്കുന്നു.

**പ്രവർത്തനത്തിന്റെ പേര്**
വിവിധ കാലവസ്ഥ മേഖലകളിലെ അക്ഷാംശ വ്യാപ്തിസസ്യജാലങ്ങൾ ,ജന്തുജാലങ്ങൾ , എന്നിവ താരതമ്യം ചെയ്യല്

**സാമഗ്രികൾ**
വിവിധ കാലാവസ്ഥ മേഖലകളുടെ സവിശേഷതകൾ(കാലാവസ്ഥ, സസ്യജന്തു ജാലങ്ങൾ)വീഡിയോ , ഡിജിറ്റൽ ഭൂപടം (വിവിധ കാലാവസ്ഥ മേഖലകൾ)ലോക ഭൂപടം(വിവിധ കാലാവസ്ഥ മേഖലകൾ)അറ്റ് ലസ്സ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
വിവിധ കാലാവസ്ഥ മേഖലകളുടെ സവിശേഷതകൾ, മധ്യരേഖ കാലാവസ്ഥ മേഖല- അക്ഷാംശിയ സ്ഥാനം,കാലാവസ്ഥ,സസ്യ ജന്തു ജാലങ്ങൾ, ഉഷ്ണ മരുഭൂമികൾ- അക്ഷാംശിയ സ്ഥാന. ,കാലാവസ്ഥ,സസ്യ ജന്തു ജാലങ്ങൾ, തുന്ദ്ര മേഖല- അക്ഷാംശിയ സ്ഥാനം,കാലാവസ്ഥ,സസ്യ ജന്തു ജാലങ്ങൾ

**വിലയിരുത്തൽ**
വിവിധ കാലാവസ്ഥ മേഖലകളുടെ സവിശേഷതകൾ-കുറിപ്പ്,വിവിധ കാലവസ്ഥ മേഖലയിലുൾപ്പെട്ട പ്രദശങ്ങൾ രേഖപ്പെടുത്തിയ പട്ടിക, വിവിധ കാലവസ്ഥ മേഖലകളുടെ സവിശേഷതകൾ തരതമ്യം ചെയ്ത പട്ടിക.

**തുടർപ്രവർത്തനങ്ങൾ**
ലോകത്തിലെ മറ്റ് കാലാവസ്ഥ മേഖലകളിലെ സസ്യജാലങ്ങൾ,ജന്തുജാലങ്ങൾ ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടങ്ങൾ**<br>**<u>പ്രവർത്തന ഘട്ടം 1</u>**<br>മധ്യരേഖാ കാലാവസ്ഥയുടെ വീഡിയോ നിരീക്ഷണം. (പാഠഭാഗത്തിലെ കോംഗോ നദീതട സവിശേഷതയുമായി ബന്ധപ്പെട്ട വിവരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്).ലോക കാലാവസ്ഥ ഭൂപടം,അറ്റ് ലസ്സ് എന്നിവ ഗ്രൂപ്പുതലത്തിൽ നിരീക്ഷിക്കുന്നു. .ഗ്രൂപ്പുതല ചർച്ച.<br>**<u>ചർച്ചാ സൂചകങ്ങൾ:-</u>**<br>* സവിശേഷതകൾക്കുള്ള കാരണം<br>* സമാനമായ സവിശേഷതകൾക്ക് സാധ്യതയുള്ള മറ്റ് പ്രദേശങ്ങൾ<br>* അക്ഷാംശീയ സ്ഥാനം.<br>**<u>ക്രോഡീകരണം:-</u>**<br>* ഭൂമിയുടെ എല്ലാ പ്രദേശത്തും സൂര്യപ്രകാശ ലഭ്യത ഒരുപോലെയല്ല.<br>* ഭൂമധ്യരേഖയോട് അടുത്ത് സ്ഥിതിചെയ്യുന്നു എന്നതാണ് കാലാവസ്ഥ സവിശേഷതകൾക്ക് കാരണം.<br>* കാലാവസ്ഥ സവിശേഷതകൾ സസ്യജന്തു വൈവിധ്യങ്ങൾക്ക് കാരണമാകുന്നു<br>* തെക്കേ അമേരിക്കയിലെ ആമസോൺ നദീതടത്തിലും തെക്ക്-കിഴക്ക് ഏഷ്യയിലെ മലേഷ്യ,ഇന്തോനേഷ്യ തുടങ്ങിയ പ്രദേശങ്ങളിലും സമാനസവിശേഷതകൾ നിലനിൽക്കുന്നു<br>* ഭൂമധ്യരേഖയിൽ നിന്ന് 10 ഡിഗ്രി തെക്കും 10 ഡിഗ്രി വടക്കും അക്ഷാംശങ്ങൾക്ക് ഇടയിലുള്ള ഭൂപ്രദേശങ്ങൾക്ക് മധ്യരേഖ കാലാവസ്ഥ മേഖല എന്നു പറയുന്നു.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>മധ്യരേഖ കാലാവസ്ഥ മേഖല ഉൾപ്പെടുന്ന ഡിജിറ്റൽ ഭൂപടം ഗ്രൂപ്പു തലത്തിൽ നിരീക്ഷിക്കുന്നു. മധ്യരേഖ കാലാവസ്ഥ മേഖല ഉൾപ്പെടുന്ന വൻകരകളുടെയും പ്രദേശങ്ങളുടെയും പട്ടിക പൂർത്തികരിക്കൽ. | |

| **വൻകരകൾ** | **പ്രദേശങ്ങൾ** |
|---|---|

| | |
|---|---|
| ആഫ്രിക്ക | കോംഗോ നദിതടം |
| ........................... | ................................... |
| ........................... | ...................................... |

**പ്രവർത്തന ഘട്ടം 3**

മധ്യരേഖാ കാലാവസ്ഥ മേഖലയിലെ സസ്യ ജന്തുജാലങ്ങളുടെ വീഡിയോ നിരീക്ഷണം. (പാഠഭാഗത്തിലെ മധ്യരേഖാ കാലാവസ്ഥ മേഖലയിലെ സസ്യജന്തു സവിശഷതകൾ സംബന്ധിച്ചുള്ള വിവരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്). - ഗ്രൂപ്പ് തല ചർച്ച.

**ചർച്ചാ സൂചകങ്ങൾ:-**

* പ്രധാന സസ്യ സവിശേഷതകൾ
* നിത്യഹരിത വനങ്ങൾ എന്ന ആശയം
* പ്രധാന ജന്തുവർഗങ്ങൾ

**ക്രോഡീകരണം:-**

* മഹാഗണി,എബണി,റോസ് വുഡ് തുടങ്ങിയ കാഠിന്യമേറിയ മരങ്ങൾ,വള്ളിപ്പടർപ്പുകൾ,അടിക്കാടുകൾ,മരവാഴകൾ,പായൽ വർഗ്ഗങ്ങൾ എന്നിവ ധരാളമായി കാണുന്ന നിബിഡ വനങ്ങൾ മധ്യരേഖ കാലാവസ്ഥ മേഖലയുടെ സവിശേഷതയാണ്.
* സമൃദ്ധമായി മഴയും സൂര്യപ്രകാശവും ലഭിക്കുന്നതിനാൽ ഈ വനങ്ങൾ ഇലപൊഴിക്കാറില്ല.അതിനാൽ ഈ വനങ്ങളെ നിത്യഹരിത വനങ്ങൾ എന്നു വിളിക്കുന്നു.
* ആൾകുരങ്ങുകൾ,ലമർ,ഒറാംങ്ങുട്ടാൻ തുടങ്ങിയ കുരങ്ങ് വർഗങ്ങൾ,മരങ്ങളിൽ നിന്ന് മരങ്ങളിലേക്ക് സഞ്ചരിക്കുന്ന ഇഴ ജന്തുക്കൾ,വെള്ളക്കെട്ടിൽ ജീവിക്കുന്ന നീർക്കുതിര,ചീങ്കണ്ണി തുടങ്ങിയ ജന്തുക്കൾ,പക്ഷിവർഗത്തിൽപ്പെട്ട തത്ത,വേഴാമ്പൽ എന്നിവയാണ് ഈ മേഖലയിലെ ജന്തുജാലങ്ങൾ.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 4**

മരുഭൂമികളിലെ സസ്യജന്തുജാലങ്ങളുടെ വീഡിയോ നിരീക്ഷണം.(പാഠഭാഗത്തിലെ മരുഭൂമികളിലെ സസ്യജന്തു സവിശഷതകൾ സംബന്ധിച്ചുള്ള വിവരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്). ലോക കാലാവസ്ഥ ഭൂപടം,അറ്റ് ലസ്സ് എന്നിവ ഗ്രൂപ്പു തലത്തിൽ നിരീക്ഷിക്കുന്നു.ഗ്രൂപ്പു തല ചർച്ച.

**ചർച്ചാ സൂചകങ്ങൾ:-**

* കാലാവസ്ഥ
*പ്രധാന സസ്യജാലങ്ങൾ
* പ്രധാന ജന്തുജാലങ്ങൾ
*അക്ഷാംശിയ സ്ഥാനം.

**ക്രോഡീകരണം:-**

*പകൽതാപം വളരെ കൂടുതലും രാത്രിതാപം വളരെ കുറവും ഉഷ്ണകാലം ചുട്ടുപൊള്ളുന്നതും എന്നാൽ ശൈത്യകാലത്ത് കുറഞ്ഞ അന്തരീക്ഷതാപവും അനുഭവപ്പെടുന്നു. മഴ തീരെ കുറഞ്ഞ പ്രദേശം ഉയർന്ന താപവും വരണ്ട കാറ്റും ജല ദൗർലഭ്യവും അനുഭവപ്പെടുന്ന പ്രദേശം.
* കള്ളിമുൾച്ചെടികൾ,അക്കേഷ്യ തുടങ്ങിയവയാണ് പ്രധാന സസ്യജാലങ്ങൾ.
*  ഒട്ടകം,കഴുത,കുതിര,കുറുക്കൻ,,പാമ്പുവർഗങ്ങൾ,തേൾ,പല്ലിവർഗങ്ങൾ തുടങ്ങിയവയാണ് പ്രധാന ജന്തുജാലങ്ങൾ.
*   ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലുമായി 20ഡിഗ്രി മുതൽ 30ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിൽ പൊതുവെ വൻകരകളുടെ പടിഞ്ഞാറ് ഭാഗത്തായിട്ടാണ് ഉഷ്ണ മരുഭൂമികളുടെ സ്ഥാനം. മരുഭൂമികളിലെ ജലലഭ്യമായ പ്രദേശങ്ങൾ മരുപ്പച്ചകൾ എന്നറിയപ്പെടുന്നു.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 5**

ഉഷ്ണമരുഭൂമികൾ ഉൾപ്പെടുന്ന ഡിജിറ്റൽ ഭൂപടം ഗ്രൂപ്പു തലത്തിൽ നിരീക്ഷിക്കുന്നു. ഉഷ്ണമരുഭൂകളും അവ ഉൾപ്പെടുന്ന വൻകരകളും പട്ടിക പൂർത്തീകരിക്കുന്നു.

| **മരുഭൂമികൾ** | **വൻകരകൾ** |
|---|---|
| സഹാറ | ആഫ്രിക്ക |
| അറേബ്യൻ മരുഭൂമി | ഏഷ്യ |

| | |
|---|---|
| .................. | ................ |
| ..................... | ................ |
| ............... | .................. |
| .................. | ................ |
| ................ | ................... |

**<u>പ്രവർത്തന ഘട്ടം 6</u>**
തുന്ദ്ര മേഖലയിലെ സസ്യ ജന്തുജാലങ്ങളുടെ വീഡിയോ അവതരിപ്പിക്കുന്നു. ലോക കാലാവസ്ഥ ഭൂപടം,അറ്റ് ലസ്സ്,തുന്ദ്രാകാലാവസ്ഥ മേഖലയുടെ ഡിജിറ്റൽ ഭൂപടം എന്നിവ ഗ്രൂപ്പു തലത്തിൽ നിരീക്ഷിക്കുന്നു.ഗ്രൂപ്പു തല ചർച്ച.(പ്രാഠഭാഗത്തിലെ വിവരങ്ങൾ കൂടി ഉപയോഗപ്പെടുത്തണ്ടതാണ്)

**<u>ചർച്ചാ സൂചകങ്ങൾ:-</u>**
*കാലാവസ്ഥ
*പ്രധാന സസ്യജാലങ്ങൾ
*പ്രധാന ജന്തുജാലങ്ങൾ
*അക്ഷാംശിയ സ്ഥാനം

**<u>ക്രോഡീകരണം:-</u>**
* ആറുമാസത്തോളം നീണ്ടു നിൽക്കുന്ന ശൈത്യകാലം. ജൂൺ മാസത്തിൽ അനുഭവപ്പെടുന്ന 10 ഡിഗ്രി സെൽഷ്യസാണ് ഏറ്റവും ഉയർന്നതാപം. മഴയും സസ്യജാലങ്ങളും വളരെക്കുറവ് വിരളമായി മാത്രം ജനവാസമുള്ള തുന്ദ്ര മേഖല ഒരു ശീതമരുഭൂമിയാണ്.
*പന്നൽ,പായൽ,വേനൽക്കലത്ത് മാത്രം പുഷ്പിക്കുന്ന ചെറുസസ്യങ്ങൾ ,കുറ്റിച്ചെടികൾ എന്നിവയാണ് മുഖ്യ സസ്യവർഗ്ഗങ്ങൾ
*ധ്രുവക്കരടികൾ,റെയിൻഡിയർ,തിമിംഗലം,സീൽ,മത്സ്യങ്ങൾ തുടങ്ങിയവയാണ് പ്രധാന ജന്തുജാലങ്ങൾ.
* ഉത്തരാർദ്ധഗോളത്തിൽ ആർട്ടിക് വൃത്തത്തിന്(66 1/2 ഡിഗ്രി) ഉത്തരധ്രുവത്തെ ചുറ്റി സ്ഥിതി ചെയ്യുന്ന കാലാവസ്ഥ മേഖലയാണ് തുന്ദ്ര മേഖല. വടക്കേഅമ്മേരിക്ക,യുറേഷ്യ (യൂറോപ്പ്,ഏഷ്യ)എന്നിവടങ്ങളിലായി വ്യാപിച്ച് കടക്കുന്നു.
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**<u>പ്രവർത്തന ഘട്ടം 7</u>**
വിവിധ കാലാവസ്ഥ മേഖലകളുടെ സ്ഥാനം, സസ്യവർഗ്ഗങ്ങൾ,ജന്തുവർഗ്ഗങ്ങൾ എന്നിവ താരതമ്യം ചെയ്ത് പട്ടിക പൂർത്തീകരിക്കുക.

| **കാലാവസ്ഥ മേഖലകൾ** | **അക്ഷാംശ വ്യാപ്തി** | **സസ്യവർഗ്ഗങ്ങൾ** | **ജന്തുവർഗ്ഗങ്ങൾ** |
|---|---|---|---|
| **മധ്യരേഖ കാലാവസ്ഥ മേഖല** | .................. | ................ | ................ |
| **ഉഷ്ണമരുഭൂമികൾ** | .............. | ............. | ............. |
| **തുന്ദ്രാമേഖല** | ............. | ............. | .............. |

## ആക്ടിവിറ്റി-3
വിവിധ കാലവസ്ഥ മേഖലകളിലെ മനുഷ്യ വർഗങ്ങൾ, ജനജീവിതം എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം,വിവിധ കാലവസ്ഥ മേഖലകളിലെ ജനജീവിതം- ചർച്ചാ കുറിപ്പ് വിശകലനം എന്നിവയിലൂടെ ഈ മേഖലകളിലെ മനുഷ്യ വർഗങ്ങൾ, ജനജീവിതം എന്നിവ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കുന്നു.

**പ്രവർത്തനത്തിന്റെ പേര്**
വിവിധ കാലാവസ്ഥ മേഖലകളിലെ ജനജീവിതം വിശകലനം ചെയ്യൽ

**സാമഗ്രികൾ**
വിവിധ കാലവസ്ഥ മേഖലകളിലെ മനുഷ്യ വർഗങ്ങൾ, ജനജീവിതം വിവിധ കാലവസ്ഥ മേഖലകളിലെ മനുഷ്യ വർഗങ്ങൾ, ജനജീവിതം എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
വിവിധ കാലവസ്ഥ മേഖലകളിലെ ജനജീവിതവും കാലാവസ്ഥ മനുഷ്യ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനവും

**വിലയിരുത്തൽ**

വിവിധ കാലവസ്ഥ മേഖലകളിലെ ജനജീവിതം-ചർച്ചാ കുറിപ്പ് വിവിധ കാലവസ്ഥ മേഖലകളിലെ മനുഷ്യ വർഗങ്ങൾ,ജനജീവിതം എന്നിവയുടെ താരതമ്യ പട്ടിക

**തുടർപ്രവർത്തനങ്ങൾ**

വിവിധ കാലാവസ്ഥ മേഖലകളിലെ ജനജീവിതവുമായി ബന്ധപ്പെട്ട സചിത്ര പതിപ്പ് തയ്യാറാക്കുക.

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
പ്രവർത്തന ഘട്ടങ്ങൾ<br>
<u>പ്രവർത്തന ഘട്ടം 1</u><br>
മധ്യരേഖാ കാലാവസ്ഥ മേഖലയിലെ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം.(പാഠഭാഗത്തിലെപിഗ്മികളുടെ ജീവിത രീതി,വീടു നിർമ്മാണം എന്നിവ സംബന്ധിച്ച ചിത്രങ്ങളും വിവരണങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്) ചർച്ച.<br>
<u>ചർച്ച സൂചകങ്ങൾ:-</u><br>
* ശരീര പ്രകൃതി<br>
* ഭക്ഷണം<br>
* വസ്ത്രം<br>
* പാർപ്പിടം.<br>
* ഉപജീവനം<br>
<u>ക്രോഡീകരണം:-</u><br>
* ഉയരം കുറഞ്ഞ ശരീര പ്രകൃതിയും ഇരുണ്ട നിറവുമാണ് പിഗ്മികൾക്കുള്ളത്.<br>
* കസാവ(മരച്ചീനി), കായ് കനികൾ, വേട്ടയാടിക്കിട്ടിയ മാംസം എന്നിവയാണ് ഇവരുടെ ഭക്ഷണം.<br>
* മാനിന്റെ തുകലും ഇലകളും വസ്ത്രങ്ങളായി ഉപയോഗിക്കുന്നു.<br>
* വനാന്തരങ്ങളിൽ മരച്ചില്ലകളും വലിയ ഇലകളും ഓലകളും കൊണ്ട് അർദ്ധ  വൃത്താകൃതിയിൽ വീട് ഉണ്ടാക്കുന്നു.<br>
* വനവിഭവശേഖരണവും വേട്ടയാടലാണ് പ്രധാന ഉപജീവനം ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>
മധ്യരേഖ കാലാവസ്ഥ മേഖലയിലെ വിവിധ മനുഷ്യ വർഗ്ഗങ്ങളുടെയും അവർ അധിവസിക്കുന്ന സ്ഥലങ്ങളുടെയും പട്ടികപൂർത്തീകരിക്കുന്നു.<br>
<table>
<tr><th>മനുഷ്യ വർഗ്ഗങ്ങൾ</th><th>അധിവസിക്കുന്ന പ്രദേശങ്ങൾ</th></tr>
<tr><td>പിഗ്മികൾ</td><td>കോംഗോ നദീതടം</td></tr>
<tr><td>............</td><td>..............</td></tr>
<tr><td>...........</td><td>.............</td></tr>
<tr><td>..........</td><td>..............</td></tr>
</table>
<br>
<u>പ്രവർത്തന ഘട്ടം 2</u><br>
മരുഭൂമികളിലെ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം.ചർച്ച.(പാഠഭാഗത്തിലെ വിവരങ്ങൾ കൂടി ഉപയോഗപ്പെടുത്തണ്ടതാണ്)<br>
<u>ചർച്ച സൂചകങ്ങൾ:-</u><br>
* ജീവിതോപാധി<br>
* ഭക്ഷണം<br>
* തൊഴിൽ<br>
* വസ്ത്രധാരണം<br>
* വീടു നിർമ്മാണം<br>
<u>ക്രോഡീകരണം:-</u><br>
* വേട്ടയാടലും കന്നുകാലി വളർത്തലുമാണ് പ്രധാന ജീവിതോപാധി.<br>
* മാംസം,പാൽ,തിനവർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാന ഭക്ഷണം.<br>
* മരുഭൂമിയിലെ ജലലഭ്യമായ പ്രദേശങ്ങളെയാണ് മരുപ്പച്ചകൾ എന്നുവിളിക്കുന്നത്.
</td><td></td></tr>
</table>

* മരുപ്പച്ചകളിലെ പ്രധാന തൊഴിൽ കൃഷിയും കന്നുകാലി വളർത്തലുമാണ് .
* ഇളം നിറത്തിലുള്ള അയഞ്ഞതും,മുഖം മറയ്ക്കുന്നതുമായ ശിരോവസ്ത്രങ്ങൾ വസ്ത്രധാരണത്തിലെ പ്രത്യേകതകളാണ്.
* ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 3**

തുന്ദ്ര മേഖലയിലെ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം.(പാഠഭാഗത്തിലെ ഇന്യൂട്ടുകളുടെ ജീവിത രീതി,വീടു നിർമ്മാണം എന്നിവ സംബന്ധിച്ച ചിത്രങ്ങളും വിവരണങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്) .ചർച്ച.

**ചർച്ച സൂചകങ്ങൾ:-**

* ഇന്യൂട്ടുകളുടെ ജീവിതോപാധി.
* വീടു നിർമ്മാണം .
* ഭക്ഷണം.
* വസ്ത്രധാരണം.
* സഞ്ചാരം.

**ക്രോഡീകരണം:-.**

*മൃഗവേട്ടയും മത്സ്യബന്ധനവുമാണ് പ്രധാന ജീവിതോപാധി.
* മഞ്ഞുകട്ടകൾ കൊണ്ട് ശൈത്യകാലത്തേക്ക് നിർമ്മിക്കുന്ന താൽക്കലിക വാസസ്ഥലങ്ങൾ ആണ് ഇഗ്ലു.
* വേനൽകാലത്ത് തിമിംഗലത്തിന്റെ എല്ലും പരുക്കൻ കല്ലുകളും തുകലും ഉപയോഗിച്ച് ഇവർ വീട് നിർമ്മിക്കുന്നു..
*സീൽ,റയിൻഡിയർ,ഹിമക്കരടി എന്നിവയുടെ മാംസം ഭക്ഷണമായി ഉപയോഗിക്കുന്നു..
* തുകൽ കൊണ്ട് നിർമ്മിച്ചതും വായുകടക്കാത്തതുമായ പാദരക്ഷകളും രോമ നിർമ്മിതവും ഇരട്ടപ്പാളികളും ഉള്ള ട്രൗസറുകളും ജാക്കറ്റകകളും ഇവരുടെ വസ്ത്ര ധാരണരീതിയിൽ ഉൾപ്പെടുന്നു.
* വളർത്തു നായ്ക്കൾ വലിക്കുന്ന പരന്ന സ്ലെഡ്ജുകളിൽ ഇന്യൂട്ടുകൾ സഞ്ചരിക്കുന്നു.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടം 4**

ചർച്ചാ കുറിപ്പ് വിശകലനം ചെയ്ത് വിവിധ കാലവസ്ഥ മേഖലകളിലെ മനുഷ്യ വർഗ്ഗങ്ങൾ,ജനജീവിതം എന്നിവ താരതമ്യം ചെയ്ത്പട്ടിക പൂർത്തീകരിക്കുന്നു.

| **കാലാവസ്ഥ മേഖലകൾ** | **മനുഷ്യ വർഗ്ഗങ്ങൾ** | **ജനജീവിതം** |
|---|---|---|
| **മധ്യരേഖ കാലാവസ്ഥ മേഖല** | ................ | ...................................... |
| **ഉഷ്ണമരുഭൂമികൾ** | ............. | .................................... |
| **തുന്ദ്രാമേഖല** | ............ | ............................ |

## ആക്ടിവിറ്റി-4

വിവിധ കാലവസ്ഥ മേഖലകളിലെ സസ്യജന്തു ജാലങ്ങൾ,ജനജീവിതം,മനുഷ്യ വർഗ്ഗങ്ങൾ തുടങ്ങയവയുടെ ചിത്രങ്ങൾ ഇന്ററെർനെറ്റിൽ നിന്ന് ശേഖരിച്ച് ഡിജറ്റൽ ആൽബം തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

## പ്രവർത്തനത്തിന്റെ പേര്

വിവിധ കാലാവസ്ഥാമേഖലകളിലെ സസ്യജാലങ്ങൾ,ജന്തുജാലങ്ങൾ,മനുഷ്യവർഗ്ഗങ്ങൾ എന്നിവയുടെ ഡ്ജിറ്റൽ ആൽബം തയ്യാറക്കൽ

## സാമഗ്രികൾ

ഇന്റെനെറ്റിൽ നിന്നും ശേഖരിച്ച വിവിധ കാലവസ്ഥ മേഖലകളിലെ സസ്യ ജന്തുജാലകങ്ങലുടേടും മനുഷ്യവർഗ്ഗങ്ങളുടെയും ചിത്രങ്ങൾ സസ്യജന്തു ജാലങ്ങളുടെയും, മനുഷ്യർഗങ്ങളുടെയും ചിത്രങ്ങൾ.

## ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ

വിവിധ കാലീവസ്ഥ മേഖലകളുടെ സവിശേഷതകൾ,. മധ്യരോഖ കാലാവസ്ഥ മേഖല,- സസ്യ ജന്തു ജാലങ്ങൾ,, മനുഷ്യ വർഗങ്ങൾ, ഉഷ്ണ മരുഭൂമികൾ,- സസ്യ ജന്തു ജാലങ്ങൾ, മനുഷ്യ വർഗങ്ങൾ, തുന്ദ്ര മേഖല- സസ്യ ജന്തു ജാലങ്ങൾ,,മനുഷ്യ വർഗങ്ങൾ.

**വിലയിരുത്തൽ**

വിവിധ കാലാവസ്ഥ മേഖലകളിലെ സസ്യ ജന്തു ജാലങ്ങൾ, മനുഷ്യ വർഗങ്ങൾ എന്നിവ ഉൾപ്പെടുന്ന ഡിജറ്റൽ ആൽബം

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടങ്ങൾ**<br>**<u>പ്രവർത്തന ഘട്ടം 1</u>**<br>മധ്യരേഖ കാലാവസ്ഥ മേഖലയിലെ സസ്യജന്തു ജാലങ്ങൾ,ജനജീവിതം,മനുഷ്യ വർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ചുള്ള ചിത്രങ്ങൾ ഇന്ററർനെറ്റിൽ നിന്ന് ശേഖരിച്ച് പ്രത്യേകം ഫോൾഡറിൽ സൂക്ഷിക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>ഉഷ്ണമരുഭൂമിയിലെ സസ്യജന്തു ജാലങ്ങൾ,ജനജീവിതം,മനുഷ്യ വർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ചുള്ള ചിത്രങ്ങൾഇന്ററർനെറ്റിൽ നിന്ന് ശേഖരിച്ച് പ്രത്യേകം ഫോൾഡറിൽ സൂക്ഷിക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 3</u>**<br>തുന്ദ്രാമേഖലയിലെ സസ്യജന്തു ജാലങ്ങൾ,ജനജീവിതം,മനുഷ്യ വർഗ്ഗങ്ങൾ എന്നിവ സംബന്ധിച്ചുള്ള ചിത്രങ്ങൾ ഇന്ററർനെറ്റിൽ നിന്ന് ശേഖരിച്ച് പ്രത്യേകം ഫോൾഡറിൽ സൂക്ഷിക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 4</u>**<br>വിവിധ കാലാവസ്ഥ മേഖലകളിലെ സസ്യജന്തു ജാലങ്ങൾ,ജനജീവിതം,മനുഷ്യ വർഗ്ഗങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ ഇന്ററർനെറ്റിൽ നിന്ന് ശേഖരിച്ച്ഫോൾഡറിൽ സൂക്ഷിച്ചിരിക്കന്നത് ഏകാപിപ്പിച്ചു ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | |

**ആക്ടിവിറ്റി-5**

വിവിധ കാലവസ്ഥ മേഖലകളിലെ പ്രധാന പ്രകൃതി വിഭവങ്ങൾ,പ്രധാന നഗരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം, അറ്റ് ലസ്സ് നിരീക്ഷണം,അനുബന്ധം 7- വായനാ സാമഗ്രി,പ്രകൃതി വിഭവ വൈവിധ്യം-ചർച്ചാ കുറിപ്പ് വിശകലനം എന്നിവയിലൂടെ വിവിധ കാലാവസ്ഥമേഖലകളിലെ പ്രകൃതി വിഭവ വൈവിധ്യങ്ങൾ പട്ടികപ്പെടുത്തുന്നു.

**പ്രവർത്തനത്തിന്റെ പേര്**

വിവിധ കാലാവസ്ഥ മേഖലകളിലെ പ്രകൃതിവിഭവ വൈവിധ്യങ്ങൾ വിശകലനം ചെയ്യൽ

**സാമഗ്രികൾ**

അറ്റ് ലസ്സ് ,അനുബന്ധം 7 വായനാ സാമഗ്രി ,വിവിധ കാലവസ്ഥ മേഖലകളിലെ പ്രധാന പ്രകൃതി വിഭവങ്ങൾ,പ്രധാന നഗരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

വിവിധ കാലാവസ്ഥമേഖലകളിലെ പ്രകൃതി വിഭവ വൈവിധ്യങ്ങൾ

**വിലയിരുത്തൽ**

വിവിധ കാലവസ്ഥ മേഖലകളിലെ പ്രകൃതി വിഭവ വൈവിധ്യം-ചർച്ചാ കുറിപ്പ് വിവിധ കാലവസ്ഥ മേഖലകളിലെ പ്രകൃതി വിഭവ വൈവിധ്യങ്ങളുടെ പട്ടിക

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടങ്ങൾ**<br>**<u>പ്രവർത്തന ഘട്ടം 1</u>**<br>(മധ്യരേഖ കാലാവസ്ഥ മേഖലയിലെ പ്രകൃതി വിഭവങ്ങൾ,പ്രധാന നഗരങ്ങൾ എന്നിവയുടെ വീഡിയോ നിരീക്ഷണം ) . അറ്റ് ലസ്സ്നിരീക്ഷണം. ചർച്ച.(പാഠഭാഗത്തിലെ വിവരങ്ങൾ കൂടി ഉപയോഗപ്പെടുത്തണ്ടതാണ്)<br>**<u>ചർച്ച സൂചകങ്ങൾ:-</u>**<br>* പ്രധാന മാനുഷിക പ്രവർത്തനം<br>* പ്രധാന പ്രകൃതി വിഭവങ്ങൾ<br>**<u>ക്രോഡീകരണം:-</u>** | |

| | |
|---|---|
| * മധ്യരേഖ കാലാവസ്ഥ മേഖല പൂർണ്ണമായും വനപ്രദേശങ്ങളല്ല. കൃഷി, ഖനനം,വ്യവസായം എന്നിവയിലൂടെ നഗരവൽക്കരണം നടന്നിട്ടുണ്ട്.<br>* ടിൻ,ചെമ്പ്,യുറേനിയം,പെട്രോളിയം,വജ്രം<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>(അറേബ്യയിലെ പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം. അറ്റ് ലസ്സ്നിരീക്ഷണം) - .ചർച്ച.<br>**<u>ചർച്ച സൂചകങ്ങൾ:-</u>**<br>*പ്രധാന മാനുഷിക പ്രവർത്തനം<br>* പ്രധാന പ്രകൃതി വിഭവങ്ങൾ<br>**<u>ക്രോഡീകരണം:-</u>**<br>* ഉഷ്ണമരുഭൂമികളിൽ ധാതു നിക്ഷേപങ്ങൾ/പെട്രോളിയം നിക്ഷേപങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഖനന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് ഇത് ജനങ്ങളെ ഇവിടേക്ക് ആകർഷിക്കുകയും വൻ നഗരങ്ങൾ രൂപപ്പെടുകയും ചെയ്യു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു<br>**<u>പ്രവർത്തന ഘട്ടം 3</u>**<br>(തുന്ദ്രാമേഖലയിലെ പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട വീഡിയോ നിരീക്ഷണം).അറ്റ് ലസ്സ്നിരീക്ഷണം.ചർച്ച<br>(തുന്ദ്രാമേഖലയുമായി ബന്ധപ്പെട്ട വായനാ സാമഗ്രി-അനുബന്ധം 7 ഉപയോഗപ്പടുത്താവുന്നതാണ്.) ചർച്ച<br>**<u>ചർച്ചാസൂചകങ്ങൾ:-</u>**<br>* പ്രധാന മാനുഷിക പ്രവർത്തനം<br>*പ്രധാന പ്രകൃതി വിഭവങ്ങൾ<br>**<u>ക്രോഡീകരണം:-</u>**<br>തുന്ദ്രാമേഖലയിൽ ധാതു നിക്ഷേപങ്ങൾ/പെട്രോളിയം നിക്ഷേപങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഖനന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് സൈബീരിയ പ്രദേശത്ത് കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം, ഇരുമ്പ്, നാകം എന്നിവയുടെ നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 4</u>**<br>കുറിപ്പ് വിശകലനം ചെയ്ത് വിവിധ കാലാവസ്ഥമേഖലകളിലെ പ്രകൃതി വിഭവ വൈവിധ്യങ്ങളുടെ താരതമ്യ പട്ടിക പെടുത്തുന്നു. | |

| **കാലാവസ്ഥ മേഖലകൾ** | **പ്രകൃതി വിഭവങ്ങൾ** |
|---|---|
| മധ്യരേഖ കാലാവസ്ഥ മേഖല | ഖനനവസ്തുക്കൾ(ട്രിൻ,ചെമ്പ്, യുറേനിയം,പെട്രോളിയം,വജ്രം) കാർഷിക ഉൽപ്പന്നങ്ങൾ (റബ്ബർ,കോഫി,കൊക്കോ,തെങ്ങ്) |
| .............. | ....................... |
| ................ | ............... |

**ആക്ടിവിറ്റി-6**

താപീയ മേഖലകൾ അടയാളപ്പടുത്തിയ ഭൂമിയുടെചിത്ര വിശകലനത്തിലൂടെ പ്രധാന കാലാവസ്ഥ മേഖലകളെ താപീയ മേഖലകൾക്കനുസൃതമായി വർഗീകരിച്ച് പട്ടികപ്പടുത്തൽ.

**പ്രവർത്തനത്തിന്റെ പേര്**

കാലവസ്ഥ മേഖലകളെ താപീയ മേഖലകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കൽ

**സാമഗ്രികൾ**

താപീയ മേഖലകൾ അടയാളപ്പടുത്തിയ ഭൂമിയുടെചിത്രം

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

താപീയ മേഖലകളും പ്രധാന കാലാവസ്ഥ മേഖലകളും-ഉഷ്ണ മേഖല,മിതോഷ്ണ മേഖല,ശൈത്യ മേഖല.

**വിലയിരുത്തൽ**

താപീയമേഖലകളുടെ രൂപപ്പെടൽ-ചർച്ചാ കുറിപ്പ്. വിവിധ കാലാവസ്ഥ മേഖകളും താപീയ മേഖലകളും വർഗീകരിച്ച പട്ടിക.

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
പ്രവർത്തന ഘട്ടങ്ങൾ<br>
<u>പ്രവർത്തന ഘട്ടം 1</u><br>
താപീയ മേഖലകൾ അടയാളപ്പെടുത്തിയ ഭൂമിയുടെചിത്ര വിശകലനം(സ്ലൈഡ്). - ചർച്ച.<br>
<u>ചർച്ചാസൂചകം:-</u><br>
* താപീയ മേഖലകളുടെ രൂപീകരണം - അടിസ്ഥാനവസ്തുതകൾ-<br>
<u>ക്രോഡീകരണം:-</u><br>
* ഭൂമധ്യരേഖയിൽ നിന്ന് ഇരു ധ്രുവങ്ങളിലേക്കും പോകുമ്പോൾ സൗരോർജ ലഭ്യതയിലുണ്ടാകുന്ന വ്യത്യാസം അടിസ്ഥാനമാക്കിയാണ് താപീയ മേഖലകൾ രൂപപ്പെടുന്നത്. താപീയ മേഖലകൾക്കുള്ളിലെ ഓരോ പ്രദേശത്തിന്റെയും സ്ഥാനം,ഉയരം,സമുദ്ര സാമീപ്യം തുടങ്ങിയ സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവിധ കാലാവസ്ഥ മേഖലകൾ രൂപപ്പെടുന്നു.<br>
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>
<u>പ്രവർത്തന ഘട്ടം 2</u><br>
പ്രധാന കാലാവസ്ഥ മേഖലകളെ താപീയ മേഖലകൾക്കനുസൃതമായിവർഗീകരിച്ച് പട്ടികപ്പെടുത്തുന്നു.
<table>
<tr><td>കാലാവസ്ഥ മേഖലകൾ</td><td>താപീയ മേഖലകൾ</td></tr>
<tr><td>മധ്യരേഖ കാലാവസ്ഥ മേഖല</td><td>ഉഷ്ണമേഖല</td></tr>
<tr><td>.............................</td><td>..............................</td></tr>
<tr><td>.........................</td><td>...........................</td></tr>
</table>
</td><td></td></tr>
</table>

# 7 - മധ്യകാല ഇന്ത്യ : കലയും സാഹിത്യവും

**ആക്ടിവിറ്റി-1**
മധ്യകാല ഇന്ത്യയിലെ ക്ഷേത്ര നിർമ്മാണ രീതിയുടെ സവിശേഷതകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോ,ചിത്ര ആൽബം നിരീക്ഷണം-. ക്ഷേത്ര നിർമ്മാണ രീതികളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ -വർക്ക്ഷീറ്റ് പൂർത്തിയാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
മധ്യകാല ഇന്ത്യയിലെ ക്ഷേത്രനിർമ്മാണ രീതികളുടെ സവിശേഷതകൾ വിശദീകരിക്കൽ
**സാമഗ്രികൾ**
മധ്യകാല ഇന്ത്യയിലെക്ഷേത്ര നിർമ്മിതികളുടെ വീഡിയോ,ചിത്ര ആൽബങ്ങൾ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
മധ്യകാല ഇന്ത്യയിലെ ക്ഷേത്ര വാസതുവിദ്യാരീതി വിവിധഘട്ടങ്ങളിലൂടെയാണ് വികാസം പ്രാപിച്ചത്

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കേരളത്തിലെ വീടുകളുടെ നിർമാണത്തിൽ ഉണ്ടായ മാറ്റങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. ചർച്ചക്കായി വീഡിയോയിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ഉപയോഗിക്കാം.<br>**ചർച്ചാ സൂചകങ്ങൾ**<br>* എന്തുമാറ്റമാണ് കെട്ടിട നിർമാണരീതിയിൽ ഉണ്ടായത് ?<br>* നിർമാണരീതിയിൽവന്ന ഇത്തരം മാറ്റങ്ങൾക്ക് എന്തെല്ലാം കാരണങ്ങളുണ്ടാകാം ?<br>* മാറിവരുന്ന ദൈനംദിന ആവശ്യങ്ങൾ മാത്രമാണോ കെട്ടിടനിർമാണത്തിലുണ്ടായ ഈ മാറ്റങ്ങൾക്ക് കാരണം ?<br>**ക്രോഡീകരണം**<br>* സമൂഹത്തിന്റെ സാമ്പത്തികാവസ്ഥ മാറുമ്പോൾ അത് കെട്ടിട നിർമാണ രീതിയിലും പ്രതിഫലിക്കുന്നു<br>* കലാപരമായ പരിഗണനകളും ചിന്താഗതികളും മാറുമ്പോഴും അത് കെട്ടിടനിർമാണ രീതിയിൽ പ്രതിഫലിക്കുന്നുണ്ട്<br>* എല്ലാ കാലത്തും അതത് കാലഘട്ടത്തിൽ നിലനില്ക്കുന്ന സാങ്കേതികവിദ്യ നിർമാണരീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്<br>**പ്രവർത്തന ഘട്ടം 2**<br>കോണാർക്ക് സൂര്യക്ഷേത്രത്തിന്റെ നിർമിതിയും പ്രത്യേകതകളും പരാമർശിക്കുന്ന വീഡിയോ ക്ലിപ്പ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.തുടർന്ന് താഴെ പറയുന്ന കാര്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു.<br><u>ചർച്ചാ സൂചകങ്ങൾ</u><br>* എവിടെയാണ് ഈ സൂര്യക്ഷേത്രമുള്ളത് ?<br>* ആരാണ് ഇത് നിർമിച്ചത് ?<br>* എന്താണ് ക്ഷേത്രം നിർമിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ ?<br>* എവിടെനിന്നാണ് ഈ വസ്തുക്കൾ ലഭിച്ചത് ?<br>* ക്ഷേത്രചുമരുകളുടെ പ്രത്യേകത എന്തെല്ലാമാണ് ?<br>**ക്രോഡീകരണം**<br>* ഒഡീഷയിലെ കൊണാർക്ക് എന്ന സ്ഥലത്താണ് ഈ ക്ഷേത്രമുള്ളത്.<br>* നരസിംഹവർമ്മന്റെ കാലത്താണ് ക്ഷേത്രം നിർമ്മിച്ചത്.<br>* പല സ്ഥലങ്ങളിൽനിന്ന് കൊണ്ടുവന്ന പല നിറങ്ങളിലുള്ള കല്ലുകൾ ഉപയോഗിച്ചിരിക്കുന്നു.<br>* കൊത്തുപണികളാൽ മനോഹരമാക്കിയ ക്ഷേത്രച്ചുമരുകളാണ്<br>**വിലയിരുത്തൽ**<br>കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിൽ തയ്യാറാക്കിയ കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം.<br>**പ്രവർത്തന ഘട്ടം 3**<br>ക്ഷേത്രത്തിലെ വിവിധഭാഗങ്ങളുടെ ചിത്രങ്ങളുടെ Slide (ചിത്രം ആൽബം 1) കാണിക്കുന്നു. ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നത് | |

| | |
|---|---|
| ക്ഷേത്രത്തിന്റെ വാസ്തുവിദ്യ പ്രത്യേകതകൾ ഫോക്കസ് ചെയ്യുന്ന രീതിയിൽ ആകണം. കുട്ടികൾ ക്ഷേത്രചുമരിലുള്ള ശില്പങ്ങൾ നിരീക്ഷിക്കുന്നു. ചിത്രങ്ങൾ നിരീക്ഷിച്ച ശേഷം നിരീക്ഷണ കുറിപ്പുകൾ കുട്ടികൾ നോട്ടുപുസ്തകത്തിൽ എഴുതുന്നു.<br>**ക്രോഡീകരണം**<br>* ക്ഷേത്ര ചുമരിൽ ദൃശ്യങ്ങൾ കൊത്തിവച്ചിട്ടുണ്ട്.<br>* നൃത്തരൂപങ്ങൾ, യുദ്ധ ദൃശ്യങ്ങൾ, പുരാണ കഥാസന്ദർഭങ്ങൾ എന്നിവയെല്ലാം ചുമരുകളിൽ കാണാം<br>* കൊത്തുപണികളെല്ലാം ഭംഗിയുള്ളതും വളരെ വിദഗ്ധമായി നിർമിക്കപ്പെട്ടവയുമാണ്.<br>**വിലയിരുത്തൽ**<br>കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br>**പ്രവർത്തന ഘട്ടം 4**<br>(മഹാബലിപുരത്തെ പഞ്ചരഥ ക്ഷേത്രത്തിന്റെ വീഡിയോ ക്ലിപ്പ്) കുട്ടികളെ കാണിക്കുന്നു.<br>തുടർന്ന് (മഹാരാഷ്ട്രയിലെ എല്ലോറ ഗുഹാക്ഷേത്രങ്ങളിലൊന്നായ കൈലാസ ക്ഷേത്രത്തിന്റെ വീഡിയോ ക്ലിപ്പ്) കാണിക്കുന്നു.<br>**ചർച്ചാ സൂചകങ്ങൾ**<br>* ഈ ക്ഷേത്രങ്ങൾ തമ്മിൽ എന്തു സാമ്യമാണ് ഉള്ളത് ?<br>* നേരത്തെ കാണിച്ച ക്ഷേത്രവും ഇപ്പോൾ കാണിച്ച ക്ഷേത്രങ്ങളും തമ്മിൽ നിർമാണത്തിൽ എന്തുമാറ്റമാണ് ഉള്ളത് ?<br>**ക്രോഡീകരണം**<br>* മൂന്ന് ക്ഷേത്രങ്ങളും പാറയിൽ നിർമിച്ചതാണ്. ചുമരിൽ കൊത്തുപണികൾ ചെയ്തിട്ടുണ്ട്.<br>* ആദ്യക്ഷേത്രം പാറകൾ ദൂരദേശങ്ങളിൽനിന്ന് കൊണ്ടുവന്ന് നിർമിച്ചതാണ്. രണ്ടുംമൂന്നും ക്ഷേത്രങ്ങൾ വലിയ ഓരോ പാറകൾ തുരന്ന് നിർമിച്ച ഒറ്റക്കൽ നിർമിതികളാണ്.<br>* ശില്പകല മധ്യകാലഘട്ടത്തിൽ വളരെയധികം വികാസം പ്രാപിച്ചിരുന്നു.<br>**വിലയിരുത്തൽ**<br>കൈലാസ ക്ഷേത്രത്തിന്റെ വീഡിയോ ക്ലിപ്പ് വീണ്ടും ക്ലാസിൽ കാണിക്കുന്നു. (ഇത് നേരത്തെ അധ്യാപികയാണ് കാണിച്ചത്.) ഈ വീഡിയോക്ക് യുക്തമായ ഒരു നറേഷൻ കൊടുക്കാൻ ഒരു കുട്ടിയോട് ആവശ്യപ്പെടുന്നു.<br>**പ്രവർത്തന ഘട്ടം 5**<br>(പഞ്ചരഥ ക്ഷേത്രം, ബ്രുഹദരീശ്വര ക്ഷേത്രം, ഖജൂരാഹോ ക്ഷേത്രം എന്നിവയുടെ വീഡിയോ ക്ലാസിൽ കാണിക്കുന്നു) കുട്ടികൾ ഓരോ ചിത്രവും നിരീക്ഷിച്ച് ഓരോന്നിന്റേയും നിർമാണത്തിലെ പ്രത്യേകതകളെകുറിച്ച് കുറിപ്പുകൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു..<br>കുറിപ്പുകൾ താഴെ പറയുന്ന രീതിയിൽ സമാഹരിക്കുന്നു<br>* മഹാബലിപുരത്തെ പഞ്ചരഥ ക്ഷേത്രങ്ങൾ ഓരോന്നും ഒറ്റക്കല്ലിൽ തയ്യാറാക്കിയവയാണ്. എല്ലോറയിലെ കൈലാസ ക്ഷേത്രവും അങ്ങനെതന്നെ.<br>* ബൃഹദീശ്വര ക്ഷേത്രം പാറയിൽ കൊത്തി അടുക്കടുക്കായി നിർമിച്ചതാണ്. ഇത് ബഹുനില നിർമിതിയാണ്. ആസാമിലെ കാമാഖ്യ ക്ഷേത്രവും ഇങ്ങനെതന്നെയാണ്.<br>* ക്ഷേത്രഭിത്തിയിൽ ദൃശ്യരൂപങ്ങൾ കൊത്തിവെച്ചിട്ടുണ്ട്<br><br>**പ്രവർത്തന ഘട്ടം 6**<br>(മുകളിൽ പറഞ്ഞിരിക്കുന്ന ഓരോ ക്ഷേത്രവും നിർമിച്ചിരിക്കുന്ന കാലഘട്ടം കാണിക്കുന്ന ഡയഗ്രം) പ്രോജക്റ്റർ ഉപയോഗിച്ച് ക്ലാസിൽ കാണിക്കുന്നു. ഓരോ | |

| | |
|---|---|
| ക്ഷേത്രവും നിർമിച്ചിരിക്കുന്ന കാലഘട്ടം കുട്ടികൾ നിരീക്ഷിക്കട്ടെ(കൃത്യമായ നിർമാണ കാലഘട്ടം ആവശ്യമില്ല.)<br>**ചർച്ചാ സൂചകങ്ങൾ**<br>* മധ്യകാലഘട്ടം എന്ന് അറിയപ്പെടുന്നത് ഏതു നൂറ്റാണ്ടു മുതൽ ഏതു നൂറ്റാണ്ടുവരെയാണ് ?<br>* തന്നിരിക്കുന്ന ക്ഷേത്രങ്ങളിൽ ഏതാണ് ആദ്യം നിർമിച്ചത് ?<br>* ഏതാണ് അവസാനമായി പണിതീർന്നത് ?<br>* മഹാബലിപുരം മുതൽ കാമാഖ്യവരെ എത്തിയപ്പോൾ ശില്പ നിർമ്മാണ ശൈലിയിൽ എന്തു മാറ്റങ്ങൾ കാണാം ?<br>**ക്രോഡീകരണം**<br>* സി.ഇ.8 നൂറ്റാണ്ടു മുതൽ സി.ഇ. 18-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തെയാണ് മധ്യകാലഘട്ടം എന്ന് അറിയപ്പെടുന്നത്<br>* തമിഴ്നാട്ടിലെ മഹാബലിപുരത്തെ പഞ്ചരഥ ക്ഷേത്രങ്ങളാണ് ഇവയിൽ ആദ്യത്തേത്.<br>* നിലവിലുള്ള രൂപത്തിൽ അവസാനമായി പണിതീർന്നത് ആസ്സാമിലെ കാമാഖ്യ ക്ഷേത്രമാണ്. പല ക്ഷേത്രങ്ങളും ആക്രമിക്കപ്പെടുകയും പുനർനിർമിക്കുകയും ചെയ്തിട്ടുണ്ട്.<br>**പ്രവർത്തന ഘട്ടം 7**<br>മധ്യകാല ഇന്ത്യയിലെ ക്ഷേത്ര നിർമ്മിതികളുടെ സ്ലൈഡ് പ്രദർശനം - ചർച്ച - മദ്ധ്യകാല ഇന്ത്യയിലെ നിർമ്മിതികൾ work sheet പൂർത്തിയാക്കുക<br>ഈ ക്ഷേത്രങ്ങളുടെ നിർമ്മാണത്തിലെ സവിശേഷതകൾ കണ്ടെത്താൻ ഗ്രൂപ്പുകളോട് നിർദ്ദേശിക്കുന്നു<br>ഗ്രൂപ്പ് അവതരണം<br>ടീച്ചർ ക്രോഡീകരണം<br>1. മഹാബലിപുരത്തെ പഞ്ചക്ഷേത്രങ്ങൾ ഓരോന്നും ഒറ്റക്കല്ലിൽ കൊത്തിയ നിർമ്മാണരീതി<br>2. ബൃഹദീശ്വര ക്ഷേത്രം പാറകൾ കൊത്തി അടുക്കുകളായി ബഹുനിലകളിൽ നിർമ്മിച്ചതാണ്<br>3. ഖജുരാഹോ ക്ഷേത്രം ക്ഷേത്ര ഭിത്തിയിൽ ദൃശ്യങ്ങൾ കൊത്തി നിർമ്മിച്ച രീതിയാണ് | |

## ആക്ടിവിറ്റി-2

വീഡിയോ നിരീക്ഷണം - ഇൻഡോ ഇസ്ലാമിക് വാസ്തുവിദ്യാശൈലിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ - താജ്മഹൽ, റെഡ്ഫോർട്ട്, കുത്ത്ബ്മിനാർ ,ഹുമയൂൺ ശവകുടീരം,ജുമാമസ്ജിദ്- ഇൻഡോ ഇസ്ലാമിക് വാസ്തുവിദ്യാശൈലിയുടെ സവിശേഷതകളെ കുറിച്ച് ചർച്ച കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഇൻഡോ - ഇസ്ലാമിക് വാസ്തുവിദ്യാ ശൈലിയുടെ സവിശേഷതകൾ വിശദീകരിക്കൽ


**സാമഗ്രികൾ**

സ്ലൈഡ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

സുൽത്തനത്ത്/ മുഗൾ കാലഘട്ടത്തിലെ വാസ്തുവിദ്യാ രംഗത്തുണ്ടായ മാറ്റങ്ങൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>ഇൻഡോ - ഇസ്ലാമിക് വാസ്തുവിദ്യാ ശൈലി നിർമ്മിതികളുടെ നറേറ്റഡ് വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ<br>**ചർച്ചാ സൂചകങ്ങൾ**<br>* സൽത്തനത്ത് ഭരണത്തിന്റെ ആരംഭത്തിൽ ഇന്ത്യയിൽ രൂപംകൊണ്ട പുതിയ വാസ്തുവിദ്യശൈലിയുടെ പേരെന്ത്?<br>* ഇത്തരത്തിൽ രൂപംകൊണ്ട പ്രധാന നിർമ്മിതികൾ ഏതെല്ലാം?<br>*ഏതംല്ലാം രാജ്യങ്ങളുടെ വാസ്തുവിദ്യശൈലിയുടെ സമന്വയ ഫലമായിട്ടാണ് ഇൻഡോ-ഇസ്ലാമിക് ശൈലി രൂപം കൊണ്ടത്?<br>* ഇത്തരം വാസ്തുവിദ്യശൈലിയുടെ മുഖ്യസവിശേഷതകൾ എന്തംല്ലാം?<br>**ക്രോഡീകരണം**<br>* ഇൻഡാ-ഇസ്ലാമിക് ശൈലി | |

| | |
|---|---|
| *കുത്തബ്മിനാർ,താജ്മഹൽ,ഹുമയൂൺ ശവകുടീരം,ജുമാമസ്ജിദ്,ചെങ്കോട്ട<br>*ഇന്ത്യ,തുർക്കി,പേർഷ്യ<br>* (എ)കമാനങ്ങളും താഴികക്കുടങ്ങളും ഈ ശൈലിയുടെ മുഖ്യസവിശേഷതകളാണ്.<br>(ബി)കെട്ടിടങ്ങളുൽ അലങ്കാരത്തിനുവേണ്ടി പുഷ്പങ്ങളുടെയും സ്യങ്ങളുടെയും രൂപങ്ങൾ കൊത്തിവെച്ചു.<br>(സി)കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കുമ്മായം,ചുവന്നകല്ല്,മാർബിൾ മുതലായവ ഉപയോഗിച്ചു.<br>(ഡി)നിർമ്മിതികളോട് ചേർന്ന് വിശാലമായ പൂന്തോട്ടങ്ങൾ നിർമ്മിച്ചു.<br>ക്രോഡീകരിച്ച വിവിരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു<br>**<u>വിലയിരുത്തൽ</u>**<br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>ചർച്ച – കുറിപ്പ് തയ്യാറാക്കൽ<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>മധ്യകാലഘട്ടത്തിലെ ഇൻഡോ-ഇസ്ലമിക് ശൈലിയിലുള്ള നിർമ്മിതികളുടെ സംബന്ധിക്കുന്ന വർക്ക്ഷീറ്റ് പൂർത്തികരിക്കൽ<br> | |

ഇൻഡോ-ഇസ്ലാമിക് ശൈലി-പ്രധാന നിർമ്മിതികൾ

| നിർമ്മിതി | പേര് | പ്രത്യേകതകൾ |
|---|---|---|
| | കുത്തബ് മിനാർ | * നിർമ്മാണം ആരംഭിച്ചത് കുത്ത്ബുദ്ദീൻ ഐബക്കാണ്<br>* ഇൽത്തുമിഷാണ് നിർമ്മാണം പൂർത്തിയാക്കിയത്<br>*<br>*<br>* |
| | | * മുഗൾചക്രവർത്തിഷാജഹാന്റെ പത്നി മുംതാസ് മഹലിന്റെ ഓർമ്മയ്ക്കായി നിർമ്മിച്ചത്<br>*<br>*<br>* |
| | | * ഡൽഹിയിൽ സ്ഥിതി ചെയ്യുന്നു.<br>*<br>* |
| | | ഷാജഹാൻ ചക്രവർത്തി നിർമ്മിച്ചത്<br>*<br>*<br>* |

## ആക്ടിവിറ്റി-3

മധ്യകാല ഇന്ത്യയിലെ സംഗീത ചിത്രകലാ രംഗത്തെ ചിത്രങ്ങളുടെ ആൽബം നിരീക്ഷണം.
ചർച്ച സൂചകം - സംഗീതശൈലി, സംഗീത ഉപകരണങ്ങൾ, സംഗീതജ്ഞർ- ചിത്രകല - സംഗീത ഉപകരണങ്ങൾ ആൽബം

**പ്രവർത്തനത്തിന്റെ പേര്**

മധ്യകാലഘട്ടത്തിൽ സംഗീതത്തിലും ചിത്രകലയിലും ഉണ്ടായ വളർച്ച വിശകലനം ചെയ്യൽ

**സാമഗ്രികൾ**

വിവിധ സംഗീതോപകരണങ്ങൾ (സിത്താർ, തബല ഉൾപ്പെട്ടത്),ചിത്രകലകൾ- ചിത്രങ്ങൾ -

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മധ്യകാല ഇന്ത്യയിൽ സംഗീതത്തിലും ചിത്രകലയിലും ഉണ്ടായ മാറ്റങ്ങൾ

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>സംഗീത ഉപകരണങ്ങളുടെ ചിത്ര ആൽബം നിരീക്ഷണം-ചർച്ച<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>* ഏതെല്ലാം സംഗീത ഉപകരണങ്ങളാണ് ചിത്രത്തൽ കാണുന്നത്? | |

| | |
|---|---|
| *ഇവയിൽ മധ്യകാലഘട്ടത്തിൽ രൂപപ്പെട്ട സംഗീത ഉപകരണങ്ങൾ ഏവ?<br>* മധ്യകാലഘട്ടത്തിൽ സംഗീതത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം?<br>**<u>ക്രോഡീകരണം</u>**<br>*തബല,വീണ,സിത്താർ,ഹർമോണിയം,വയലിൻ<br>* തബല,സിത്താർ<br>*(എ)ദക്ഷിണേന്ത്യയിൽ കർണാടക സംഗീതം കൂടുതൽ വികാസം പ്രാപിച്ചു<br>(ബി)സൽത്തനത്ത്-മുഗൾ കാലഘട്ടത്തിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനഫലമായി പുതിയൊരു സംഗീതശൈലി രൂപപ്പെട്ടു.. ഇതാണ് ഹിന്ദുസ്ഥാനി സംഗീതം<br>(സി) അമീർ ഖുസ്രു,താൻസൻ തുടങ്ങിയവർ അക്കാലത്തെ പ്രമുഖ സംഗീതജ്ഞർ ആയിരുന്നു.<br>(ഡി)ഖവ്വാലി എന്ന സംഗീത രൂപം രൂപപ്പെട്ടത് ഇക്കാലത്താണ്.ഖവ്വാലിയുടെ വളർച്ചയിൽ അമീർ ഖുസ്രു വലിയ പങ്കു വഹിച്ചു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>വിലയിരുത്തൽ</u>**<br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ. എല്ലാ കുട്ടികളും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>മധ്യകാലഘട്ടത്തിലെ ചിത്രകലയെ സംബന്ധിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുന്നു. ചർച്ച<br>**<u>സൂചകം</u>**<br>* ചിത്ര രചനയ്ക്ക് സ്വീകരിച്ച ആശയങ്ങൾ<br>**<u>ക്രോഡീകരണം</u>**<br>* (എ)രാമായണം<br>(ബി)ബൈബിൾ,<br>(സി) കൊട്ടാര ജീവിതം,<br>(ഡി) പ്രകൃതി ദൃശ്യങ്ങൾ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-4**
ഭക്തി പ്രസ്ഥാനം, സൂഫി പ്രസ്ഥാനം എന്നിവ ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ വളർച്ചയെ എങ്ങനെ സഹായിച്ചു -ചർച്ച(പാഠപുസ്തകം പ്രയോജനപ്പെടുത്തി) സൂചകം- പ്രാദേശികഭാഷകളുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ, പ്രധാന പ്രാദേശിക ഭാഷകൾ, കൃതികൾ, സാഹിത്യകാരന്മാർ
**പ്രവർത്തനത്തിന്റെ പേര്**
ഭക്തി പ്രസ്ഥാനം-സൂഫി പ്രസ്ഥാനം പ്രാദേശിക ഭാഷയിൽ ചെലുത്തിയ സ്വാധീനം വിശദീകരിക്കൽ
**സാമഗ്രികൾ**
കുറിപ്പ്,പട്ടിക
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
പ്രാദേശിക ഭാഷകളുടെ വികസനത്തിൽ ഭക്തി - സൂഫി പ്രസ്ഥാനങ്ങളുടെ സ്വാധീനം

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>ഭക്തി പ്രസ്ഥാനം - പാഠഭാഗ വിശകലനം - ചർച്ച<br>**<u>സൂചകം -</u>**<br>* ഭക്തി പ്രസ്ഥാനം ഇന്ത്യൻ സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനം<br>**<u>ക്രോഡീകരണം</u>**<br>*(എ)വിവിധ പ്രാദേശിക ഭാഷകൾക്ക് ഉണർവേകി<br>(ബി) സാധാരണക്കാരന്റെ ഭാഷയിൽ കവിതകൾ രചിക്കപ്പെട്ടു.<br>(സി)ഇത് പ്രാദേശിക ഭാകളുടെ വളർച്ചക്ക് കാരണമായി. | |

ക്രോഡികരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.
**വിലയിരുത്തൽ**
കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ
**പ്രവർത്തന ഘട്ടം 2**
ഭക്തി പ്രസ്ഥാന കാലത്ത് വികാസം പ്രാപിച്ച പ്രാദേശിക ഭാഷകൾ,കൃതികൾ, സാഹിത്യകാരന്മാർ പട്ടികപ്പെടുത്തൽ

| **പ്രാദേശിക ഭാഷകൾ** | **കൃതികൾ** | **സാഹിത്യകാരന്മാർ** |
|---|---|---|
| മലയാളം | അധ്യാത്മരാമായണം | എഴുത്തച്ഛൻ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |
| ............ | ............ | ............ |

**വിലയിരുത്തൽ**
പൂർത്തികരിച്ച പട്ടിക കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.
**പ്രവർത്തന ഘട്ടം 2**
സൂഫി പ്രസ്ഥാനം - പാഠഭാഗ വിശകലനം - ചർച്ച
* **സൂചകം -**
സൂഫി പ്രസ്ഥാനം- ഭാഷ, സാഹിത്യം എന്നീ രംഗങ്ങളിൽ വഹിച്ച പങ്ക്
**ക്രോഡീകരണം**
*സൂഫി പ്രസ്ഥാനം ഉറുദു ഭാഷയുടെ വളർച്ചയ്ക്ക് പ്രധാന പങ്കു വഹിച്ചു.
*നിരവധി കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്തു.
* രാമായണവും മഹാഭാരതവും പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്തു.
*ഉപനിഷത്തകളും അഥർവവേദവും പേർഷ്യൻഭാഷയിലേക്ക് തർജ്ജിമ ചെയ്തത് ഷാജഹാൻ ചക്രവർത്തിയുടെ മകനായ ദാരാഷുക്കോ ആണ്.
* ഇന്ത്യയുടെ സംസ്ക്കാരവും വിജ്ഞാനവും അന്യദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിൽ പരിഭാഷകൾ പ്രധാന പങ്കു വഹിച്ചു.
ക്രോഡികരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

# 8 - മധ്യകാല ലോകം

**ആക്ടിവിറ്റി-1**
മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥകളുടെ സ്ലൈഡ് (പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയത്)പ്രദർശനം. പാഠഭാഗത്തിലെ വിവരണം പ്രയോജനപ്പെടുത്തി ഫ്യൂഡൽ സാമൂഹികവ്യവസ്ഥിതിയുടെ സവിശേഷതകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ.
**പ്രവർത്തനത്തിന്റെ പേര്**
ഫ്യൂഡൽ സാമൂഹിക വ്യവസ്ഥയുടെ സവിശേഷതകൾ വിശദീകരിക്കൽ
**സാമഗ്രികൾ**
മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥകൾ വിവരിക്കുന്ന സ്ലൈഡ്
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
മധ്യകാല യൂറോപ്പ്- ഫ്യൂഡലിസം.

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥകളുടെ സ്ലൈഡ് (പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയത്) പ്രദർശനം അല്ലെങ്കിൽ പാഠപുസ്തകത്തിലെ ഭാഗം അവതരണം - .ചർച്ച.<br>**സൂചകം:-**<br>* മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥ<br>**ക്രോഡീകരണം:-**<br>* യൂറോപ്പിലെ ജനങ്ങൾ നിരന്തരം ആക്രമണങ്ങളെ നേരിട്ടിരുന്നു.<br>* ആക്രമണങ്ങളെ ചെറുക്കാൻ രംഗത്തുവന്ന പ്രഭുക്കൻമാർക്ക് രാജാവ് ഭൂമി വീതിച്ചു നൽകിയിരുന്നു.<br>* പ്രഭുക്കൻമാർ അവർക്ക് ലഭിച്ച ഭൂമി മറ്റു ചിലർക്ക് വീതിച്ചു നൽകി.<br>* കൃഷിഭൂമിയിൽ കർഷകരെക്കൊണ്ട് അടിമകളെപ്പോലെ ജോലി ചെയ്യിപ്പിച്ചു.<br>* കർഷകരുടെ സ്ഥിതി ദയനീയമായിരുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**വിലയിരുത്തൽ**<br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടയാണ്.<br>**പ്രവർത്തന ഘട്ടം 2**<br>പാഠഭാഗത്തിലെ ഫ്യൂഡലിസത്തിന്റെ ശ്രേണി ചിത്രീകരിക്കുന്ന ഡയഗ്രം ഉൾപ്പെടുന്ന വിവരങ്ങളുടെ സ്ലൈഡ് അവതരണം.ചർച്ച<br>**സൂചകം:-**<br>* മധ്യകാല യൂറോപ്പിലെ സാമൂഹിക ഘടന:-വിഭാഗങ്ങൾ-സമൂഹത്തിലെ സ്ഥാനം-കൃഷിഭൂമിയുടെ ഉടമസ്ഥർ-മാനറുകൾ<br>**ക്രോഡീകരണം:-**<br>* ഫ്യൂഡൽ സാമൂഹികഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം രാജാവിനായിരുന്നു.<br>* രാജ്യത്തെ മുഴുവൻ കൃഷിഭൂമിയുടെയും ഉടമസ്ഥൻ രാജാവായിരുന്നു<br>* രാജാക്കൻമാരിൽ നിന്ന് ഭൂമി ലഭിച്ചവർ പ്രഭുക്കൻമാരായിരുന്നു.രാജാക്കൻമാർക്ക് പ്രഭുക്കൻമാർ സൈനീക സേവനങ്ങൾ നൽകി.<br>* തങ്ങൾക്ക് ലഭിച്ച ഭൂമിയുടെ ഒരു ഭാഗം പ്രഭുക്കൻമാർ ഇടപ്രഭുക്കൻമാർക്ക് നൽകി.പ്രഭുക്കൻമാർ മാനറുകൾ എന്നറിയപ്പെടുന്ന വിശാലമായ പ്രദേശങ്ങളിൽ ജീവിച്ചു.<br>* ഇടപ്രഭുക്കൻമാർ പ്രഭുക്കൻമാർക്ക് ആവശ്യമായ സേവനങ്ങൾ നൽകി.<br>* സാമൂഹികക്രമത്തിൽ ഏറ്റവും താഴെയുള്ളവർ കർഷകരായിരുന്നു.ഇവർ  അടിമകളെപ്പോലെ ജോലിചെയ്തു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-2**
മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥകളുടെ സ്ലൈഡ് (പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയത്)പ്രദർശനം. പാഠഭാഗത്തിലെ വിവരണം പ്രയോജനപ്പെടുത്തി ഫ്യൂഡൽ സാമൂഹികവ്യവസ്ഥിതിയുടെ സവിശേഷതകളെ കുറിച്ച് കുറിപ്പ് തയ്യാറാക
**സാമഗ്രികൾ**
മധ്യകാല യൂറോപ്പിലെ സാമൂഹികാവസ്ഥകൾ വിവരിക്കുന്ന സ്ലൈഡ്
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
മധ്യകാല യൂറോപ്പ്- ഫ്യൂഡലിസം.

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടങ്ങൾ**<br>പ്രവർത്തന ഘട്ടം 2 പാഠഭാഗത്തിലെ ഫ്യൂഡലിസത്തിന്റെ ശ്രേണി ചിത്രീകരിക്കുന്ന ഡയഗ്രം ഉൾപ്പെടുന്ന വിവരങ്ങളുടെ സ്ലൈഡ് അവതരണം.ചർച്ച സൂചകം:- മധ്യകാല യൂറോപ്പിലെ സാമൂഹിക ഘടന:-വിഭാഗങ്ങൾ-സമൂഹത്തിലെ സ്ഥാനം-കൃഷിഭൂമിയുടെ ഉടമസ്ഥർ-മാനറുകൾ ക്രോഡീകരണം:- ഫ്യൂഡൽ സാമൂഹികഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം രാജാവിനായിരുന്നു. രാജ്യത്തെ മുഴുവൻ കൃഷിഭൂമിയുടെയും ഉടമസ്ഥൻ രാജാവായിരുന്നു. രാജാക്കൻമാരിൽ നിന്ന് ഭൂമി ലഭിച്ചവർ പ്രഭുക്കൻമാരായിരുന്നു.രാജാക്കൻമാർക്ക് പ്രഭുക്കൻമാർ സൈനീക സേവനങ്ങൾ നൽകി. തങ്ങൾക്ക് ലഭിച്ച ഭൂമിയുടെ ഒരു ഭാഗം പ്രഭുക്കൻമാർ ഇടപ്രഭുക്കൻമാർക്ക് നൽകി.പ്രഭുക്കൻമാർ മാനറുകൾ എന്നറിയപ്പെടുന്ന വിശാലമായ പ്രദേശങ്ങളിൽ ജീവിച്ചു. ഇടപ്രഭുക്കൻമാർ പ്രഭുക്കൻമാർക്ക് ആവശ്യമായ സേവനങ്ങൾ നൽകി. സാമൂഹികക്രമത്തിൽ ഏറ്റവും താഴെയുള്ളവർ കർഷകരായിരുന്നു.ഇവർ അടിമകളെപ്പോലെ ജോലിചെയ്തു. | |

**ആക്ടിവിറ്റി-3**
മധ്യകാല യൂറോപ്യൻ നഗരങ്ങൾ ഉൾപ്പെടുന്ന ഭൂപടം (സ്ലൈഡ് )നിരീക്ഷണം,പാഠഭാഗത്തിലെ വിവരങ്ങൾ (നഗരങ്ങൾ,കച്ചവടം,കൂട്ടായ്മകൾ )ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് പ്രദർശനം. സ്ലൈഡുകൾ വിശകലനം ചെയ്ത്മധ്യകാല യൂറോപ്പിൽ നഗരങ്ങൾ രൂപപ്പെടുവാനുള്ള പശ്ചാത്തലം. ചർച്ച മധ്യകാല യൂറോപ്പിൽ വളർന്നുവന്ന നഗരങ്ങളുടെയും അവ ഉൾപ്പെടുന്ന രാജ്യങ്ങളുടെയും പട്ടിക തയ്യാറാക്കൽ.
ഗിൽഡുകളിലെ വിവിധ കച്ചവടക്കൂട്ടായ്മകൾ- പട്ടിക തയ്യാറക്കൽ
**പ്രവർത്തനത്തിന്റെ പേര്**
മധ്യകാല യൂറോപ്യൻ നഗരങ്ങൾ രൂപപ്പെടുവാനുള്ള പശ്ചാത്തലം വിശകലനം ചെയ്യൽ
**സാമഗ്രികൾ**
മധ്യകാല യൂറോപ്പിന്റെ ഡിജിറ്റൽ ഭൂപടം, പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ്
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
നഗരങ്ങൾ-കച്ചവടക്കൂട്ടായ്മകൾ-ഗിൽഡുകൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>മധ്യകാല യൂറോപ്യൻ നഗരങ്ങൾ ഉൾപ്പെടുന്ന ഭൂപടത്തിന്റെ സ്ലൈഡ് നിരീക്ഷണം,പാഠഭാഗത്തിലെ വിവരങ്ങൾ (നഗരങ്ങൾ,കച്ചവടം,കൂട്ടായ്മകൾ )ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് എന്നിവ പ്രയോജനപ്പെടുത്തി നഗരങ്ങൾ രൂപപ്പെടുവാനുള്ള പശ്ചാത്തലം-ചർച്ച<br>**<u>സൂചകങ്ങൾ:-</u>**<br>* നഗരങ്ങൾ<br>* കച്ചവടം<br>* കൂട്ടായ്മകൾ<br>**<u>ക്രോഡീകരണം:-</u>**<br>* ഫ്യുഡലിസത്തിന്റെ തുടക്കത്തിൽ മാനറുകൾ കേന്ദ്രീകരിച്ചാണ് കച്ചവടം നടന്നിരുന്നത്.<br>* പിന്നീട് കച്ചവട പ്രാധാന്യമുള്ള സ്ഥലങ്ങളും കരകൗശല | |

വ്യവസായകേന്ദ്രങ്ങളും കേന്ദ്രീകരിച്ച് നഗരങ്ങൾ ഉയർന്നു വന്നു.
* ഇറ്റലിയിൽ ആയിരുന്നു പുതിയ നഗരങ്ങൾ ആദ്യം രൂപപ്പെട്ടത്.
* വെനീസ്,മിലാൻ,ഫ്ളോറൻസ്,ജെനോവ എന്നിവയായിരുന്നു ഇറ്റലിയിലെ പ്രധാന നഗരങ്ങൾ.
* ന്യൂറംബർഗ്(ജർമ്മനി) കോൺസ്റ്റാന്റിനോപ്പിൾ(തുർക്കി) എന്നിവയും അക്കാലത്തെ പ്രധാന നഗരങ്ങളായിരുന്നു.
* ഇന്ത്യ,ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ,രത്നങ്ങൾ,തുണിത്തരങ്ങൾ തുടങ്ങിയവ പ്രധാനമായും എത്തിയത് ന്യൂറംബർഗ്(ജർമ്മനി) കോൺസ്റ്റാന്റിനോപ്പിൾ(തുർക്കി) എന്നീ നഗരങ്ങളിലേക്കായിരുന്നു.ഇവിടെ നിന്നാണ് ഈ ഉൽപ്പന്നങ്ങൾ യൂറോപ്പിലേക്ക് കൊണ്ടുപോയത്.
* യൂറോപ്പിൽ പുതുതായി വളർന്നു വന്ന നഗരങ്ങൾ കരകൗശല വ്യവസായത്തിന്റെയും കച്ചവടത്തിന്റെയും കേന്ദ്രങ്ങളായിരുന്നു
* ഈ നഗരങ്ങളിലെ കച്ചവടക്കാർ "ഗിൽഡുകൾ" എന്നറിയപ്പെടുന്ന കൂട്ടായ്മകൾ രൂപീകരിച്ചു.
* വിവിധ ഉൽപ്പന്നങ്ങളുടെ വില,ഗുണനിലവാരം,തൊഴിലാളികളുടെ ജോലിസമയം എന്നിവ നിശ്ചയിച്ചിരുന്നത് ഗിൽഡുകളായിരുന്നു.
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**<u>പ്രവർത്തന ഘട്ടം 2</u>**

മധ്യകാല യൂറോപ്യൻ നഗരങ്ങൾ ഉൾപ്പെടുന്ന ഭൂപടത്തിന്റെ സ്ലൈഡ് നിരീക്ഷണത്തിലൂടെ മധ്യകാല യൂറോപ്പിൽ വളർന്നുവന്ന നഗരങ്ങളുടെയും അവ ഉൾപ്പെടുന്ന രാജ്യങ്ങളുടെയും പട്ടിക തയ്യാറാക്കൽ.

| **മധ്യകാല നഗരങ്ങൾ** | **രാജ്യങ്ങൾ** |
|---|---|
| ജനോവ,വെനീസ്,മിലാൻ,ഫ്ളോറൻസ് | ഇറ്റലി |
| ................ | ............. |
| ................ | ............ |

**<u>വിലയിരുത്തൽ</u>**

കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടയാണ്.

**<u>പ്രവർത്തന ഘട്ടം 3</u>**

പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് വിശകലനം ചെയ്ത് ഗിൽഡുകളിലെ പ്രധാന കച്ചവടക്കൂട്ടായ്മകളുടെ പട്ടികപ്പെടുത്തൽ

| **പ്രധാന കച്ചവടക്കൂട്ടായ്മകൾ** |
|---|
| ഇരുമ്പുപണിക്കാർ |
| ................ |
| ................ |
| .................. |

## ആക്ടിവിറ്റി-4

പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് പ്രദർശനം.സ്ലൈഡുകളുടെ വിശകലനത്തിലൂടെ യൂറോപ്പിലെ വിദ്യാഭ്യാസരംഗത്ത് മധ്യ കാലഘട്ടത്തിലുണ്ടായ പുരോഗതി സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കൽ. മധ്യകാല യൂറോപ്പിൽ രൂപപ്പെട്ടു വന്ന സർവ്വകലാശാലകളുടെയുംഅവ ഉൾപ്പെടുന്ന രാജ്യങ്ങളുടെയുംപട്ടികപ്പെടുത്തൽ മധ്യകാല യൂറോപ്പിൽ രൂപപ്പെട്ടു വന്ന വിവിധ നിർമ്മാണ രീതികളെ കുറിച്ച് കുറപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

യൂറോപ്പിലെ വിദ്യാഭ്യാസരംഗത്തും വാസ്തുവിദ്യാ രംഗത്തും മധ്യ കാലഘട്ടത്തിലുണ്ടായ പുരോഗതി വിശദീകരിക്കൽ

**സാമഗ്രികൾ**

പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മധ്യകാല യൂറോപ്പ്-കലയും വിജ്ഞാനവും റോമനസ്ക് ശൈലി,ഗോഥിക് ശൈലി

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|

**<u>പ്രവർത്തന ഘട്ടം 1</u>**
പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് വിശകലനം. ചർച്ച

**<u>സൂചകം:-</u>**
* മധ്യകാല യൂറോപ്പിലെ പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങൾ

ക്രോഡീകരണം:-
* ക്രിസ്ത്യൻ പള്ളികളും സന്യാസി മഠങ്ങളുമായിരുന്നു പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങൾ .സന്യാസി മഠങ്ങളോടനുബന്ധിച്ച് ലൈബ്രറികൾ ഉണ്ടായിരുന്നു.
* അച്ചടി സമ്പ്രദായം ഇല്ലാതിരുന്ന അക്കാലത്ത് പല പുസ്തകങ്ങളുടെയും കൈയെഴുത്ത് പ്രതികൾ ഉണ്ടാക്കി സന്യാസി മഠങ്ങളിൽ സൂക്ഷിച്ചിരുന്നു.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.

**<u>വിലയിരുത്തൽ</u>**
കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടയാണ്.

**<u>പ്രവർത്തന ഘട്ടം 2</u>**
പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് ഉപയോഗപ്പെടുത്തി മധ്യകാല യൂറോപ്പിൽ രൂപപ്പെട്ടു വന്ന സർവ്വകലാശാലകളും അവ ഉൾപ്പെടുന്ന രാജ്യങ്ങളെയും പട്ടികപ്പെടുത്തൽ

| **സർവകലാശാലകൾ** | **രാജ്യങ്ങൾ** |
|---|---|
| ...................... | ...................... |
| ...................... | ...................... |
| ...................... | ...................... |
| ...................... | ...................... |

**<u>വിലയിരുത്തൽ</u>**
കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടയാണ്.

**<u>പ്രവർത്തന ഘട്ടം 3</u>**
പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് ഉപയോഗപ്പെടുത്തി മധ്യകാല യൂറോപ്പിൽ രൂപപ്പെട്ടു വന്ന വിവിധ നിർമ്മാണ രീതികളെ കുറിച്ച് ചർച്ച

**<u>സൂചകങ്ങൾ:-</u>**
* റോമനസ്ക് ശൈലി
* ഗോഥിക് ശൈലി

**<u>ക്രോഡീകരണം:-</u>**
* കമാനങ്ങളും വിശാലമായ മുറികളും ചേർന്നുള്ള വാസ്തുവിദ്യാ രീതിയാണ് റോമനസ്ക് ശൈലി
* കൂർത്ത ഗോപുരങ്ങളോടു കൂടിയ വാസ്തുവിദ്യാ രീതിയാണ് ഗോഥിക് ശൈലി

## ആക്ടിവിറ്റി-5

പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് വിശകലനത്തിലൂടെ ശാസ്ത്ര-സാങ്കേതിക-കലാരംഗങ്ങളിൽ മധ്യകാല ചൈനയുടെ നേട്ടങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ ശാസ്ത്ര-സാഹിത്യരംഗങ്ങളിലെ അറബികളുടെ സംഭാവനകൾ ഉൾക്കൊള്ളിച്ച് കുറിപ്പ് തയ്യാറാക്കൽ.

**പ്രവർത്തനത്തിന്റെ പേര്**
മധ്യകാലഘട്ടത്തിലെ ചൈനാക്കരുടെയും അറബികളുടെ വൈജ്ഞാനിക നേട്ടങ്ങൾ വിശദീകരിക്കൽ

**സാമഗ്രികൾ**
മധ്യകാലഘട്ടത്തിലെ ചൈനാക്കരുടെയും അറബികളുടെ വൈജ്ഞാനിക നേട്ടങ്ങൾ വിവരിക്കുന്ന സ്ലൈഡ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
മധ്യകാല ചൈന-വിജ്ഞാനം,കല എന്നീ രംഗത്തെ നേട്ടങ്ങൾ
മധ്യകാല അറബികൾ-വിജ്ഞാനം,ശാസ്ത്രം,സാഹിത്യം എന്നീ മേഖലകളിലെ നേട്ടങ്ങൾ

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>പാഠഭാഗത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്ലൈഡ് വിശകലനത്തിലൂടെ ശാസ്ത്ര-സാങ്കേതിക-കലാരംഗങ്ങളിൽ മധ്യകാല ചൈനയുടെ നേട്ടങ്ങളെ കുറിച്ച് ചർച്ച<br>**<u>സൂചകം:-</u>**<br>* മധ്യകാലഘട്ടത്തിലെ ചൈനാക്കാരുടെ കണ്ടുപിടുത്തങ്ങൾ<br>**<u>ക്രോഡീകരണം:-</u>**<br>* അച്ചടിയന്ത്രം,വെടിമരുന്ന് എന്നിവ ചൈനാക്കാരുടെ കണ്ടുപിടുത്തങ്ങളാണ്<br>* അച്ചടിവിദ്യ വിജ്ഞാനത്തിന്റെ വളർച്ചയെ സഹായിച്ചു.<br>* കടൽ യാത്രകളിൽ ദിശ മനസ്സിലാക്കാൻ സഹായിക്കുന്ന വടക്കുനോക്കിയന്ത്രം ചൈനാക്കാരുടെ കണ്ടുപിടുത്തമാണ്.<br>* വാസ്തുവിദ്യാരംഗത്തും ചൈനാക്കാർ വിദഗ്ദരായിരുന്നു.<br>* പഗോഡകൾ എന്നറിയപ്പെടുന്ന ബുദ്ധദേവാലയങ്ങൾ ചൈനാക്കാരുടെ നിർമ്മാണവൈഭവത്തിന് തെളിവാണ്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>പാഠഭാഗം വായന.<br>**<u>സൂചകം:-</u>**<br>* ശാസ്ത്ര-സാഹിത്യരംഗങ്ങളിലെ അറബികളുടെ സംഭാവനകൾ<br>**<u>ക്രോഡീകരണം:-</u>**<br>* അൽറാസി,ഇബ്ൻസിനഎന്നിവർ വൈദ്യശാസ്ത്രരംഗത്തെ പ്രതിഭകളായിരുന്നു<br>* അൽറാസി രചിച്ച വൈദ്യശാസ്ത്ര ഗ്രഥമാണ് കിത്താബുൽ ഹവെ<br>* ഇബ്ൻസിന രചിച്ച വൈദ്യശാസ്ത്ര ഗ്രഥമാണ് അൽ-ഖാനൂൻ<br>* ഒമർഖയാം രചിച്ച റുബായിയ്യത്ത്,ഫിർദൗസിയുടെ ഷാഹ്നാമ എന്നിവ അക്കാലത്തെ പ്രധാന സാഹിത്യ സൃഷ്ടികളാണ്<br>* ആയിരത്തൊന്നു രാവുകൾ അറബികളുടെ മറ്റൊരു സാഹിത്യ സംഭാവനയാണ്.<br>* പുരാതന ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ(പൂജ്യം,ദശാംശ സമ്പ്രദായം) കൈവരിച്ച പല നേട്ടങ്ങളും അറബികൾ മനസ്സിലാക്കുകയും അവരിലൂടെ അത് യൂറോപ്പിലേക്ക് എത്തിക്കുകയും ചെയ്തു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

# 9 - മധ്യകാലകേരളം

**ആക്ടിവിറ്റി-1**

ചെപ്പേടുകൾകളുടെ ചിത്ര നിരീക്ഷണം പെരുമാൾ കാലത്തെ നാടകളുടെ ഭൂപടത്തിന്റെ സ്ലൈഡ് എന്നിവ ഉപയോഗപ്പെടുത്തി ചെപ്പേടുകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു

**പ്രവർത്തനത്തിന്റെ പേര്**

ചെപ്പേടുകളെ ക്കുറിച്ച് വിശദീകരിക്കൽ

**പഠന നേട്ടം**

മദ്ധ്യകാല കേരളത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്ന പ്രധാന തെളിവ് ചെപ്പേടുകളാണെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കു്ന്നു

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മധ്യകാല കേരളത്തെക്കുറിച്ച് അറിവ് തരുന്ന പ്രധാന തെളിവുകളിൽ ഒന്നാണ് ചെപ്പേടുകൾ

**സാമഗ്രികൾ**

ചെപ്പേടുകളുടെ ചിത്രം

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തനഘട്ടം1**<br>ചെപ്പേടുകളുടെ ചിത്ര നിരീക്ഷണം -ചർച്ച<br>**സൂചകങ്ങൾ**<br>* ചെപ്പേടുകൾ എന്നാലെന്ത്?<br>*ചെപ്പേടുകളിൽ എഴുതിയിരിക്കുന്ന ലിപി ഏത്?<br>* ചെപ്പേടുകളിൽ എന്തിനെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്?<br>**ക്രോഡീകരണം**<br>* ചെമ്പു തകിടിൽ ആലേഖനം ചെയ്ത ലിഖിതങ്ങളെയാണ് ചെപ്പേടുകൾ എന്നു വിളിക്കുന്നത്.<br>* വട്ടെഴുത്ത് എന്ന പഴയകാല ലിപിയിലാണ് ഇതെഴുതിയിരിക്കുന്നത്.<br>* മഹോദയപുരം ആസ്ഥാനമാക്കി മധ്യകാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന ഭാസ്കരരവി അഞ്ചുവണ്ണമെന്ന കച്ചവട സംഘത്തിന് അനുവദിച്ചുകൊടുത്ത അവകാശങ്ങളാണ് ഈ രേഖയിലുള്ളത്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>**വിലയിരുത്തലുകൾ**<br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. | |

**ആക്ടിവിറ്റി-2**

പാഠഭാഗം , പെരുമാൾ കാലത്തെ നാടകളുടെ ഭൂപടം എന്നിവയുടെ സ്ലാഡ് നിരീക്ഷണം-പെരുമാൾ ഭരണത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽപ്രധാന നാടുവാഴി സ്വരൂപങ്ങൾ പട്ടിക പൂർത്തയാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

പെരുമാൾ ഭരണത്തിന്റെ സവിശേഷതകൾ വിശദീകരിക്കൽ

**പഠന നേട്ടം**

പെരുമാക്കന്മാരുടെ ഭരണം കേരളത്തെ ഒരു പ്രത്യേക മേഖലയായി വളർത്തിയെന്ന് കണ്ടെത്തി അവതരിപ്പിക്കുന്നു

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
പെരുമാൾ ഭരണത്തിന്റെ സവിശേഷതകൾ
നാടുവാഴി സ്വരൂപങ്ങൾ
**സാമഗ്രികൾ**
ഡിജിറ്റൽ ഭൂപടം - പെരുമാൾ കാലത്തെ നാടുകൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തനഘട്ടം1**<br>പെരുമാക്കൾ - പാഠഭാഗം വിശകലനം ചെയ്യുന്നു - പെരുമാക്കളുടെ ഭരണത്തെക്കുറിച്ച് ഗ്രൂപ്പുകളിൽ കുറിപ്പ് തയ്യാറാക്കൽ<br>**ക്രോഡീകരണം**<br>കേരളം ഉൾപ്പെടുന്ന പ്രാചീന തമിഴകത്തിൽ മൂവേന്തന്മാരുടെ ഭരണമാണ് നിലനിന്നിരുന്നത്. മഹോദയപുരം കേന്ദ്രമാക്കി രാജഭരണം നിലവിൽ വന്നു ഇവിടുത്തെ രാജാക്കന്മാർ പെരുമാക്കൾ എന്നറിയപ്പെട്ടു.<br>**പ്രവർത്തനഘട്ടം2**<br>ഭൂപട വിശകലനത്തിലൂടെ പെരുമാൾ കാലത്തെ നാടുകൾ പട്ടികപ്പെടുത്തുന്നു - അവതരിപ്പിക്കുന്നു<br>**ക്രോഡീകരണം**<br>* വേണാട്<br>*കൊച്ചി<br>*കോഴിക്കോട്<br>* ചിറയ്ക്കൽ<br>**പ്രവർത്തനഘട്ടം3**<br>പാഠഭാഗ വിശകലനം - പെരുമാൾ കാലത്തെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകതകൾ - കുറിപ്പ് തയ്യാറാക്കൽ<br>**ചർച്ചാ സൂചകങ്ങൾ**<br>* പെരുമാൾ കാലത്തെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകതകൾ<br>ക്രോഡീകരണം<br>1. ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് ഗ്രാമങ്ങൾ വളർന്നുവന്നു<br>2. ഗ്രാമങ്ങളിൽ ബ്രാഹ്മണർ അധികാരം സ്ഥാപിച്ചു<br>3. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ കൃഷി വ്യാപകമായി<br>4. ഭൂമിയുടെ ഉടമകൾ ബ്രാഹ്മണരായിരുന്നു<br>5. ഗ്രാമങ്ങളിൽ കൃഷിക്കു പുറമേ മറ്റ് തൊഴിലിടങ്ങൾ ഉണ്ടായിരുന്നു<br>6. പെരുമാക്കന്മാർ അവരുടെ ഭരണദേശം നിരവധി നാടുകളായി തിരിച്ചിരുന്നു<br>7. നാടുകളുടെ ഭരണം നാടുവാഴികൾക്കായിരുന്നു<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

<table>
<tr><td><u>പ്രവർത്തനഘട്ടം4</u><br>നാടുവാഴി സ്വരൂപങ്ങൾ പട്ടികപ്പെടുത്തൽ<br><br>
<table>
<tr><td>നാടുകൾ</td><td>സ്വരൂപങ്ങൾ</td></tr>
<tr><td>വേണാട്</td><td>..........................</td></tr>
<tr><td>കൊച്ചി</td><td>..........................</td></tr>
<tr><td>കോഴിക്കോട്</td><td>..........................</td></tr>
<tr><td>ചിറയ്ക്കൽ</td><td>..........................</td></tr>
</table>
</td><td></td></tr>
</table>

**ആക്ടിവിറ്റി-3**

1.അനിമേറ്റഡ് വീഡിയോ - കയറ്റുമതി, ഇറക്കുമതി

ആഭ്യന്തര – തുറമുഖ കച്ചവടത്തിന്റെ വളർച്ച വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൽ

2.പ്രധാന കയറ്റുമതി സാധനങ്ങൾ- പദസൂര്യൻ നിർമ്മാണം

3.പ്രധാന ഇറക്കുമതി സാധലങ്ങൾ- പദസൂര്യൻ നിർമ്മാണം

4.പാഠഭാഗത്തിന്റെ സ്ലൈഡ് നിരീക്ഷണം-അങ്ങടികളുടെ സവിശേഷതകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

മധ്യകാല കേരളത്തിലെ അങ്ങാടികളുടെ സവിശേഷതകൾ

**പഠന നേട്ടം**

ആഭ്യന്തര – തുറമുഖ കച്ചവടത്തിന്റെ വളർച്ച വിശകലനം ചെയ്യുന്നു

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മധ്യകാല കേരളത്തിലെ ആഭ്യന്തര - തുറമുഖ കച്ചവടകേന്ദ്രങ്ങൾ

**സാമഗ്രികൾ**

അനിമേറ്റഡ് വീഡിയോ

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>**പ്രവർത്തനഘട്ടം1**</u><br>മധ്യകാല കേരളത്തിലെ കയറ്റുമതി, ഇറക്കുമതിയുടെ അനിമേറ്റഡ് വീഡിയോ പ്രദർശനം<br>ആഭ്യന്തര – തുറമുഖ കച്ചവടത്തിന്റെ വളർച്ച വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കൽ<br><u>**സൂചകം**</u><br>* സാധന കൈമാറ്റ രീതി - കച്ചവട സംഘങ്ങൾ - കച്ചവടച്ചുങ്കം - അങ്ങാടികൾ<br><u>**ക്രോഡീകരണം**</u><br>*കച്ചവടം പ്രധാനമായും സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന രീതിയായിരുന്നു.<br>*അഞ്ചുവണ്ണം, മണിഗ്രാമം എന്നീ പേരുകളിൽ കച്ചവട സംഘങ്ങൾ ഉണ്ടായിരുന്നു.<br>*ചുങ്കമായിരുന്നു അക്കാലത്തെ പ്രധാന വരുമാന മാർഗ്ഗം.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൽ<br><u>**വിലയിരുത്തലുകൾ**</u> | |

കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാ കുട്ടികളും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>**പ്രവർത്തനഘട്ടം2**</u>

മധ്യകാലഘട്ടത്തിൽ കേരളത്തിൽ നിന്ന് മറ്റു ദേശങ്ങളിലേക്ക് കൈമാറ്റം ചെയ്തിരുന്ന സാധനങ്ങൾ-പദസൂര്യൻ നിർമ്മാണം




<u>**പ്രവർത്തനഘട്ടം3**</u>

മധ്യകാലഘട്ടത്തിൽ മറ്റു ദേശങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്നിരുന്ന സാധനങ്ങൾ-പദസൂര്യൻ നിർമ്മാണം




<u>**പ്രവർത്തനഘട്ടം4**</u>

മധ്യകാലഘട്ടത്തിലെ കേരളത്തിലെ അങ്ങാടികളെ കുറിച്ച് പാഠഭാഗം സ്ലൈഡ് ഉപയോഗപ്പെടുത്തി ചർച്ച.

<u>**സൂചകം**</u>

* പ്രധാന അങ്ങാടികൾ
* പ്രധാന തുറമുഖങ്ങൾ
*അങ്ങാടികളിലെ പ്രധാന ഉല്പന്നങ്ങൾ അങ്ങാടികളെ കുറിച്ച് കുറിപ്പ്.

<u>**ക്രോഡീകരണം**</u>

* അനന്തപുരം,കൊല്ലം,കൊച്ചി,കോഴിക്കോട്,പന്തലായനി
*കൊല്ലം,കൊച്ചി,കോഴിക്കോട്,വളപട്ടണം
*പട്ട്നൂൽ,പഞ്ഞി,ആട്,കാരിരുമ്പ്,കരിമ്പ്

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി അങ്ങാടികളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

**ആക്ടിവിറ്റി-3**

1.പാഠഭാഗത്തിന്റെ സ്ലൈഡ് നിരീക്ഷണം-മലയാള ഭാഷയുടെ വികാസത്തിന് വഴിതെളിച്ച സാഹിത്യകാരന്മാരും അവരുടെ കൃതികളും - ചർച്ച-കുറിപ്പ്

തയ്യാറാക്കൽ
2.പാഠഭാഗത്തിന്റെ സ്ലൈഡ് നിരീക്ഷണംവിജ്ഞാന രംഗത്തെ മധ്യകാല കേരളത്തിന്റെ സംഭാവനകൾ ഉൾക്കൊള്ളിച്ച് കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

മധ്യകാലഘട്ടത്തിൽ ഭാഷ, വിജ്ഞാനം എന്നീ രംഗങ്ങളിലെ വളർച്ച വിശകലനം ചെയ്യൽ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മധ്യകാലകേരളത്തിലെ മലയാള ഭാഷ, സാഹിത്യം, വിജ്ഞാനം എന്നീ രംഗങ്ങളിലെ വികാസം

**സാമഗ്രികൾ**

പാഠഭാഗത്തിന്റെ സ്ലൈഡുകൾ -

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തനഘട്ടം 1**<br>പാഠഭാഗം ഉപയോഗപ്പെടുത്തി മലയാള ഭാഷയുടെ വികാസത്തിന് വഴിതെളിച്ച സാഹചര്യം ചർച്ച ചെയ്യുന്നു.<br>**സൂചകം**<br>* ഏത് ഭാഷയിൽ നിന്നാണ് മലയാള ഭാഷ രൂപപ്പെട്ടത്?<br>*മലയാള ഭാഷയുടെ വളർച്ചയെ സ്വാധീനിച്ച ഭാഷ ഏത്?<br>*മലയാള ഭാഷയുടെ വളർച്ചയെ സ്വാധീനിച്ച കൃതികൾ ഏതെല്ലാം?<br>* മധ്യകാലത്ത് മലയാള ഭാഷയുടെ വളർച്ച,<br>**ക്രോഡീകരണം**<br>*തമിഴ്<br>*സംസ്കൃതം<br>*ചെറുശ്ശേരിയുടെ കൃഷ്ണഗാഥ,എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ,കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികൾ എന്നിവ മലയാളഭാഷയുടെ വികാസത്തിന് വഴിതെളിച്ചു.<br>*ഖാസി മുഹമ്മദ് അറബി മലയാളത്തിൽ രചിച്ച മുഹിയിദ്ദീൻ മാല, അർണോസ് പാതിരി രചിച്ച പുത്തൻപാന എന്നിവ മലയാളഭാഷയുടെ പുരോഗതിക്ക് സഹായകരമായി.<br>*തെക്കൻ പാട്ടുകളും, വടക്കൻ പാട്ടുകളും,തൊഴിൽ പാട്ടുകളും മലയാളഭാഷയെ ജനകീയമാക്കി.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൽ<br>**വിലയിരുത്തൽ**<br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ<br>**പ്രവർത്തനഘട്ടം 2**<br>പാഠഭാഗത്തിന്റെ സ്ലൈഡ് പ്രയോജനപ്പെടുത്തി മധ്യ കാലഘട്ടത്തിലെ വിജ്ഞാന രംഗത്തെ പുരോഗതിയെ കുറിച്ച് പാഠപുസ്തകം പേജ് 139 വായന ചർച്ച്.<br>**സൂചകം**<br>* മധ്യകാലഘട്ടത്തിൽ കേരളത്തിൽ വികാസം പ്രാപിച്ച പ്രധാന വിജ്ഞാന ശാഖകൾ ഏവ?<br>*ജ്യോതിശാസ്ത്രത്തിലെ പ്രധാന കൃതിയും രചിയിതാവും<br>* ആയുർവേദത്തിലെ പ്രധാന ഗ്രന്ഥം ഏതായിരുന്നു?<br>*ആദ്യകാല വിദ്യകേന്ദ്രങ്ങൾ അറിയപ്പെട്ടിരുന്ന പേര്<br>*ബുദ്ധവിഹാരങ്ങളോട് ചേർന്നുള്ള വിദ്യലയങ്ങളെ അറിയപ്പെട്ടിരുന്ന പേര്?<br>**ക്രോഡീകരണം** | |

| | |
|---|---|
| * ഗണിത ശാസ്ത്രം,ജ്യോതിശാസ്ത്രം,ആയുർവേദം<br>* ശങ്കരനാരായണീയം,ശങ്കരനാരായണൻ<br>* അഷ്ടാഗഹൃദയം<br>*ശാലകൾ<br>*പള്ളികൾ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൽ | |

**ആക്ടിവിറ്റി-4**
ക്ഷേത്രകലകൾ, അനുഷ്ഠാന കലകൾ, വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ എന്നിവയുടെ ചിത്ര ആൽബം നിരീക്ഷണം - കേരളീയ കലകൾ - കുറിപ്പ് തയ്യാറാക്കൽ
വിവധ കേരളീയ കലകൾ പട്ടികപ്പെടുത്തുന്നു
**പ്രവർത്തനത്തിന്റെ പേര്**
വിവിധകലാരൂപങ്ങളെ തരംതിരിക്കൽ
**പഠന നേട്ടം**
കോരളീയ കലകളെ തിരിച്ചറിഞ്ഞ് അവ ആസ്വദിക്കാനുള്ള മനോഭാവം രൂപപ്പെടുന്നു
**സാമഗ്രികൾ**
വീഡിയോകൾ
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
കേരളീയ കലകൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| <u>**പ്രവർത്തനഘട്ടം1**</u><br>ക്ഷേത്രകലകൾ, അനുഷ്ഠാന കലകൾ, വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ എന്നിവയുടെ വീഡിയോ ആൽബം നിരീക്ഷണം-ചർച്ചാകുറിപ്പ് തയ്യാറാക്കൽ.<br><u>**സൂചകം**</u><br>* ക്ഷേത്ര കലകൾ<br>* അനുഷ്ഠാന കലകൾ<br><br><u>**ക്രോഡീകരണം**</u><br>ക്ഷേത്രങ്ങളോട് ചേർന്ന കൂത്തമ്പലങ്ങളിൽ അരങ്ങേറുന്ന കലാരൂപങ്ങളെ ക്ഷേത്ര കലകൾ എന്നുപറയുന്നു.<br>ഉദാ:-കൂത്ത്,കൂടിയാട്ടം,കഥകളി<br>* കാവുകളിലും മറ്റ് ആരാധനാലയങ്ങളിലും നടത്തുന്ന കലാരൂപങ്ങളാണ് അനുഷ്ഠാനകലകൾ.അനുഷ്ഠാന കലകൾ ക്ഷേത്രകലയേക്കാൾ കൂടുതൽ ജനകീയമാണ്.<br>ഉദാ:-തെയ്യം,തിറ,കളംപാട്ട്<br>*വിവിധ മതവിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ<br>ഉദാ:ഒപ്പന,മാർഗംകളി,ചവിട്ടുനാടകം<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br><u>**വിലയിരുത്തലുകൾ**</u><br>കുട്ടികളുടെ നോട്ട് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ.എല്ലാകുട്ടികളും രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br><u>**പ്രവർത്തനഘട്ടം2**</u><br>കേരളീയ കലാരൂപങ്ങളെ തരംതിരിച്ച് പട്ടികപ്പെടുത്തൽ | |

| ക്ഷേത്ര കലകൾ | അനുഷ്ഠാന കലകൾ | വിവിധ മതവിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ |
|---|---|---|
| കൂത്ത് | തെയ്യം | ഒപ്പന |
| ........ | ........ | ........ |
| ........ | ........ | ........ |

**വിലയിരുത്തലുകൾ**

നോട്ട് പുസ്തകത്തിലെ കേരളീയ കലാരൂപങ്ങളെ തരംതിരിച്ച പട്ടിക

വിവിധ കേരളീയ കലകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു

# 10 - ജനാധിപത്യവും അവകാശങ്ങളും

**ആക്ടിവിറ്റി-1**

1.നെൽസൺ മണ്ടേലയുടെ പ്രസംഗം-വീഡിയോ നിരീക്ഷണം -ചർച്ച
2.വിവിധ ജനാധിപത്യ സമരങ്ങളുടെ വീഡിയോ നിരീക്ഷണം ചർച്ച
3.വിവിധ ഗവൺമേന്റെകളെ സംബന്ധിക്കുന്ന കൊളാഷിന്റെ സ്ലൈഡ് ,രാജാക്കൻമാരുടെയും പാർലമെന്റിന്റെയും ചിത്ര ആൽബം എന്നിവയുടെ നിരീക്ഷണം -പട്ടികപൂർത്തിയാക്കൽ
4.ജനാധിപത്യ-ജനാധിപത്യേതര ഗവൺമേന്റുകളുടെ സവിശേഷതകൾ- ചർച്ച- താരതമ്യ പട്ടികതയ്യാറാക്കൽ
5.ജനാധിപത്യത്തിന്റെ മേന്മകൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ജനാധിപത്യ-ജനാധിപത്യേതര ഗവൺമേന്റുകളുടെ സവിശേഷതകൾ വിശദീകരിക്കൽ

**പഠന നേട്ടം**

ജനാധിപത്യ-ജനാധിപത്യേതര ഗവൺമേന്റെകൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കുന്നു.ജനാധിപത്യ ഗവർമേന്റെിന്റെ മേന്മകൾ പട്ടിപ്പെടുത്തുന്നു.

**സാമഗ്രികൾ**

വീഡിയോ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ജനാധിപത്യ-ജനാധിപത്യേതര ഗവൺമേന്റ്-സവിശേഷതകൾ,മേന്മകൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>ജനാധിപത്യം എന്ന ആശയവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ ചർച്ച നടത്തുന്നു. ഇതിനായി നെൽസൺ മണ്ടേല പ്രസംഗിക്കുന്ന വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br>**ചർച്ചാ സൂചകങ്ങൾ**<br>1.വീഡിയോയിൽ കാണുന്ന വ്യക്തി ആരാണ്?<br>2.ഏതുതരം രാഷ്ട്രത്തിനു വേണ്ടിയാണ് അദ്ദേഹം പടപൊരുതിയത്?<br>**<u>ക്രോഡീകരണം</u>**<br>നെൽസൺ മണ്ടേല<br>ജനാധിപത്യരാഷ്ട്രം<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>ലോകത്ത് നടന്ന വിവിധ ജനാധിപത്യ സമരങ്ങളുടെ വീഡിയോ നിരീക്ഷണം ചർച്ച. ഇതിനായി resource ഉപയോഗിക്കാവുന്നതാണ്.<br>**<u>ചർച്ചാ സൂചകങ്ങൾ</u>**<br>ലോകത്ത് നടന്നിട്ടുള്ള വിവിധ ജനാധിപത്യ സമരങ്ങളേതെല്ലാം?<br>എന്താണ് ജനാധിപത്യം എന്നതുക്കൊണ്ട് അർത്ഥമാക്കുന്നത്?<br>(അധ്യാപികയുടെ ഇടപെടലോടു കൂടി ചർച്ച ക്രോഡീകരിക്കേണ്ടതാണ്.)<br>**<u>ക്രോഡീകരണം</u>**<br>1.(a) ഇന്ത്യൻ സ്വാതന്ത്ര്യ സമരം<br>(b) ദക്ഷിണാഫ്രിക്കൻ സ്വാതന്ത്ര്യ സമരം<br>(c) ഫ്രഞ്ചു വിപ്ലവം<br>(d) അമേരിക്കൻ സ്വാതന്ത്ര്യ സമരം<br>(e)നേപ്പാളിലെ ജനാധിപത്യപ്രക്ഷോഭം<br>(f)മ്യാന്മാറിലെ ജനാധിപത്യപ്രക്ഷോഭം | |

| | |
|---|---|
| 2.ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി നടത്തുന്ന ഭരണക്രമമാണ് ജനാധിപത്യം<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br>ലോകത്തിലെ വിവിധ ഗവൺമെന്റുകളെ സംബന്ധിക്കുന്ന കൊളാഷിന്റെ സ്ലൈഡ് ,രാജാക്കൻമാരുടെയും പാർലമെന്റിന്റെയും ചിത്ര ആൽബം എന്നിവയുടെ നിരീക്ഷണം -പട്ടികപൂർത്തയാക്കൽ | |

| രാജ്യം | ഗവൺമേന്റിന്റെ രൂപം |
|---|---|
| ഭൂട്ടാൻ | ഭരണഘടനാപരമായ രാജവാഴ്ച |
| ഇന്ത്യ | .................. |
| ബ്രൂണോയ് | ..................... |
| മ്യാൻമാർ | .................... |

<u>വിലയിരുത്തൽ</u>

കുട്ടികളുടെ നോട്ട് ബുക്കിലെ പട്ടികയുടെ രേഖപ്പെടുത്തലുകൾ

തുടർന്ന് അധ്യാപികയുടെ സഹായത്താൽ ജനാധിപത്യ-ജനാധിപത്യേതര ഗവൺമേന്റുകളെ സംബന്ധിച്ച് ക്ലാസ്സിൽ ലഘു ചർച്ച.

**<u>ചർച്ചാ സൂചകങ്ങൾ</u>**

ജനാധിപത്യ ഗവൺമേന്റിന്റെ സവിശേഷതകൾ

ജനാധിപത്യേതര ഗവൺമേന്റുകളുടെ സവിശേഷതകൾ

**<u>ക്രോഡീകരണം</u>**

1.(a)ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളുടെ ഭരണം

(b)ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും അവകാശങ്ങളും നിയമപരമായി ഉറപ്പു നൽകുന്നു.

(c)ഭരണാധികാരികൾ നിയമത്തിന് വിധേയമായി പ്രവർത്തിക്കുന്നു.

2.(a)അധികാരം പരമ്പാരാഗതമായി കൈമാറുകയോ പിടിച്ചെടുക്കുകയോ ചെയ്യുന്നു.

(b)ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും അവകാശങ്ങളും പരിമിതമാണ്.

(c)ഭരണാധികാരികൾ നിയമത്തിന് അതീതനാണ് .കാരണം അവർ തീരുമാനിക്കുന്നതാണ് നിയമം.

ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി താരതമ്യ പട്ടിക തയ്യാറക്കുന്നു.

| **ജനാധിപത്യ ഗവൺമേന്റ്** | **ജനാധിപത്യേതര ഗവൺമേന്റ്** |
|---|---|
| ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളുടെ ഭരണം | അധികാരം പരമ്പാരാഗതമായി കൈമാറുകയോ പിടിച്ചെടുക്കുകയോ ചെയ്യുന്നു. |
| ...................... | ...................... |
| ...................... | ...................... |

<u>വിലയിരുത്തൽ</u>

കുട്ടികളുടെ നോട്ട് ബുക്കിലെ പട്ടികയുടെ രേഖപ്പെടുത്തലുകൾ

**<u>പ്രവർത്തന ഘട്ടം 5</u>**

തുടർന്ന് ജനാധിപത്യത്തിന്റെ മേന്മകളെ കുറിച്ച് അധ്യാപികയുടെ സഹായത്താൽ ക്ലാസ്സിൽ ലഘു ചർച്ച.

| | |
|---|---|
| പാഠപുസ്തകത്തിലെ പേജ് 146 അവതരണം.<br>**<u>ചർച്ചാ സൂചകം</u>**<br>ജനാധിപത്യത്തിന്റെ മേന്മകൾ<br><br>**<u>ക്രോഡീകരണം</u>**<br>ജനാഭിലാഷം മാനിക്കുന്നു.<br>വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നു.<br>ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയരാണ്.<br>ഭരണാധികാരികൾ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറാക്കുന്നു.<br><u>വിലയിരുത്തൽ</u><br>കുട്ടികളുടെ നോട്ട് ബുക്കിലെ പട്ടികയുടെ രേഖപ്പെടുത്തലുകൾ | |

**ആക്ടിവിറ്റി-2**
1.അവകാശങ്ങൾ എഴുതിയ സ്ലൈഡ് നിരീക്ഷണം -ചർച്ച
2.പാഠഭാഗത്തിലെ ബ്ലോഗ് കുറിപ്പിന്റെ സ്ലൈഡ് നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
ജനാധിപത്യ ഗവൺമേന്റും അവകാശങ്ങളും -പരസ്പര ബന്ധം പ്രസ്ഥാപിക്കൽ
**പഠന നേട്ടം**
ജനാധിപത്യ ഗവൺമേന്റും അവകാശങ്ങളും തമ്മിലുള്ള പരസ്പര ബന്ധം പ്രസ്താവിക്കുന്നു.അവകാശപത്രിക വിശദമാക്കുന്നു.
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
അവകാശങ്ങൾ,നിർവചനം,അവകാശപ്പത്രിക
**സാമഗ്രികൾ**
അവകാശങ്ങൾ എഴുതിയസ്ലൈഡ്, ബ്ലോഗ്കുറിപ്പ് സ്ലൈഡ്

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ജനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള അവകാശങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി ഇന്ത്യയിലെ ചില അവകാശങ്ങൾ എഴുതിയ സ്ലൈഡുകൾ പ്രദർശിപ്പിക്കാവുന്നതാണ്.<br><br>**<u>ചർച്ചാ സൂചകം</u>**<br>ഏതെല്ലാം അവകാശങ്ങളാണ് ജനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളത്?<br>**<u>ക്രോഡീകരണം</u>**<br>ജീവിക്കാനുള്ള അവകാശം<br>വിദ്യാഭ്യാസത്തിനുള്ള അവകാശം<br>അഭിപ്രായ സ്വാതന്ത്ര്യം<br>സംഘടന സ്വാതന്ത്ര്യം<br><br>**<u>വിലയിരുത്തൽ</u>**<br>കുട്ടികളുടെ നോട്ട് ബുക്കിലെ രേഖപ്പെടുത്തലുകൾ<br>**<u>പ്രവർത്തന ഘട്ടം 2</u>** | |

| | |
|---|---|
| മേൽ സൂചിപ്പിച്ച അവകാശങ്ങൾ എല്ലാ രാജ്യത്തിലേയും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് ക്ലാസ്സിൽ ചർച്ച. ഇതിനായി (ഫറാ ബക്കറുടെ ബ്ലോഗ് കുറിപ്പ് സ്ലൈഡായി ) അവതരിപ്പിക്കാവുന്നതാണ്.<br>**<u>ചർച്ചാ സൂചകം</u>**<br>എന്ത് അവകാശമാണ് ഫറാ ബക്കറിന് ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നത്?<br>എന്താണ് അവകാശങ്ങൾ?<br>എന്താണ് അവകാശപ്പത്രിക?<br>**<u>ക്രോഡീകരണം</u>**<br>(അധ്യാപികയുടെ ഇടപെടൽ ക്രോഡീകരണത്തിൽ ആകാവുന്നതാണ്)<br>ജീവിക്കാനുള്ള അവകാശം<br>ഒരു പൗരന് മെച്ചപ്പെട്ട ജീവിതം കൈവരിക്കുന്നതിനും തന്റെ ശേഷിയും കഴിവും വികസിപ്പിക്കുന്നതിനും സഹായകമായതും സമൂഹവും രാഷ്ട്രവും ഉറപ്പുനൽകുന്നതുമായ വ്യവസ്ഥകളാണ് അവകാശങ്ങൾ. ഓരോ രാജ്യവും ഭരണഘടനയിലുൾപ്പെടുത്തി പൗരന് ഉറപ്പു നൽകുന്ന അവകാശങ്ങളുടെ പട്ടികയാണ് അവകാശപ്പത്രിക.ഇന്ത്യയുടെ അവകാശപ്പത്രിക മൗലികാവകാശങ്ങൾ എന്നപേരിലറിയപ്പെടുന്നു. ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം. | |

**ആക്ടിവിറ്റി-3**

1.മനുഷ്യാവകാശ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കൊളാഷിന്റെ സ്ലൈഡ് നിരീക്ഷണം -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.ദേശിയ മനുഷ്യവകാശ കമ്മീഷൻ-ഡിജിറ്റൽചിത്ര നിരീക്ഷണം -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
3.സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ-ഡിജിറ്റൽചിത്ര നിരീക്ഷണം -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
4.കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകളുടെ കൊളാഷിന്റെ സ്ലൈഡ് നിരീക്ഷണം- കുട്ടികളുടെ അവകാളങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവരുടെ ചിത്ര നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
5.സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകളുടെ കൊളാഷിന്റെ സ്ലൈഡ് നിരീക്ഷണം- ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

അവകാശ സംരക്ഷണത്തിനുള്ള വിവിധ സംവിധാനങ്ങൾ വിശദീകരിക്കൽ

**പഠന നേട്ടം**

അവകാശ സംരക്ഷണത്തിന് ദേശിയതലത്തിൽ കൈക്കൊണ്ടിരിക്കുന്ന നടപടികൾ വിലയിരുത്തുന്നു.

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

മനുഷ്യാവകാശങ്ങൾ
ദേശിയ മനുഷ്യാവകാശ കമ്മീഷൻ
സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

കുട്ടികളുടെ അവകാശങ്ങൾ
ബാലാവകാശ കമ്മീഷൻ
സ്ത്രീകളുടെ അവകാശങ്ങൾ
വനിതാ കമ്മീഷൻ
**സാമഗ്രികൾ**
കൊളാഷിന്റെ സ്ലൈഡ്, ഡിജിറ്റൽചിത്രങ്ങൾ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>മനുഷ്യാവകാശങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.ഇതിനായി മനുഷ്യാവകാശ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കൊളാഷിന്റെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.(അധ്യാപികയുടെ ഇടപെടൽ ആകാവുന്നതാണ്)<br>**ചർച്ചാ സൂചകം**<br>എന്താണ് മനുഷ്യാവകാശങ്ങൾ?<br>സാർവദേശിയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അവകാശങ്ങൾ എന്തെല്ലാം?<br>മനുഷ്യാവകാശ സംരക്ഷണത്തിനായി ഇന്ത്യാ ഗവൺമെന്റ് ദേശിയ തലത്തിലും സംസ്ഥാന തലത്തിലും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം?<br>**ക്രോഡീകരണം**<br>1. മനുഷ്യ വർഗത്തിലെ ഒരു അംഗമെന്ന നിലയിൽ എല്ലാവർക്കും ഒരുപോലെ ലഭ്യമായിരിക്കേണ്ട അവകാശങ്ങളെയാണ് മനുഷ്യാവകാശങ്ങൾ എന്നു പറയുന്നത്.<br>2(a).ജീവിക്കാനുള്ള അവകാശം<br>(b)സ്വാതന്ത്യത്തിനുള്ള അവകാശം,<br>(c)സംഘടനാ സ്വാതന്ത്ര്യം<br>(d) തൊഴിലവകാശം<br>(e) സംസ്കാരവും ഭാഷും ലിപിയും സംരക്ഷിക്കാനുള്ള അവകാശം<br>3.(a) മനുഷ്യവകാശ കമ്മീഷൻ<br>(b) ബാലാവകാശ കമ്മീഷൻ<br>(c) വനിതാ കമ്മീഷൻ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br>വിലയിരുത്തലുകൾ<br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം<br>**പ്രവർത്തന ഘട്ടം 2**<br>ദേശിയ മനുഷ്യവകാശ കമ്മീഷനെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.<br>**ചർച്ചാ സൂചകം**<br>എന്നാണ് ദേശിയ മനുഷ്യവകാശ കമ്മീഷൻ നിലവിൽ വന്നത്?<br>ദേശിയ മനുഷ്യവകാശ കമ്മീഷന്റെ ഘടന എങ്ങനെയാണ്?<br>ദേശിയ മനുഷ്യവകാശ കമ്മീഷന്റെ ചുമതലകൾ എന്തെല്ലാം? | |

| | |
|---|---|
| <u>**ക്രോഡീകരണം**</u><br>1993<br>ചെയർമാൻ ഉൾപ്പെടെ അഞ്ചംഗങ്ങൾ ഉണ്ടാകും.റിട്ടയർ ചെയ്ത ഒരു സുപ്രീംകോടതി ചീഫ്ജസ്റ്റീസ് ആയിരിക്കും ചെയർമാൻ.<br>(a)മനുഷ്യവകാശങ്ങളുമായി ബന്ധപ്പെട്ട പരാതിയിൻ മേൽ അന്വേഷണം നടത്തുക.<br>(b)ജയിലുകളും മറ്റും സന്ദർശിച്ച് അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ പഠിച്ച് ശുപാർശകൾ നൽകുക.<br>(c) മനുഷ്യവകാശ സംരക്ഷണത്തിന് ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുക.<br>(d) മനുഷ്യവകാശ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ പരിപോഷിപ്പിക്കുക.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br><u>**പ്രവർത്തന ഘട്ടം 3**</u><br>സംസ്ഥാന മനുഷ്യവകാശ കമ്മീഷനെ കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുന്നു.<br><u>**ചർച്ചാ സൂചകം**</u><br>എന്നാണ് സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ നിലവിൽ വന്നത്?<br>സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ ഘടന എങ്ങനെയാണ്?<br>സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ ചുമതലകൾ എന്തെല്ലാം?<br><u>**ക്രോഡീകരണം**</u><br>1998<br>ഒരു ചെയർമാനും രണ്ടംഗങ്ങളും അടങ്ങുന്നതാണ് സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ<br>(a)മനുഷ്യവകാശങ്ങളുമായി ബന്ധപ്പെട്ട പരാതിയിൻ മേൽ അന്വേഷണം നടത്തുക.<br>(b)ജയിലുകളും മറ്റും സന്ദർശിച്ച് അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ പഠിച്ച് ശുപാർശകൾ നൽകുക.<br>(c) മനുഷ്യവകാശ സംരക്ഷണത്തിന് ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുക.<br>(d) മനുഷ്യവകാശ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ പരിപോഷിപ്പിക്കുക.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br><u>**പ്രവർത്തന ഘട്ടം 4**</u><br>കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകളുടെ കൊളാഷ്,കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന കൈലാസ് | |

| | |
|---|---|
| സത്യാർഥി, മലാലെ യൂസഫ് സായി എന്നിവരുടെ ചിത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കാവുന്നതാണ്.<br><u>**ചർച്ചാ സൂചകം**</u><br>കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിച്ച് സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ വ്യക്തികൾ ആരെല്ലാം?<br>എന്തൊക്കെയാണ് കുട്ടികളുടെ അവകാശങ്ങൾ?<br>എന്താണ് വിദ്യാഭ്യാസ അവകാശ നിയമം?<br>കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള സംവിധാനങ്ങൾ എന്തെല്ലാം?<br><u>**ക്രോഡീകരണം**</u><br>കൈലാസ് സത്യാർഥി, മലാലെ യൂസഫ് സായി<br>(എ)അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം<br>(ബി)വിദ്യാഭ്യാസത്തിനുള്ള അവകാശം<br>(സി) ദേശിയതയ്ക്കുമുള്ള അവകാശം<br>(ഡി)ബാലവേലയിൽ നിന്നും സംരക്ഷണത്തിനുള്ള അവകാശം<br>(ഇ)അതിജീവനത്തിനും സംരക്ഷണത്തിനും പൂർണ വികാസത്തിനുമുള്ള അവകാശം<br>(എഫ്)മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നും സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം<br>ആറ് വയസു മുതൽ പതിനാലു വയസു വരെയുള്ളകുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2009 ൽ ഇന്ത്യൻ പാർലമെന്റെ പാസാക്കിയ നിയമം. ഈ നിയമത്തിലൂടെ പഠനാനുകൂല അന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളും കുട്ടികൾക്ക് ഉറപ്പു നൽകുന്നു.<br>ദേശിയ ബാലാവകാശ കമ്മീഷൻ,സംസ്ഥാന ബാലാവകാശ കമ്മീഷൻ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br><u>**പ്രവർത്തന ഘട്ടം 5**</u><br>സ്ത്രീകളുടെ അവകാശങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ചർച്ച.ഇതിനായി സ്ത്രീകളുടെ അവകാളങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകളുടെ കൊളാഷ് പ്രദർശിപ്പിക്കാവുന്നതാണ്.<br><u>**ചർച്ചാ സൂചകം**</u><br>എന്തെല്ലാം പ്രത്യേക അവകാശങ്ങളാണ് സ്ത്രീകൾക്കുള്ളത്?<br>സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി ദേശിയ- സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ഏതെല്ലാം?<br>ദേശിയ- സംസ്ഥാന വനിതാ കമ്മീഷനുകളുടെ ചുമതലകൾ എന്തെല്ലാം?<br><u>**ക്രോഡീകരണം**</u> | |

| | |
|---|---|
| (എ) തുല്യ ജോലിക്ക് തുല്യ വേതനം<br>(ബി)രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മേഖലകളിൽ തുല്യ പരിഗണന<br>(സി)സ്കോളർഷിപ്പുകൾ,പഠനസഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിൽ തുല്യാവസരം<br>ദേശിയ വനിതാ കമ്മീഷൻ,സംസ്ഥാന വനിതാ കമ്മീഷൻ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ,അവകാശ നിഷേധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പാരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുക.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം. | |

**ആക്ടിവിറ്റി-4**

1.മൗലീകാവകാശങ്ങളുടെ സ്ലൈഡ് നിരീക്ഷണം -ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.അവകാശങ്ങളും കടമകളും പരസ്പര ബന്ധം വിശകലനം ചെയ്യൽ-പട്ടിക തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

അവകാശങ്ങളും കടമകളും തമ്മിലുള്ള ബന്ധം കണ്ടെത്തൽ

**പഠന നേട്ടം**

അവകാശങ്ങളും കടമകളും തമ്മിലുള്ള പരസ്പരബന്ധം വിശകലനം ചെയ്യുന്നു.

**സാമഗ്രികൾ**

പൗരന്റെ അവകാശങ്ങളുടെ സ്ലൈഡ്

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

അവകാശങ്ങളും കടമകളും

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| <u>**പ്രവർത്തന ഘട്ടം 1**</u><br>നമ്മുടെ മൗലീകാവകാശങ്ങളുടെ സ്ലൈഡ് അവതരണം<br>ഈ അവകാശങ്ങൾ നമുക്ക് അനുവദിച്ചു തരുന്നതിനോടൊപ്പം ചില കടമകൾ കൂടി നിർവഹിക്കേണ്ടതുണ്ട് എന്ന ധാരണ കുട്ടികളിൽ ഉറപ്പു വരുത്തുന്നതിലേക്കായി അധ്യാപികയുടെ സഹായത്താൽ ലഘു ചർച്ച.-പരസ്പര ബന്ധം വിശകലനം ചെയ്യൽ<br><u>**ചർച്ചാ സൂചകം**</u><br>നമ്മുടെ കടമകൾ എന്തെല്ലാം?<br><u>**ക്രോഡീകരണം**</u><br>ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കും നൽകുക എന്റെ കടമയാണ്.<br>കുട്ടിയായ എന്നെ സംരക്ഷിക്കക എന്നത് മാതാപിതാക്കളുടെ കടമയാണ്.<br>വാർധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കുക എന്റെ കടമയാണ്.<br>സ്കൂൾ നിയമങ്ങൾ അനുസരിക്കുക എന്റെ കടമയാണ്.<br>രാഷ്ട്ര സേവനവും സമുഹസേവനവും എന്റെ കടമയാണ്. | |

| | |
|---|---|
| ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ്തയ്യാറക്കുന്നു.<br><u>വിലയിരുത്തൽ</u><br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br>**<u>പ്രവർത്തന ഘട്ടം 2</u>**<br>അവകാശങ്ങളും കടമകളും പരസ്പര ബന്ധം വിശകലനം ചെയ്യുന്ന പട്ടിക തയ്യാറാക്കൽ | |

| **അവകാശങ്ങൾ** | **കടമകൾ** |
|---|---|
| സ്വാതന്ത്ര്യം എന്റെ അവകാശം | ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കും നൽകുക എന്റെ കടമയാണ് |
| കുട്ടി എന്ന നിലയിൽ സംരക്ഷണം എന്റെ അവകാശം | ........................................ |
| ................................................ | വാർധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കുക എന്റെ കടമയാണ്. |
| വിദ്യാഭ്യാസവും അതിനുള്ള അടിസ്ഥാനസൗകര്യവും എന്റെ അവകാശം | ............................................. |
| ............................................. | രാഷ്ട്ര സേവനവും സമുഹസേവനവും എന്റെ കടമയാണ്. |

# 11 - സമൂഹജീവിതത്തിലെ വൈവിധ്യം

**ആക്ടിവിറ്റി-1**

1.കേരളത്തിലെ വിവിധ കലാരൂപങ്ങളുടെ ചിത്ര ആൽബം നിരീക്ഷണം-ചർച്ച.
2.ഗോത്ര സമൂഹത്തിന്റെ സവിശേഷതകൾ(ജീവിത രീതി,ഭാഷ,ഉപകരണങ്ങൾ,കലാരൂപങ്ങൾ,ആചാരാനുഷ്ഠാനങ്ങൾ)വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച-പട്ടികപ്പെടുത്തൽ,കുറിപ്പ് തയ്യാറാക്കൽ
3.ഗോത്ര സമൂഹത്തിന്റെ അധികാര സംവിധാനം വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഗോത്ര സമൂഹത്തിന്റെ സവിശേഷതകൾ വിശദീകരിക്കൽ

**പഠന നേട്ടം**

ഗോത്ര സമൂഹത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഗോത്ര സമൂഹത്തിന്റെ സവിശേഷതകൾ

**സാമഗ്രികൾ**

കേരളത്തിലെ കലാരൂപങ്ങളുടെ ഡിജിറ്റൽ ചിത്ര ആൽബം വീഡിയോ ക്ലിപ്പിങ്ങുകൾ ഗോത്രസമൂഹത്തിന്റെ സവിശേഷതകൾ (ജീവിതരീതി, ഭാഷ, ഉപകരണങ്ങൾ, കലാരൂപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ) വിവരിക്കുന്ന വീഡിയോ ഗോത്ര സമൂഹത്തിന്റെ അധികാര സംവിധാനം വിവരിക്കുന്ന വീഡിയോ

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>കേരളത്തിലെ വിവിധ കലാരൂപങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി റിസോഴ്‌ലിൽ കൊടുത്തിരിക്കുന്ന കലാരൂപങ്ങൾ വീഡിയോ / ചിത്ര ആൽബം ഉപയോഗിക്കാവുന്നതാണ്.<br>**ചർച്ചാസൂചകങ്ങൾ**<br>*ഏതെല്ലാം കലാരൂപങ്ങളാണ് കാണുന്നത്?<br>*ഇതിൽ പൊതുവേ വ്യത്യസ്തത പുലർത്തുന്ന കലാരൂപമേത്?<br>*ഇത് ഏത് ജനവിഭാഗങ്ങളുടെ കലാരൂപമാണ്?<br>*ആരെയാണ് ഗോത്രജന വിഭാഗം എന്നുപറയുന്നത്?<br>(ചർച്ചയിൽ മെന്റർ സപ്പോർട്ടിങ് ആകാം)<br>**ക്രോഡീകരണം**<br>*കഥകളി ,തുള്ളൽ,ഗഥിക നൃത്തം,മോഹിനിയാട്ടം<br>*ഗദ്ദിക നൃത്തം<br>*വയനാട്ടിലെ ഗോത്രജനവിഭാഗങ്ങൾക്കിടയിൽ പ്രചാരമുള്ള ഒരു കലാരൂപമാണ് ഗദ്ദിക നൃത്തം<br>*നമ്മുടെ ദേശത്തെ ആദ്യകാല സമൂഹങ്ങളുടെ പിൻമുറക്കാരും,പൊതുവേ കാടുകളിലും കുന്നിൻമുകളിലും ഉൾപ്രദേശങ്ങളിലും ഒറ്റപ്പെട്ട താഴ്‌വരകളിലും താമസമാക്കിയിട്ടും ഉള്ള ജനവിഭാഗമാണ് ഗോത്ര സമൂഹം<br>**പ്രവർത്തന ഘട്ടം 2**<br>ഗോത്ര സമൂഹത്തിന്റെ സവിശേഷതകൾ(ജീവിത രീതി,ഭാഷ,ഉപകരണങ്ങൾ,കലാരൂപങ്ങൾ,ആചാരാനുഷ്ഠാനങ്ങൾ)വിവരിക്കുന്ന വീഡിയോ - നിരീക്ഷണം-ചർച്ച.<br>**ചർച്ചാസൂചകങ്ങൾ**<br>*കേരളത്തിലെ പ്രധാന ഗോത്രസമൂഹങ്ങൾ ഏതെല്ലാം?<br>*ഗോത്രസമൂഹങ്ങൾ പ്രധാനമായും എവിടെയാണ് ജീവിക്കുന്നത്?<br>*ഗോത്ര സമൂഹത്തിന്റെ പ്രധാന തൊഴിലുകൾ എന്തെല്ലാം? | |

| | |
|---|---|
| *ഗോത്ര സമൂഹം ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ എങ്ങനെയുള്ളതായിരുന്നു.?<br>*ഗോത്ര സമൂഹത്തിന്റെ ആചാര അനുഷ്ഠാനം,കല,ഭാഷ എന്നിവയുടെ പൊതു സവിശേഷത എന്ത്?<br>**ക്രോഡീകരണം**<br>*പണിയർ,കുറിച്യർ,കുറുമ്പർ,ഇരുളർ<br>(മെന്റർ സപ്പോർട്ടോടു കൂടി പട്ടിക വികസിപ്പിക്കാവുന്നതാണ്)<br>*ഗോത്രസമൂഹം പൊതുവേ വനപ്രദേശങ്ങളിലോ ഒറ്റപ്പെട്ട പ്രദേശങ്ങളിലോ ആണ് ജീവിക്കുന്നത്.<br>*വനവിഭവങ്ങൾ ശേഖരിക്കലും പരമ്പരാഗത കൃഷിരീതിയും മറ്റു കുലത്തൊഴിലുമാണ് അവരുടെ പ്രധാന തൊഴിലുകൾ.<br>*ഗോത്രസമൂഹം ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ അവരുടെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു.<br>*ഗോത്രസമൂഹങ്ങൾക്ക് തനതായ കലകളും ആചാരാനുഷ്ഠാനങ്ങളും ഭാഷയും സംസ്ക്കാരവും ഉണ്ട്.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പടുത്തി "ഗോത്ര സമൂഹത്തിന്റെ സവിശേഷതകൾ" എന്ന കുറിപ്പ് തയ്യാറാക്കുന്നു.<br>**വിലയിരുത്തൽ**<br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br>**പ്രവർത്തന ഘട്ടം 3**<br>ഗോത്ര സമൂഹത്തിന്റെ അധികാര സംവിധാനം വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച<br>**ചർച്ചാസൂചകങ്ങൾ**<br>*ഗോത്രസമൂഹം ഒരുമിച്ച് താമസിക്കുന്ന സ്ഥലത്തിന് പറയുന്ന പേരെന്ത്?<br>*ഊരിന്റെ തലവന് പറയുന്ന പേരെന്ത്?<br>*ആരെല്ലാം ചേർന്നതാണ് ഊരിന്റെ ഭരണ സംവിധാനം?<br>*ഇവരുടെ അധികാരങ്ങൾ എന്തെല്ലാം?<br>**ക്രോഡീകരണം**<br>*ഗോത്രസമൂഹം ഒരുമിച്ച് താമസിക്കുന്ന സ്ഥലത്തിന് ഊര് എന്നുപറയുന്നു.<br>*ഊരിന്റെ തലവൻ ഊരുമൂപ്പൻ എന്നറിയപ്പെടുന്നു.<br>*മൂപ്പനും, മൂപ്പനടങ്ങുന്ന മുതിർന്ന അംഗങ്ങളുടെ ഒരു സമിതിയും ചേർന്നതാണ് ഊര് ഭരണസംവിധാനം.<br>*വിവാഹം,തർക്കങ്ങൾ,ആനുഷ്ഠാനമുറകൾ എന്നിവയിലെല്ലാം ഈ സമിതി തീരുമാനമെടുക്കുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പടുത്തി "ഗോത്ര സമൂഹത്തിന്റെ ഭരണ സംവിധാനം" എന്ന തലക്കെട്ടിൽ കുറിപ്പ് തയ്യാറാക്കുന്നു. | |

**ആക്ടിവിറ്റി-2**

1.ഗ്രാമ സമൂഹത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച.

2.പരമ്പരാഗത ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ (സാമൂഹിക ബന്ധം,ജീവിതരീതി,ഉപജീവനം,തൊഴിൽ,)വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച.-കുറപ്പ് തയ്യാറാക്കൽ

3.ഗ്രാമ സമൂഹത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഡിജിറ്റൽ ചിത്ര ആൽബം നിരീക്ഷണം-ചർച്ച.-കുറപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

ഗ്രാമ സമൂഹത്തിന്റെ സവിശേഷതകൾ വിശദീകരിക്കൽ

**പഠന നേട്ടം**

ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിശകലകം ചെയ്യുന്നു.ഗ്രാമസമുഹത്തതിൽ വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

ഗ്രാമ സമൂഹത്തിന്റെ സവിശേഷതകൾ.ഗ്രാമ സമൂഹത്തിൽ വന്ന മാറ്റം

**സാമഗ്രികൾ**

ഡിജിറ്റൽചിത്ര ആൽബം വീഡിയോ ക്ലിപ്പിങ്ങുകൾ ഗ്രാമത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന വീഡിയോ പരമ്പരാഗത ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന വീഡിയോ

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| <u>പ്രവർത്തന ഘട്ടം 1</u><br>ഗ്രാമ സമൂഹത്തിന്റെ സവിശേഷതകളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br><u>ചർച്ചാ സൂചകങ്ങൾ</u><br>*കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്തെല്ലാം?<br>*മറ്റ് മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതെല്ലാം?<br><u>ക്രോഡീകരണം</u><br>* നിലം ഉഴൽ, വിത്ത് വിതയ്ക്കൽ/ഞാർ നടീൽ,കൊയ്ത്ത്,നെല്ല് ശേഖരിക്കൽ മുതലായവ<br>* കന്നുകാലി വളർത്തൽ,കോഴിവളർത്തൽ,ഉത്സവാഘോഷങ്ങൾ,മത്സ്യ ബന്ധനം, മൺകട്ട നിർമ്മാണം മുതലായവ<br>ഈ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ വീഡിയോയിലൂടെ കണ്ട സമൂഹം ഗ്രാമ സമൂഹമാണന്നും ഇന്ത്യയിലെ ബഹുഭൂരിഭാഗം ജനങ്ങളും ഗ്രമങ്ങളിലാണ് താമസിക്കുന്നതെന്നും കുട്ടി തിരിച്ചറിയുന്നു.<br><u>പ്രവർത്തന ഘട്ടം 2</u><br>പരമ്പരാഗത ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ (സാമൂഹിക ബന്ധം,,ജീവിതരീതി,ഉപജീവനം,തൊഴിൽ)വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച<br><u>ചർച്ചാ സൂചകങ്ങൾ</u><br>*സാമൂഹിക ബന്ധം<br>*ജീവിതരീതി<br><u>ക്രോഡീകരണം</u><br>* പരമ്പരാഗത ഗ്രാമസമൂഹം മുഖാമുഖ ബന്ധം കാത്തുസൂക്ഷിക്കുന്നവരും അയൽപക്ക ബന്ധത്തിന് മുഖ്യ സ്ഥാനം കൽപ്പിക്കുന്നവരും കൂട്ടുകുടുംബവ്യവസ്ഥിതിക്കും ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും കൂടുതൽ പ്രാധാന്യം കൊടുക്കുന്നവരുമാണ്.<br>* ലളിതമായതും കൃഷിയിലധിഷ്ഠിതവുമായ ജീവിതരീതിയാണ് പരമ്പരാഗത ഗ്രാമസമൂഹത്തിനുള്ളത്.<br>* കൈത്തൊഴിലുകൾ,കന്നുകാലി വളർത്തൽ,കരകൗശല വസ്തുനിർമ്മാണം എന്നിവയെല്ലാം പരമ്പരാഗത ഗ്രാമസമൂഹത്തിന്റെ മുഖ്യ ഉപജീവന മാർഗങ്ങളാണ്. | |

| | |
|---|---|
| * മൺപാത്ര നിർമ്മാണം, കുട്ട/വട്ടി/പായ് നെയ്ത്ത് ,മൺക്കട്ട നിർമ്മാണംഎന്നിവയാണ് പ്രധാന തൊഴിലുകൾ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>വിലയിരുത്തൽ<br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം.<br>**പ്രവർത്തന ഘട്ടം 3**<br>ഗ്രാമ സമൂഹത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ ഡിജിറ്റൽ ചിത്ര ആൽബം നിരീക്ഷണം-ചർച്ച<br>ചർച്ചാ സൂചകം<br>* ഗ്രാമ സമൂഹത്തിൽ വന്നിട്ടുള്ള മാറ്റം<br>ക്രോഡീകരണം<br>* പരമ്പരാഗത തൊഴിലുകൾ അപ്രത്യക്ഷമാകുന്നു.<br>* കൃഷിയില്ലാതാവുകയും വ്യവസായങ്ങൾ വളർന്നു വരുകയും ചെയ്യുന്നു.<br>* മലിനീകരണം വർദ്ധിച്ചു വരുന്നു.<br>* ചെറിയകെട്ടിടങ്ങളുടെ സ്ഥാനത്ത് വൻകെട്ടിടങ്ങൾ<br>* ഗതാഗത കുരുക്ക്<br>* തൊഴിൽ,വിദ്യാഭ്യാസം എന്നിവയ്ക്കായി നഗരത്തിലേക്കുള്ള ജനങ്ങളുടെ മാറ്റം.<br>* ഗ്രാമങ്ങൾ പട്ടണങ്ങളായി മാറുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>വിലയിരുത്തൽ<br>രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം. | |

**ആക്ടിവിറ്റി-3**
നഗര സമൂഹത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
ഗ്രാമ സമൂഹത്തിന്റെയും നഗര സമൂഹത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടികതയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**
നഗര സമൂഹത്തിന്റെ സവിശേഷതകൾ വിശദീകരിക്കൽ

**പഠന നേട്ടം**
നഗര സമൂഹത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ഗ്രാമസമൂഹങ്ങളുമായി താരതമ്യം ചെയ്ത് വിശകലനം ചെയ്യുന്നു.

**സാമഗ്രികൾ**
നഗര സമൂഹത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന വീഡിയോ

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
നഗര സമൂഹത്തിന്റെ സവിശേഷതകൾ

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
<u>പ്രവർത്തന ഘട്ടം 1</u><br>
നഗര സമൂഹത്തിന്റെ സവിശേഷതകളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി കൊടുത്തിരിക്കുന്ന വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br>
<u>ചർച്ചാ സൂചകങ്ങൾ</u><br>
നഗരങ്ങളിലെ ജനങ്ങൾ എതെല്ലാം രീതിയിൽ വൈവിധ്യം പുലർത്തുന്നു?<br>
നഗരങ്ങളിലെ തൊഴിലിലുള്ള വൈവിധ്യങ്ങൾ എന്തെല്ലാം?<br>
നഗരങ്ങളിലെ കെട്ടിടങ്ങളിലുള്ള വൈവിധ്യങ്ങൾ എന്തെല്ലാം?<br>
നാഗരീക ജീവിതരീതി എങ്ങനെയുള്ളതാണ്?<br>
<u>ക്രോഡീകരണം</u><br>
ജനങ്ങൾ ഭാഷ,വേഷം,ഭക്ഷണരീതി എന്നിവയിൽ വ്യത്യസ്തത പുലർത്തുന്നു.<br>
വ്യവസായം വ്യാപാരം ഇവയുമായി ബന്ധപ്പെട്ട തൊഴിലുകൾ.തൊഴിലുകളുടെ അടിസ്ഥാനത്തിൽ വിവിധ സാമ്പത്തിക-സാമൂഹിക വർഗങ്ങൾ സൃഷ്ടിക്കപ്പെടുകയും വിവിധതൊഴിൽ സംഘടനകൾ രൂപംകൊള്ളുകയും ചെയ്യുന്നു.<br>
ഫ്ളാറ്റുകൾ,മാളുകൾ,സൂപ്പർ മാർക്കറ്റകൾ,ബംഗ്ലാവുകൾ എന്നിങ്ങനെ വിവിധതരം കെട്ടിടങ്ങൾ നഗരങ്ങളിൽ കാണാം<br>
ഫാഷനുകൾ,ആധുനിക ജീവിതരീതികൾ, വൈവിധ്യ പൂർണ്ണമായ ജീവിതരീതികൾ<br>
ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>
<u>വിലയിരുത്തൽ</u><br>
രണ്ടു കുട്ടികൾ അവരുടെ നോട്ടുപുസ്തകത്തിലുള്ള കുറിപ്പുകൾ വായിക്കുന്നു. ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്താം. മേൽപറഞ്ഞ കാര്യങ്ങൾ എല്ലാവരും കുറിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം<br>
<u>പ്രവർത്തന ഘട്ടം 2</u><br>
ഗ്രാമ സമൂഹത്തിന്റെയും നഗര സമൂഹത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കൽ
<table>
<tr><th>ഗ്രാമ സമൂഹം</th><th>നഗര സമൂഹം</th></tr>
<tr><td>കൃഷിയിലധിഷ്ഠിത തൊഴിലുകൾ</td><td>വ്യവസായങ്ങളിലധിഷ്ഠിതമായ തൊഴിലുകൾ</td></tr>
<tr><td>.....................</td><td>....................</td></tr>
<tr><td>...................</td><td>.................</td></tr>
<tr><td>...................</td><td>....................</td></tr>
<tr><td>..............</td><td>...................</td></tr>
</table>
</td><td></td></tr>
</table>

**ആക്ടിവിറ്റി-4**

1.നഗര സമൂഹത്തിലെ പ്രധാന പ്രശ്നങ്ങളുടെ വീഡിയോ നിരീക്ഷണം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

2.കൊളാഷ് നിരീക്ഷണം-ചർച്ച-പട്ടികപ്പെടുത്തൽ-കുറിപ്പ് തയ്യാറക്കൽ

**പ്രവർത്തനത്തിന്റെ പേര്**

നഗര സമൂഹത്തിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തൽ

**പഠന നേട്ടം**

നഗര സമൂഹം നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നു.പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നു

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
നഗരത്തിലെ പ്രശ്നങ്ങൾക്കുള്ളപരിഹാര മാർഗങ്ങൾ
**സാമഗ്രികൾ**
നഗര സമൂഹത്തിന്റെ പ്രശ്നങ്ങൾ വിവരിക്കുന്ന വീഡിയോ,കൊളാഷിന്റെ സ്ലൈഡ്

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| **<u>പ്രവർത്തന ഘട്ടം 1</u>**<br>നഗര സമൂഹത്തിന്റെ പ്രധാന പ്രശ്നങ്ങളെ കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. ഇതിനായി കൊടുത്തിരിക്കുന്ന വീഡിയോ ഉപയോഗിക്കാവുന്നതാണ്.<br>**<u>ചർച്ചാ സൂചകം</u>**<br>നഗര സമൂഹത്തിലെ പ്രധാന പ്രശ്നങ്ങൾ എന്തെല്ലാം?<br>ചർച്ചയുടെ അടിസ്ഥാനത്തിൽ നഗരത്തിലെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്തി നോട്ട് ബുക്കിൽ കുറിക്കുന്നു.<br>ചേരികൾ<br>ഗതാഗത കുരുക്ക്<br>മലിനീകരണം<br>ലഹരി വസ്തുക്കളുടെ ഉപയോഹം<br>കുറ്റകൃത്യങ്ങൾ<br><br>**<u>പ്രവർത്തന ഘട്ടം 2</u>**<br>നഗര സമൂഹത്തിലെ പ്രധാന പ്രശ്നങ്ങളുടെ കൊളാഷ് നിരീക്ഷണം-പ്രശ്ന പരിഹരണ മാർഗങ്ങൾ ചർച്ച ചെയ്യുന്നു.<br>**<u>ക്രോഡീകരണം</u>**<br>ചിട്ടയോടുള്ള ആസൂത്രണം<br>പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാതെയുള്ള നിർമ്മാണ പ്രവർത്തനം<br>സമഗ്രമായ പാർപ്പിട നയം<br>ജീവിതം സുഖമമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ<br>ക്രോഡീകരിച്ച വിവരങ്ങൾ ഉൾപ്പടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |

# 12 - പ്രകൃതിയുടെ വരദാനം

**ആക്ടിവിറ്റി-1**

1.നൗറു ദ്വീപിന്റെ നറേറ്റഡ് വീഡിയോ നിരീക്ഷണം-ചർച്ച

2.പ്രകൃതി വിഭവങ്ങളുടെ ചിത്ര ആൽബ നിരീക്ഷണം-പട്ടികപ്പെടുത്തൽ-തരംതിരിക്കൽ-താരതമ്യ പട്ടിക തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

പ്രകൃതി വിഭവങ്ങൾ പട്ടികപ്പെടുത്തൽ

**പഠന നേട്ടം**

പ്രകൃതിയിൽ നിന്നു നേരിട്ട് ലഭിക്കുന്നതും ഉപയോഗയോഗ്യവുമായ വസ്തുക്കളാണ് പ്രകൃതിവിഭവങ്ങൾ എന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

**സാമഗ്രികൾ**

വീഡിയോ, ചിത്ര ആൽബം

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

വിഭവങ്ങൾ

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
<u>പ്രവർത്തന ഘട്ടം 1</u><br>
ക്ലാസ്സിൽ വിഭവങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നു. ഇതിനായി നൗറു ദ്വീപിന്റെ വീഡിയോ പ്രദർശിപ്പിക്കുന്നു.<br>
തുടർന്ന് ലഘു ചർച്ച<br>
<u>സൂചകം</u><br>
എന്താണ് പ്രകൃതി വിഭവങ്ങൾ?<br>
<u>ക്രോഡീകരണം</u><br>
പ്രകൃതിയിൽ കാണുന്നതും മനുഷ്യന് ഉപയോഗയോഗ്യവുമായ വസ്തുക്കളെ ആണ് പ്രകൃതി വീഭവങ്ങൾ എന്നു പറയുന്നത്.<br><br>
<u>പ്രവർത്തന ഘട്ടം 2</u><br>
പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ചില വിഭവങ്ങളുടെ ചിത്ര ആൽബം നിരീക്ഷിക്കുന്നു.അവ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു.<br>
കുട്ടികൾ താഴെ പറയുന്ന പ്രകാരം പട്ടികപ്പെടുത്തുന്നു.<br>
ശിലകൾ<br>
ജലം<br>
മണ്ണ്<br>
കാറ്റ്<br>
ധാതുക്കൾ<br>
സൂര്യപ്രകാശം<br>
തുടർന്ന അധ്യാപികയുടെ സഹായത്താൽ പട്ടിക വിപുലീകരിക്കുന്നു.<br>
വിപുലീകരിച്ച പട്ടികയെ ജീവനുള്ളവയെന്നും ജീവലനില്ലാത്തവയെന്നും തരംതിരിച്ച് പട്ടിക തയ്യാറാക്കൽ
<table>
<tr><th>ജീവനുള്ളത്</th><th>ജീവനില്ലാത്തത്</th></tr>
<tr><td>സസ്യ ജാലങ്ങൾ</td><td>മണ്ണ്</td></tr>
<tr><td>.....................</td><td>.......................</td></tr>
<tr><td>............................</td><td>.......................</td></tr>
<tr><td>.....................</td><td>..........................</td></tr>
<tr><td>...............</td><td>.......................</td></tr>
</table>
തുടർന്ന് അധ്യാപികയുടെ ക്രോഡീകരണം<br>
ജീവനുള്ളവയെ ജൈവ വിഭവങ്ങൾ എന്നും ജീവനില്ലാത്തവയെ അജൈവവിഭവങ്ങളെന്നും പറയുന്നു.
</td><td></td></tr>
</table>

**ആക്ടിവിറ്റി-2**
പ്രകൃതി വിഭവങ്ങളുടെ ഡിജിറ്റൽ ചിത്ര ആൽബം നിരീക്ഷണം-പ്രകൃതി വിഭവങ്ങളുടെ തരംതിരരിക്കൽ-താരതമ്യ പട്ടിക തയ്യാറാക്കൽ
**പ്രവർത്തനത്തിന്റെ പേര്**
പ്രകൃതിവിഭങ്ങളുടെ വർഗ്ഗീകരണം
**പഠന നേട്ടം**
പ്രകൃതിവിഭങ്ങളെ പുനസ്ഥാപിക്കപ്പെടുന്നവയെന്നും പുനസ്ഥാപിക്കപ്പെടാത്തവയെന്നും വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
പ്രകൃതിവിഭവങ്ങൾ
**സാമഗ്രികൾ**
ഡിജിറ്റൽ ചിത്ര ആൽബം

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
<u>പ്രവർത്തന ഘട്ടം 1</u><br>
പ്രകൃതി വിഭവങ്ങളുടെ ചിത്ര ആൽബം നിരീക്ഷണം തന്നിരിക്കുന്ന ചിത്രത്തിലെ വിഭവങ്ങളെ എല്ലാ കാലത്തും ലഭ്യമാകുന്നത്,ഉപയോഗിക്കുന്നതിന് അനുസരിച്ച് തീർന്നു പോകുന്നത് എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൽ
<table>
<tr><th>എല്ലാ കാലത്തും ലഭ്യമാകുന്നത്</th><th>ഉപയോഗിക്കുന്നതിന് അനുസരിച്ച് തീർന്നു പോകുന്നത്</th></tr>
<tr><td>കാറ്റ്</td><td>കൽക്കരി</td></tr>
<tr><td>..........</td><td>...........</td></tr>
<tr><td>.............</td><td>.............</td></tr>
<tr><td>.............</td><td>..................</td></tr>
<tr><td>..........</td><td>................</td></tr>
</table>
തുടർന്ന് അധ്യാപികയുടെ ക്രോഡീകരണം<br>
എക്കാലത്തും ലഭ്യമാകുന്ന വിഭവങ്ങൾ ഉപയോഗത്തിലൂടെ കുറഞ്ഞാലും പ്രകൃതിയുടെ സ്വാഭാവിക പ്രവർത്തനത്തിലൂടെ വീണ്ടും നിർമ്മിക്കപ്പെടുന്നു. മനുഷ്യരുടെ ഉപയോഗം അവയുടെ ലഭ്യതയെ കാര്യമായിബാധിക്കുന്നില്ല. എന്നാൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന മണ്ണ്,ജലം മുതലായ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗവും മലിനീകരണവും ഇവയുടെ സ്വയം പുനസ്ഥാപനശേഷിയെ ബാധിക്കുന്നു. അതിനാൽ പുനസ്ഥാപിക്കപ്പെടുന്ന വിഭവങ്ങളെ മനുഷ്യർ നീതിപുർവകമായ രീതിയിൽ ഉപയോഗിക്കേണ്ടതാണ്. വനം, മത്സ്യം. കന്നുകാലികൾ തുടങ്ങിയ വിഭവങ്ങൾ പുനസ്ഥാപിക്കപ്പെടുന്നതിന് മനുഷ്യന്റെ ബോധപൂർവ്വമായ ഇടപെടലുകൾ ആവശ്യമുണ്ട്. ഇവ പുനസ്ഥാപിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. ഉപയോഗിക്കുന്നതിന് അനുസരിച്ച് തീർന്നു പോകുന്ന വിഭവങ്ങൾ ഒരിക്കലും പുനസ്ഥാപിക്കുവാൻ കഴിയുന്നതല്ല. അതിനാൽ ഇത്തരത്തിലുള്ള വിഭവങ്ങൾ വളരെ ശ്രദ്ധാപൂർവ്വം നീതിയുക്തമായും ഉപയോഗിക്കേണ്ടതാണ്. അമിത വിനിയോഗം കൊണ്ട് ധാതുക്കൾ,പെട്രോളിയം,കൽക്കരി മുതാലായ വിഭവങ്ങൾ വളരെ വേഗം ഇല്ലാതായിത്തീരുന്നു.
</td><td></td></tr>
</table>

<table>
<tr><td>
തുടർന്ന് വിഭവങ്ങളെ പുനസ്ഥാപിക്കാൻ കഴിയുന്നവ ,അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൽ<br><br>
<table>
<tr><th>പുനസ്ഥാപിക്കുവാൻ കഴിയുന്നവ</th><th>പുനസ്ഥാപിക്കുവാൻ കഴിയാത്തവ</th></tr>
<tr><td>കാറ്റ്</td><td>കൽക്കരി</td></tr>
<tr><td>........</td><td>...........</td></tr>
<tr><td>............</td><td>............</td></tr>
<tr><td>..........</td><td>..........</td></tr>
<tr><td>.........</td><td>............</td></tr>
</table>
</td><td></td></tr>
</table>

**ആക്ടിവിറ്റി-3**

വിഭവങ്ങൾ ദുർവിനിയോഗം ചെയ്യുന്നതിന്റെ വീഡിയോ നിരീക്ഷണം-ദോഷഫലങ്ങൾ കണ്ടെത്തൽ-ചർച്ച-കുറപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

വിഭവശോഷണത്തിന്റെ ദോഷഫലങ്ങൾ കണ്ടെത്തൽ

**പഠന നേട്ടം**

അശാസ്ത്രീയവും അനിയന്ത്രിതവുമായ വിഭവ ഉപയോഗം മൂലം പ്രകൃതിയിൽ വിഭവ സമ്പത്തിന്ന് വന്നു ചേരാവുന്ന ദോഷങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നു.

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

വിഭവശോഷണം

**സാമഗ്രികൾ**

വീഡിയോ ക്ലിപ്പിങ്

<table>
<tr><th>പഠനപ്രവർത്തനങ്ങൾ</th><th>വിലയിരുത്തൽ</th></tr>
<tr><td>
<u>പ്രവർത്തന ഘട്ടം 1</u><br>
വിഭവങ്ങൾ ദുർവിനിയോഗം ചെയ്യുന്നതിന്റെ വീഡിയോ നിരീക്ഷണം-ചർച്ച.<br>
<u>ചർച്ചാ സൂചകങ്ങൾ</u><br>
ഏതെല്ലാം രീതിയിലാണ് വിഭവങ്ങൾ ദുർവിനിയോഗം ചെയ്യപ്പെടുന്നത്?<br>
ഇതു കൊണ്ടുള്ള ദോഷഫലങ്ങൾ എന്തെല്ലാം?<br>
<u>ക്രോഡീകരണം</u><br>
മലിനീകരിക്കപ്പെടുന്ന വായു<br>
മലിനീകരിക്കപ്പെടുന്ന ജലം<br>
നശിപ്പിക്കപ്പെടുന്ന വനം<br>
ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമാകുന്ന ജന്തുജാലങ്ങൾ<br>
അപ്രത്യക്ഷമാകുന്ന ധാതുക്കൾ<br>
തുടർച്ചയായ ഉപയോഗം വിഭവങ്ങളുടെ ലഭ്യത കുറയ്ക്കുന്നു.മനുഷ്യന്റെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ വനപ്രദേശങ്ങൾ,കൃഷിഭൂമി, ഊർജ ഉറവിടങ്ങൾ എന്നിവയിൽ കനത്ത ആഘാതം സൃഷ്ടിച്ച് പരിസ്ഥിതി ദുർബലമാക്കുന്നു.ജലം ഇല്ലാതാകുന്നതോടുകൂടി ജീവൻ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കപ്പെടും.മണ്ണ് ഇല്ലാതാകുന്നതോടെ സസ്യങ്ങൾ നശിക്കും.പെട്രോളിയം,കൽക്കരി തുടങ്ങിയ ഇന്ധനങ്ങൾ ഇല്ലാതാകുന്നതോടു കൂടി ഗതാഗത -വ്യവസായ മേഖലയിൽ തകർച്ച ഉണ്ടാകും. വനം നശിക്കുന്നതിലൂടെ പരിസ്ഥതി സന്തുലനം തകരുകയും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ ഇല്ലാതാവുകയും ചെയ്യും.
</td><td></td></tr>
</table>

| | |
|---|---|
| ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>മണ്ണ്, ജലം, പെട്രോളിയം, വനം എന്നീ പ്രകൃതി വിഭവങ്ങൾ അപ്രത്യക്ഷമായാൽ എന്തു *സംഭവിക്കും ചർച്ച-*<br>**സൂചനകൾ**<br>ജലം പ്രകൃതിയിൽ നിന്നും അപ്രത്യക്ഷമായാൽ<br>മണ്ണ് ഭൂമിയിൽ ഇല്ലാതായാൽ<br>പെട്രോളിയം പൂർണ്ണമായി തീർന്നുപോയാൽ<br>വനം പ്രകൃതിയിൽ നിന്നും തുടച്ചുനീക്കപ്പെട്ടാൽ<br>**ക്രോഡീകരണം**<br>ജലം - ഭൂമിയിൽ നിന്നും ജീവൻ തുടച്ചുനീക്കപ്പെടും.<br>മണ്ണ് - സസ്യങ്ങൾ നശിക്കും. തുടർന്ന് ജന്തുജാലങ്ങളും<br>പെട്രോളിയം - ഗതാഗതവ്യാവസായിക മേഖലകളുടെ തകർച്ച.<br>വനം - പരിസ്ഥിതി സന്തുലനം ഇല്ലാതാകും. | |

**ആക്ടിവിറ്റി-4**
1.ഡിജിറ്റൽ ചിത്ര ആൽബം നിരീക്ഷണം-വിഭവ സംരക്ഷണത്തിനുള്ള മാർഗങ്ങൾ-ചർച്ച-കുറിപ്പ് തയ്യാറാക്കൽ
2.വർക്ക് ഷീറ്റ് സ്ലൈഡ് നിരീക്ഷണം-ബദൽ നിർദേശങ്ങൾ-പട്ടികപ്പെടുത്തൽ
**പ്രവർത്തനത്തിന്റെ പേര്**
വിഭവ സംരക്ഷണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തൽ
**പഠന നേട്ടം**
വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിവിധ മാർഗങ്ങൾ നിർദ്ദേശിക്കുന്നു.
**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**
വിഭവസംരക്ഷണം
.**സാമഗ്രികൾ**
ഡിജിറ്റൽ ചിത്ര ആൽബം

| **പഠനപ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
|---|---|
| <u>**പ്രവർത്തന ഘട്ടം 1**</u><br>വിഭവങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ ചർച്ച നടത്തുന്നു. ഇതിനായി പാഠഭാഗത്തിലെ ചിത്രങ്ങൾ ഡിജിറ്റലായി അവതരിപ്പിക്കുന്നു. ചിത്രത്തിലെ സന്ദർഭങ്ങൾ ചർച്ചാ സൂചകങ്ങളായി ഉപയോഗപ്പെടുത്തുന്നു.<br><u>**ചർച്ചാ സൂചകങ്ങൾ**</u><br>സൈക്കിളിൽ പോകുന്ന കുട്ടി<br>മരങ്ങൾ വച്ചു പിടിപ്പിക്കുന്നു<br>സൗരോർജ്ജ പാനലുകൾ,കാറ്റാടിയന്ത്രങ്ങൾ<br>പേപ്പർ ബാഗുകൾ<br><u>**ക്രോഡീകരണം**</u><br>ഇന്ധന ചെലവും അന്തരീക്ഷമലിനീകരണവും ഇല്ലാത്ത ഗതാഗതമാർഗ്ഗം<br>വനവൽക്കരണത്തിലൂടെ പരിസ്ഥിതി സന്തുലനം<br>പുനസ്ഥാപനശേഷിയുള്ള വിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെ പരമ്പരാഗത ഊർജ്ജ വിഭവസംരക്ഷണം | |

| | |
|---|---|
| പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം തടഞ്ഞ് പ്രകൃതിയെ സംരക്ഷിക്കുന്നു.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>വിഭവസംരക്ഷണവും ഇന്ത്യയിലെ നിയമങ്ങളും. ഈ മേഖലയിൽ വിദഗ്ദ്ധരായ ആരെയെങ്കിലും സഹായത്തോടെ ഒരു ക്ലാസ് സംഘടിപ്പിക്കുന്നു. തുടർന്ന് കുട്ടികൾ കുറിപ്പുകൾ തയ്യാറാക്കട്ടെ.<br>**പ്രവർത്തന ഘട്ടം 2**<br>പാഠഭാഗത്തിലെ വർക്ക് ഷീറ്റ് സ്ലൈഡായി അവതരിപ്പിക്കുന്നു. പട്ടികയിലെ കളങ്ങൾ അനുയോജ്യമായി യോജിപ്പിക്കാൻ ആവശ്യപ്പെടുന്നു.<br>**ക്രോഡീകരണം**<br>പൊതു ഗതാഗത മാർഗങ്ങൾ ഉപയോഗിക്കുക<br>അന്തരീക്ഷ മലിനീകരണമില്ലാത്ത ഇന്ധനങ്ങൾ ഉപയോഗിക്കുക<br>ശുദ്ധജലം പാഴാക്കാതിരിക്കുക<br>മഴവെള്ളക്കൊയ്ത്ത് പോലെയുള്ള ജലസംരക്ഷണ മാർഗങ്ങൾ സ്വീകരിക്കുക<br>നീർത്തടങ്ങൾ സംരക്ഷിക്കുക<br>വൈദ്യുത ഉപകരണങ്ങൾ ആവശ്യത്തിനു മാത്രം ഉപയോഗിക്കുക<br>പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ കൂടുതലായി ആശ്രയിക്കുക<br>വനനശീകരണം തടയുക<br>തരിശുഭൂമിയിൽ മരങ്ങൾ വച്ച് പിടിപ്പിക്കുക | |

**ആക്ടിവിറ്റി-5**

സുസ്ഥിരവികസനം വിവിധ പോസ്റ്ററുകളുടെ സ്ലൈഡ് പ്രദർശനം-ചർച്ച-കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനത്തിന്റെ പേര്**

സുസ്ഥിര വികസനത്തിനുള്ള വിവിധ മാർഗങ്ങൾ നിർദ്ദേശിക്കൽ

**പഠന നേട്ടം**

സുസ്ഥിര വികസനത്തിനായി കൂട്ടായും ഒറ്റയ്ക്കുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

**ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ**

സുസ്ഥിര വികസനം സാധ്യമാണ്.

**സാമഗ്രികൾ**

പോസ്റ്ററിന്റെ സ്ലൈഡ്

| പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| **പ്രവർത്തന ഘട്ടം 1**<br>സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ ചർച്ച നടത്തുന്നു. ഇതിനായി വിവിധപോസ്റ്ററുകളുടെ സ്ലൈഡുകൾ ഉപയോഗിക്കാവുന്നതാണ്.<br>ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ? എന്നു തുടങ്ങുന്ന ഗാനത്തിന്റെ ഓഡിയോ കേൾപ്പിക്കുന്നു. കുട്ടികൾ കൂട്ടായി ഏറ്റു ചൊല്ലുന്നു.<br>**ചർച്ചാ സൂചകങ്ങൾ**<br>1.എന്താണ് സുസ്ഥിര വികസനം? | |

| | |
|---|---|
| 2.സുസ്ഥിര വികസനത്തിലേക്ക് എത്തുന്നതിനുള്ള വിവിധ മാർഗങ്ങൾ ഏതെല്ലാം?<br>3.സുസ്ഥിര വികസനത്തിനായി നമ്മുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?<br>**ക്രോഡീകരണം**<br>വരും തലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശേഷിയിൽ കുറവു വരാതെതന്നെ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിര വികസനം<br>വിഭവങ്ങൾ പുന ചംക്രമണം ചെയ്യുക, അവയുടെ ഉപയോഗം കുറയ്ക്കുക, അവ പുനരുപയോഗിക്കുക<br>( എ)അടുക്കളയിൽ നിന്നുള്ള മലിനജലം ചെടികൾ നനയ്ക്കുന്നതിനായി ഉപയോഗിക്കുക.<br>(ബി)പൊതു സ്ഥലങ്ങളിൽ മരങ്ങൾ നട്ട് പിടിപ്പിക്കക.<br>(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം,കാറ്റിൽ നിന്നുള്ള ഊർജ്ജം എന്നിവ പരമാവധി ഉപയോഗിക്കക<br>(ഡ) മഴവെള്ള കൊയ്ത്തിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തക.<br>(ഇ) പ്ലാസ്റ്റിക് കവറുകൾക്ക പകരം തുണി സഞ്ചികൾ ഉപയോഗിക്കുക<br>(എഫ്)ലൈറ്റുകളും ഫാനുകളും ആവശ്യത്തിനു മാത്രം ഉപയോഗിക്കുക.<br>(ജി)ഗുണമേൻമയുള്ള വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുക.<br>(ഐ) സാധാരണ ബൾബുകൾക്കു പകരം എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കുക.<br>ക്രോഡീകരിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. | |